പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

# പഞ്ചായത്ത്‌രാജ്

പുസ്തകം 58 ലക്കം 3 ജൂൺ 2018

## വിജയത്തിന്റെ ബെല്ലടിച്ചു

### പൊതുവിദ്യാഭ്യാസം ഉയർച്ചയിൽ



**ലൈഫ്**
**വിജയകരമായി**
**രണ്ടാം ഘട്ടത്തിലേക്ക്**

**പകർച്ച**
**വ്യാധികൾ**
**പകരാതെ**
**കാത്തു**



'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ

നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'

# നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം

പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

# പഞ്ചായത്ത്‌രാജ്

ജൂൺ 2018

## അകത്ത്








പൊതുവിദ്യാലയങ്ങൾ മികവിലേക്ക്
പ്രൊഫ. സി. രവീന്ദ്രനാഥ് 5

പുതുചരിതമെഴുതി
മികവിന്റെ പാതയിലേക്ക്
എസ്. ഷാനവാസ് ഐ.എ.എസ് 10

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവും
പ്രാദേശിക സർക്കാരുകളും
ഡോ. സി. രാമകൃഷ്ണൻ 13

ലൈഫ് : വിജയകരമായി
രണ്ടാം ഘട്ടത്തിലേക്ക്
എസ്. ഹരികിഷോർ ഐ.എ.എസ് 19

നിപ പനി
ഡോ. ചിന്ത എസ്. 22

ഇടവപ്പാതിയിൽ നമ്മുടെ പാതി
ഡോ. രഹ്ന റഹ്മാൻ 25

പോളച്ചിറ - പ്രകൃതിയുടെ വരദാനം
ഡി. സുധീന്ദ്രബാബു 32

കുന്നുകളുടെ നാട്ടിൽ സുജലം - സുഫലം
കെ.ടി. രാജൻ 35


### പംക്തികൾ


വാർത്തകൾ വിശേഷങ്ങൾ 29
കില ന്യൂസ് 30
ഭൂതക്കണ്ണാടി 38
എന്ന് വായനക്കാർ... 42
കണ്ണും കാതും 42

ജൂൺ 2018
പുസ്തകം 58 ലക്കം 3
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

# പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

## എഡിറ്റോറിയൽ

# ശുചിത്വപാഠം പ്രവൃത്തിയാക്കാം

മണ്ണിനെയും മനസ്സിനെയും കുളിരിനാൽ നിറച്ചുകൊണ്ട് വീണ്ടുമൊരു മഴക്കാലം വിരുന്നിനെത്തി. വേനലിന്റെ അസഹനീയമായ ഉഷ്ണത്തിൽ നിന്നും മോചനമായി. നമ്മുടെ കുട്ടികളുടെ വിജ്ഞാനദാഹം ശമിപ്പിക്കാൻ അനന്തമായ അറിവിന്റെ ഇളനീരുമായി വിദ്യാലയങ്ങൾ ആതിഥേയരായി. ഈ അദ്ധ്യയനവർഷം ഒന്നരലക്ഷം കുട്ടികളാണ് കൂടുതലായി സർക്കാർ വിദ്യാലയങ്ങളിൽ പ്രവേശനം നേടിയത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം അതിന്റെ ലക്ഷ്യം കണ്ടു തുടങ്ങിയെന്നുള്ളതിന് വ്യക്തമായ തെളിവാണ് സർക്കാർ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്. വിദ്യ കച്ചവടം ചെയ്ത് നശിപ്പിക്കാനുള്ളതല്ല എന്ന മഹത് സന്ദേശമാണ് പൊതുജനസമൂഹം ഇതിലൂടെ പങ്കുവച്ചത്.

സർക്കാർ വിദ്യാലയങ്ങളിൽ ചേർക്കാൻ കുട്ടികളെ തേടി നടക്കേണ്ടുന്ന അവസ്ഥയ്ക്ക് മാറ്റം വന്നിരിക്കുന്നു. പ്രവേശനത്തിരക്കിൽ മുങ്ങിയിരിക്കുകയാണ് സർക്കാർ എൽ.പി.തലം മുതൽ ഹയർ സെക്കൻഡറി തലം വരെ. ഈ വിദ്യാലയങ്ങളിലെല്ലാം ഗുണനിലവാരമുള്ള വിദ്യാഭ്യാസമാണ് സർക്കാർ ഉറപ്പുവരുത്തിയിട്ടുള്ളത്. അതിനനുസരിച്ച് ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തിയിട്ടുണ്ട്. പൊതുവിദ്യാലയ വികസനത്തിനായുള്ള മാസ്റ്റർപ്ലാനുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒരുങ്ങുന്നുണ്ട്.

മഴക്കാലം ആരോഗ്യശ്രദ്ധയുടെ കാലം കൂടിയാണ്. ആർദ്രം മിഷന്റെ സജീവപ്രവർത്തനങ്ങളിലൂടെ ആരോഗ്യമേഖലയിൽ പുതിയൊരുണർവ്വ് സൃഷ്ടിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. മഴക്കാലമായതോടെ നമ്മെ ഭീതിയിലാഴ്ത്താൻ ശ്രമിച്ചുകൊണ്ട് പലതരം പനികളും പകർച്ചവ്യാധികളും തലപൊക്കിത്തുടങ്ങി. പുതിയ തരം വൈറസുകൾ മനുഷ്യവംശത്തിനു തന്നെ ഭീഷണിയുയർത്തി കൊണ്ട് രംഗത്തെത്തുകയുണ്ടായി. അവയുടെ ഉറവിടം കണ്ടെത്താനുള്ള ആരോഗ്യ വകുപ്പിന്റെ ശ്രമങ്ങൾ ഊർജ്ജിതമായി നടക്കുന്നുണ്ട്. സർക്കാരിന്റെ സമയോചിതവും ഫലപ്രദവുമായ ഇടപെടൽ കൊണ്ട് ഈ രോഗങ്ങളെയെല്ലാം നിയന്ത്രണവിധേയമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ആരോഗ്യവകുപ്പിന്റെ തീവ്രശ്രമം കൊണ്ടു മാത്രമാണ് ഇതിനു സാധിച്ചിട്ടുള്ളത്.

പകർച്ചവ്യാധികളെ നേരിടുവാൻ സർക്കാരിന്റെ മുൻകൈയിൽ ഫലപ്രദമായ പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഈ പ്രവർത്തനങ്ങളെ ഏറ്റെടുക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും എല്ലാ തദ്ദേശസ്വയംഭരണ നേതൃത്വങ്ങളും ജീവനക്കാരും ഏകമനസ്സോടെ ഉണർന്നു പ്രവർത്തിക്കണം. എങ്കിൽമാത്രമേ ഈ രോഗങ്ങളെ പൂർണ്ണമായും തുടച്ചുനീക്കി ആരോഗ്യകേരളം കെട്ടിപ്പടുക്കാൻ കഴിയൂ. അതിനുവേണ്ടിയുള്ള പരിപാടികൾ ഊർജ്ജിതമായി നടപ്പിലാക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇക്കാര്യത്തിൽ പ്രാദേശിക സർക്കാരുകൾക്ക് പരിപൂർണ്ണ പിന്തുണയുമായി എല്ലാവിധ സർക്കാർ സംവിധാനങ്ങളും സജ്ജമായിട്ടുണ്ട്. ഈ മഴക്കാലം രോഗവിമുക്തവും ആരോഗ്യപൂർണ്ണവുമാകട്ടെ.

**പി.മേരിക്കുട്ടി ഐ.എ.എസ്**

**വിദ്യാഭ്യാസം സമൃദ്ധിയിൽ ഒരാഭരണവും ആപത്തിൽ ഒരാശ്രയവുമാണ്**

**-അരിസ്റ്റോട്ടിൽ**

ഉപദേശക സമിതി

ചെയർമാൻ
**ഡോ. കെ.ടി. ജലീൽ**
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ് ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
ടി.വി. സുബാഷ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
കെ.ആർ. അജയൻ
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
പി.മേരിക്കുട്ടി ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
പി.മേരിക്കുട്ടി ഐ.എ.എസ്
Email: directorofpanchayat@gmail.com
Tel: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2015@gmail.com
ഫോൺ: 0471 2321280
മൊബൈൽ: 9496047036

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തര വാദിത്തമില്ല.

# പൊതുവിദ്യാലയങ്ങൾ മികവിലേക്ക്

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിജയപാതയിൽ

**പ്രൊഫ. സി. രവീന്ദ്രനാഥ്**
വിദ്യാഭ്യാസ വകുപ്പ് മന്ത്രി



പൊതുവിദ്യാഭ്യാസരംഗം അടുത്തകാലത്തൊന്നും കാണാത്ത വിധം പൊതുസമൂഹ പങ്കാളിത്തത്തോടെ മെച്ചപ്പെട്ടുകയാണ്. വലിയ ആത്മവിശ്വാസം ഈ രംഗത്ത് പ്രകടമാണ്. കേരളത്തിന്റെ സവിശേഷതയായി അറിയപ്പെടുന്ന മതനിരപേക്ഷതയും സഹിഷ്ണുതയും ഉൾപ്പെടെയുള്ള ജനാധിപത്യബോധം ഉള്ളവരാക്കി നമ്മെ മാറ്റിയത് നമ്മുടെ പൊതുവിദ്യാലയങ്ങളാണ്. സർക്കാർ പൊതുവിദ്യാലയങ്ങളെ മെച്ചപ്പെടുത്തുന്ന എന്ന പ്രഖ്യാപിച്ചപ്പോൾ വലിയ ജനപിന്തുണ അതിന് ലഭിച്ചു. സമൂഹമൊന്നാകെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ അണിചേരുന്നതാണ് പിന്നീട് കണ്ടത്. ആദ്യഘട്ടത്തിൽ നടന്ന വിദ്യാലയ വികസന സമിതിയോഗങ്ങളിലെല്ലാം വലിയ തോതിൽ സമൂഹം എത്തിച്ചേർന്നു. വിദ്യാലയ വികസനത്തിനായി എല്ലാ അർത്ഥത്തിലും പങ്കാളികളാകാൻ അവർ തയ്യാറായി. അണിഞ്ഞിരുന്ന ആഭരണങ്ങൾ യോഗ സ്ഥലത്തു വച്ചു തന്നെ സംഭാവനയായി നൽകിയ അനുഭവവും ഉണ്ടായി. വസ്തുക്കളായും തുകയായും കഴിയാവുന്ന തരത്തിലെല്ലാം സ്കൂൾവികസനത്തിനായി നൽകാൻ മുന്നോട്ടു വന്നു. കൂടാതെ സ്വന്തം കുട്ടികളെ സ്വകാര്യ അൺഎയ്ഡഡ്/സി.ബി.എ-സ്.ഇ വിദ്യാലയങ്ങളിൽ നിന്നും പൊതുവിദ്യാലയങ്ങളിലേക്ക് മാറ്റി ചേർക്കാൻ തയ്യാറായി മുന്നോട്ടു വരുന്നതാണ് പിന്നീട് കണ്ടത്. ഒന്നര ലക്ഷത്തിനടുത്ത് കുട്ടികൾ മുൻ അക്കാദമിക വർഷത്തേക്കാൾ അധികമായി 1 മുതൽ 10 വരെ ക്ലാസുകളിൽ 2017-18 വർഷം എത്തിച്ചേർന്നു. അതേ പ്രവണത തന്നെയാണ് ഈ വർഷവും പ്രതീക്ഷിക്കുന്നത്. 'നിപ' കാരണത്താൽ കോഴിക്കോട്, മലപ്പുറം, തലശ്ശേരി വിദ്യാഭ്യാസ ജില്ലകളിൽ സ്കൂളുകൾ തുറക്കാത്തതിനാൽ ഈ മാസാവസാനം വരെ ഈ അക്കാദമിക വർഷത്തെ അഡ്മിഷൻ പുരോഗതി അറിയാൻ കാത്തിരിക്കേണ്ടി വരും.

പൊതുവിദ്യാഭ്യാസത്തെ മികച്ച നിലയിൽ മുന്നോട്ടു കൊണ്ടുപോകുന്നതിൽ അതിനിർണ്ണായകമായ പങ്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. വിദ്യാഭ്യാസം എന്നത് വിവിധ തലങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടതാണ്. അതുകൊണ്ട് തന്നെ അക്കാദമികമായും ഭൗതിക സൗകര്യ വികസനകാര്യത്തിലും തദ്ദേശഭരണ സ്ഥാപന

പൊതു വിദ്യാഭ്യാസത്തെ മികച്ച നിലയിൽ മുന്നോട്ടു കൊണ്ടുപോകുന്നതിൽ അതിനിർണ്ണായകമായ പങ്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. വിദ്യാഭ്യാസം എന്നത് വിവിധ തലങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടതാണ്.

ങ്ങൾക്ക് അതിനിർണ്ണായകമായ ഉത്തരവാദിത്തമുണ്ട്. തദ്ദേശഭരണ സംവിധാനങ്ങളുടെ കൂടി പിൻബലത്തോടെയാണ് ഇപ്പോൾ നടത്തിയ മുന്നേറ്റങ്ങൾ. എം.എൽ.എ മാരും മറ്റു ജനപ്രതിനിധികളും അതിനിർണ്ണായകമായ ഇടപെടൽ നടത്തുന്നുണ്ട്.

പരീക്ഷയിൽ നല്ല വിജയം നേടുക എന്നതു മാത്രമല്ല വിദ്യാഭ്യാസത്തിന്റെ ധർമ്മം. ജീവിതത്തെ ആത്മവിശ്വാസത്തോടെ അഭിമുഖീകരിക്കാനുള്ള പരിശീലന കളരി കൂടിയാണ് വിദ്യാഭ്യാസം. പ്രത്യേകിച്ചും സ്കൂൾ വിദ്യാഭ്യാസം. നല്ല മനുഷ്യരായി മാറുക എന്നതാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. അറിവിന് അതിനിർണ്ണായകമായ പ്രാധാന്യം ഉള്ള ഒരു ലോകക്രമമാണിത്. അറിവാർജ്ജിക്കുക എന്നത് അതു കൊണ്ടുതന്നെ പരമപ്രധാനമാണ്. അതോടൊപ്പം പ്രധാനമാണ് പ്രതിസന്ധി ഘട്ടങ്ങളെ ആത്മവിശ്വാസത്തോടെ തരണം ചെയ്യാനാവശ്യമായ കഴിവ് ആർജ്ജിക്കുക എന്നതും. കൂടാതെ സഹവർത്തിത്വത്തിന്റെയും സഹകരണത്തിന്റെയും മൂല്യബോധം കുട്ടികളിൽ ഉളവാക്കുകയും വേണം. ഇതിനെല്ലാം ഉള്ള പരിശീലന കളരിയാണ് പൊതു വിദ്യാലയങ്ങൾ. വ്യത്യസ്ത മതത്തിലും ജാതിയിലും പെട്ടവരും വിവിധങ്ങളായ ആചാരങ്ങളും അനുഷ്ഠാനങ്ങളും വിശ്വാസ പ്രമാണങ്ങളും പുലർത്തുന്നവരും വ്യത്യസ്തങ്ങളായ സാമ്പത്തിക സാമൂഹ്യ പശ്ചാത്തലത്തിലുള്ളവരും എല്ലാം ചേർന്ന സമൂഹത്തിന്റെ നാട്ടിലെ പതിപ്പാണ് പൊതു വിദ്യാലയങ്ങൾ.

ഇന്നത്തെ കുട്ടികൾ വളർന്ന് മുതിർന്നവരാകുമ്പോൾ പ്രസ്തുത സമൂഹത്തിൽ അഭിമാനത്തോടെ തൊഴിൽ ചെയ്ത് ജീവിക്കാൻ ആവശ്യമായ അറിവും കഴിവും നൈപുണ്യവും എല്ലാം നേടേണ്ടത് പഠിക്കുന്ന ഘട്ടത്തിൽ വിദ്യാലയങ്ങളിൽ നിന്നാണ്.

പൊതു വിദ്യാലയങ്ങളിൽ എത്തിച്ചേർന്ന കുട്ടികൾക്ക് തുല്യതയിലും നീതിയിലും അധിഷ്ഠിതമായതും ഗുണതയുള്ളതുമായ വിദ്യാഭ്യാസം ഒരുക്കാൻ സർക്കാർ ഒട്ടേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്നതാണ് നമ്മുടെ കാഴ്ചപ്പാട്. ഗുണമേന്മ എന്നാൽ അക്കാദമിക ഗുണമേന്മയാണ്. അക്കാദമിക ഗുണമേന്മയുടെ വികസനത്തിന് പഠനപരിസരങ്ങളുടെയും ഭൗതികസൗകര്യങ്ങളുടെയും ഗുണമേന്മ മെച്ചപ്പെടുത്തേണ്ടതുണ്ട്. സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളുടെയും ഭൗതിക സൗകര്യ വികസനം സർക്കാർ ലക്ഷ്യമിടുന്നു. ആദ്യപടി എന്ന നിലയിൽ 208 വിദ്യാലയങ്ങളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു.

500നു മേൽ കുട്ടികൾ പഠിക്കുന്ന സർക്കാർ വിദ്യാലയങ്ങൾക്ക് 50 ലക്ഷം മുതൽ 1 കോടി രൂപ വരെ ഈ ബഡ്ജറ്റിൽ ഭൗതികസൗകര്യ വികസനത്തിനായി പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ 200 വർഷത്തിലേറെ പഴക്കമുള്ള വിദ്യാലയങ്ങൾ, കുട്ടികൾ ഏറെയില്ലാത്ത വിദ്യാലയങ്ങൾ എന്നിവയ്ക്കായി 2018-19 വർഷ ബഡ്ജറ്റിൽ 170 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

എയ്ഡഡ് വിദ്യാലയങ്ങളുടെയും ഭൗതിക സൗകര്യ വികസനം സർക്കാർ ലക്ഷ്യമിടുന്നു. ഇതിനായി ചലഞ്ച് ഫണ്ട് എന്ന ഒരു സ്കീം തയ്യാറാക്കിയിട്ടുണ്ട്. നിബന്ധനകൾക്കു വിധേയമായി എയ്ഡഡ് മാനേജ്മെന്റ് എത്ര തുക ഭൗതിക സൗകര്യവികസനത്തിന് നിക്ഷേപിക്കുന്നുവോ അതിനായി മാച്ചിങ്ങ് ഗ്രാന്റ് എന്ന നിലയിൽ കൂടിയാൽ ഒരു കോടി രൂപ വരെ സർക്കാരും നൽകുന്നതാണ് ഈ സ്കീം.

വിവരവിനിമയത്തിലും വിജ്ഞാനോത്പാദനത്തിലും ആധുനിക സാങ്കേതികവിദ്യ നിർണ്ണായകമായി സ്വാധീനിക്കുന്ന ഒരു ലോക ക്രമമാണിന്നുള്ളത്. വൈജ്ഞാനിക ലോകത്തിലെ മുന്നേറ്റങ്ങൾ ധനിക ദരിദ്ര വ്യത്യാസമില്ലാതെ നമ്മുടെ കുട്ടികൾക്കും അനുഭവവേദ്യമാകണം. നമ്മുടെ കുട്ടികൾക്കും ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ വിരൽത്തുമ്പത്ത് ഉറപ്പാക്കാൻ കഴിയണം. മാത്രമല്ല, പഠനപ്രക്രിയയിൽ സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ കൂടുതലായി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഇതിന് കഴി



പരീക്ഷയിൽ നല്ല വിജയം നേടുക എന്നതു മാത്രമല്ല വിദ്യാഭ്യാസത്തിന്റെ ധർമ്മം. ജീവിതത്തെ ആത്മവിശ്വാസത്തോടെ അഭിമുഖീകരിക്കാനുള്ള പരിശീലന കളരി കൂടിയാണ് വിദ്യാഭ്യാസം.പ്രത്യേകിച്ചും സ്കൂൾ വിദ്യാഭ്യാസം.

യുംവിധം 8 മുതൽ 12 വരെയുള്ള മുഴുവൻ പൊതുവിദ്യാലയ ക്ലാസ് മുറികളും സാങ്കേതിക വിദ്യാസൗഹൃദ ക്ലാസ് മുറികളാക്കി മാറ്റാനുള്ള നടപടികൾ കൈക്കൊണ്ടു. ആകെ 45000 ക്ലാസുമുറികളാണ് ഉള്ളത്. അതിൽ 39000 ക്ലാസ് മുറികൾ ജൂൺ അവസാനത്തോടെ ഹൈടെക് ആയിമാറും. സാങ്കേതികവിദ്യ ഉപകരണങ്ങൾ സ്ഥാപിക്കാനാവശ്യമായ അടച്ചുറപ്പും മിനിമം സൗകര്യങ്ങളും ഒരുക്കാൻ ബാക്കിയുള്ളതാണ് ശേഷിക്കുന്ന 6000 ക്ലാസ് മുറികൾ. ഈ ക്ലാസ് മുറികളത്രയും ഹൈടെക് ആക്കി മാറ്റാനുള്ള സൗകര്യങ്ങൾ ഒരുക്കാൻ സർക്കാർ വിദ്യാലയങ്ങളിൽ നേരിട്ടും എയ്ഡഡ് വിദ്യാലയങ്ങളിൽ സമൂഹത്തെ സജ്ജമാക്കിയും ചെയ്യാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കഴിയേണ്ടതുണ്ട്.

എല്ലാ സർക്കാർ പ്രൈമറി വിദ്യാലയങ്ങളിലും ഈ വർഷം കമ്പ്യൂട്ടർ ലാബ് എന്നത് ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഇങ്ങനെ ക്ലാസ് മുറികൾ സാങ്കേതികവിദ്യാസൗഹൃദമായാൽ മാത്രം പോര, അവയെ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ അധ്യാപകരെ സജ്ജമാക്കണം. ഇതിനായി സ്കൂൾതല ആസൂത്രണത്തിനും അധ്യാപകരെ സഹായിക്കാനും പഠനവസ്തുതകൾ കുട്ടികളിലേക്ക് എത്തിക്കുന്നതിനും ആവശ്യമായ ഘട്ടങ്ങളിൽ ഇ-റിസോഴ്സ് പ്രയോജനപ്പെടുത്തുന്നതിനും സമഗ്രവിഭവ പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി മെയ് 31 ന് നിർവ്വഹിച്ചു. സാങ്കേതിക വിദ്യ എങ്ങനെ ഫലപ്രദമായി വിനിയോഗിക്കാം എന്നത് സംബന്ധിച്ച് വിശദമായ പരിശീലനം ഈ വേനലവധിക്കാലത്ത് മുഴുവൻ അധ്യാപകർക്കും നൽകുകയുണ്ടായി.



പാഠപുസ്തകങ്ങൾ കൃത്യസമയത്ത് ലഭിക്കുന്നില്ല എന്ന പരാതി എല്ലാ കാലത്തും ഉണ്ടായിരുന്ന ഒന്നാണ്. ഈ പരാതിക്കു പരിഹാരം കാണുവാൻ ഈ വർഷം സാധിച്ചു. വേനലവധിക്കാലത്തു തന്നെ പാഠപുസ്തകങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കി. കഴിഞ്ഞ അക്കാദമിക വർഷത്തെ അവസാന പരീക്ഷ കഴിഞ്ഞ് വേനലവധിക്കായി വീടുകളിലേക്ക് മടങ്ങുന്ന കുട്ടികളുടെ കൈയിൽ അടുത്ത ക്ലാസിലെ പുസ്തകങ്ങൾ നൽകിയാണ് വീട്ടിലേക്കയച്ചത്.

സ്കൂൾ തുറക്കുന്ന ദിവസം പുതുവസ്ത്രങ്ങൾ അണിഞ്ഞുവരാൻ കഴിയുംവിധം കൈത്തറി യൂണിഫോം വിതരണം അവധിക്കാലത്തു നടത്തി. നമ്മുടെ നാടിന്റെ തൊഴിൽശേഷിയെയും തൊഴിൽ സാധ്യതയെയും കുട്ടികളുടെ യൂണിഫോം നെയ്യുന്നതിന് വിനിയോഗിച്ചു. ഒരു പുതിയ തൊഴിൽ സാധ്യത വികസിപ്പിച്ചെടുക്കാൻ കഴിഞ്ഞു. നമ്മുടെ കുട്ടികൾക്കെല്ലാം യൂണിഫോം നെയ്ത് നൽകണമെങ്കിൽ ഈ രംഗത്ത് കുറെ കൂടി പേർ തൊഴിൽ ചെയ്യാനായി തയ്യാറായി വരേണ്ടതുണ്ട്. കുറേയേറെ പേർക്ക് തൊഴിൽ നൽകാൻ കഴിയും വിധം ഈ രംഗത്തെ വികസിപ്പിച്ചെടുക്കുവാൻ നമുക്ക് കഴിയണം.

വിദ്യാലയമികവെന്നാൽ അക്കാദമിക മികവാണ്. അക്കാദമിക മുന്നേറ്റത്തിനായി കുറെയേറെ ശ്രമങ്ങൾ കഴിഞ്ഞ വർഷം നടത്തിയിട്ടുണ്ട്. അത് കുറെകൂടി ചിട്ടപ്പെടുത്താനും വ്യവസ്ഥാപിതമാക്കുവാനും സഹായകമാകും വിധം എല്ലാ സ്കൂളുകളും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിലെ മുഴുവൻ വിദ്യാലയങ്ങളും വളരെ ഗൗരവത്തോടെ ഈ പ്രവർത്തനം ഏറ്റെടുത്തു. ഇങ്ങനെ തയ്യാറാക്കിയ അക്കാദമിക മാസ്റ്റർപ്ലാനിനെ പ്രായോഗിക ആക്ഷൻപ്ലാനുകളാക്കി കൃത്യപ്പെടുത്തുക എന്നതും അതനുസരിച്ച് ഈ അക്കാദമിക വർഷത്തെ പ്രവർത്തനങ്ങൾ ക്രമീകരിക്കുക എന്നതുമാണ് നമ്മുടെ മുന്നിലെ പ്രധാന വെല്ലുവിളി. ഈ വെല്ലുവിളി മുഴുവൻ സ്കൂളുകളും ഏറ്റെടുക്കേണ്ടതുണ്ട്. ജനപ്രതിനിധികൾ, അധ്യാപകരക്ഷകർതൃസമിതി, സ്കൂൾ പുരോഗതിയിൽ താല്പര്യമുള്ള വ്യക്തികൾ എന്നിവരുടെയെല്ലാം സഹകരണത്തോടെ ആക്ഷൻ പ്ലാൻ ചിട്ടപ്പെടുത്തണം. ഇങ്ങനെ ചിട്ടപ്പെടുത്തുന്ന ആക്ഷൻ പ്ലാനിനനുസരിച്ച് സ്കൂളിലെ കരിക്കുലം പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തണം. സ്കൂളുകൾ തയ്യാറാക്കിയ പ്രായോഗിക പദ്ധതിക്കനുസൃതമായാണ് സ്കൂളിലെ അക്കാദമിക പ്രവർത്തനങ്ങൾ നടത്തുന്നത്

**പാഠപുസ്തകങ്ങൾ കൃത്യസമയത്ത് ലഭിക്കുന്നില്ല എന്ന പരാതി എല്ലാ കാലത്തും ഉണ്ടായിരുന്ന ഒന്നാണ്. ഈ പരാതിക്കു പരിഹാരം കാണുവാൻ ഈ വർഷം സാധിച്ചു. വേനലവധിക്കാലത്തു തന്നെ പാഠപുസ്തകങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കി.**

> പഠിക്കുന്ന വിഷയങ്ങളിൽ 'എ പ്ലസ്' എന്നതാണ് മികവായി നാം കാണുന്നത്. ഇതു മാത്രമല്ല മികവെന്ന് സമൂഹത്തെ നിരന്തരം ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കണം. ജീവിതത്തിൽ 'എ പ്ലസ്' നേടുക കൂടി മികവായി പരിഗണിക്കണം.

എന്ന് വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ ഇനിയങ്ങോട്ട് മോണിറ്റർ ചെയ്യും.

മികവിനെക്കുറിച്ച് നിലനിൽക്കുന്ന ധാരണയിൽ ഒട്ടേറെ പരിപ്രവർത്തനങ്ങൾ ആവശ്യമാണ്. പഠിക്കുന്ന വിഷയങ്ങളിൽ 'എ പ്ലസ്' എന്നതാണ് മികവായി നാം കാണുന്നത്. ഇതു മാത്രമല്ല മികവെന്ന് സമൂഹത്തെ നിരന്തരം ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കണം. ജീവിതത്തിൽ 'എ പ്ലസ്' നേടുക കൂടി മികവായി പരിഗണിക്കണം. ജീവിതത്തിൽ നേരിടുന്ന വൈവിദ്ധ്യമാർന്ന പ്രശ്ന സന്ദർഭങ്ങൾ പതറാതെ ആത്മവിശ്വാസത്തോടെ അഭിമുഖീകരിക്കുക എന്നതും മികവാണ്. സാങ്കേതികവിദ്യാ സാധ്യതകളിൽ ഒളിച്ചിരിക്കുന്ന അപകടങ്ങളെ തിരിച്ചറിഞ്ഞ് വിവേകത്തോടെ പ്രസ്തുത സങ്കേതങ്ങൾ പ്രയോജനപ്പെടുത്തുക എങ്ങനെയെന്നുള്ള തിരിച്ചറിവും കുട്ടികളുടെ മികവിന്റെ ഭാഗമാണ്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി മുന്നോട്ടുവച്ച ഒരാശയമാണ് ടാലന്റ് ലാബ്. ഓരോ കുട്ടിയുടെയും കഴിവിനെ അഥവാ പ്രതിഭയെ കണ്ടെത്താനും അത് ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും കഴിയണം എന്ന് നാം ആഗ്രഹിക്കുന്നു. പ്രതിഭയെന്നാൽ നിലവിൽ പഠിക്കുന്ന വിഷയമേഖലകളിൽ മാത്രം ഉയർന്ന ഗ്രേഡ് നേടുക എന്നതല്ല. കുട്ടികളിൽ അന്തർലീനമായ വൈവിധ്യമാർന്ന കഴിവുകളെ കണ്ടെത്തലും അതിനെ ഏറ്റവും ഉയർന്ന തലത്തിലേക്ക് വളരാനുള്ള സൗകര്യമൊരുക്കലുമാണ്. എല്ലാ കഴിവുകളും കഴിവുകളാണെന്ന് നാം തിരിച്ചറിയണം. ഇങ്ങനെയുള്ള പ്രതിഭാപരിപോഷണത്തിന് നാട്ടിലുള്ള മുഴുവൻ വൈദഗ്ധ്യങ്ങളെയും ഏകോപിപ്പിക്കാൻ കഴിയണം. കേവലം അധ്യാപകരെ പ്രയോജനപ്പെടുത്തി മാത്രം നമുക്ക് അഭിമുഖീകരിക്കാവുന്ന ഒന്നല്ല ടാലന്റ് ലാബ് എന്ന സങ്കേതം, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അതിനിർണ്ണായകമായ ഒരു പങ്ക് ഇക്കാര്യത്തിൽ വഹിക്കാനുണ്ട്.

ലോകം വളരെ ഗൗരവമായി ചർച്ച ചെയ്യുന്ന ഒരു കാര്യമാണ് ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും. നമ്മുടെ കാലാവസ്ഥയിൽ വലിയ മാറ്റം കണ്ടു തുടങ്ങിയിട്ടുണ്ട്. അതുകൊണ്ടുതന്നെ പരിസ്ഥിതി അവബോധം കുട്ടികളിലുണ്ടാക്കുക എന്നത് പരമപ്രധാനമാണ്. അനുഭവാധിഷ്ഠിത പഠനത്തിലൂടെ മാത്രമേ ഇതുൾക്കൊള്ളാൻ കുട്ടികൾക്ക് കഴിയൂ. നമ്മുടെ നാട്ടിലെ മാലിന്യപ്രശ്നങ്ങളും അതിനെ ഫലപ്രദമായി എങ്ങനെ പ്രയോജനപ്പെടുത്താം എന്നതും വളരെ പ്രധാനമാണ്. ഇതിനായുള്ള കൃത്യമായ രൂപരേഖയുണ്ടാക്കണം. ഹരിതകേരളം മിഷനുമായി കൂടിചേർന്ന് ഇതിനായുള്ള പ്രവർത്തനങ്ങൾ ആരംഭിക്കണം. മാലിന്യസംസ്കരണം, പ്ലാസ്റ്റിക് രഹിത ക്യാമ്പസ്, കൃഷി ഇവയെല്ലാം പരസ്പരപൂരകമാണെന്ന് കുട്ടികൾക്ക് ഉൾക്കൊ



ള്ളാവുന്ന പ്രയോഗശാലയായി മുഴുവൻ സ്കൂൾ ക്യാമ്പസ്സുകളും മാറണം. ജൈവവൈവിധ്യ ഉദ്യാനങ്ങളുടെ പ്രസക്തി ഇവിടെയാണ്. പാഠപുസ്തകത്തിനപ്പുറം ഒരു ലോകമുണ്ടെന്നും പ്രകൃതി തന്നെ ഏറ്റവും നല്ല പാഠപുസ്തകമാണെന്നും പ്രയോഗത്തിലൂടെ കുട്ടി ഉൾക്കൊള്ളണം. ഇതിനെല്ലാം ആവശ്യമായ പ്രവർത്തനങ്ങളുടെ നേതൃത്വം നൽകാൻ കഴിയുക തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ്.

നാം കൂട്ടായി നേരിടേണ്ട മറ്റൊരു വിപത്താണ് വർദ്ധിച്ചുവരുന്ന ലഹരിയുടെ വിനിയോഗം. കുട്ടികളുടെ ഇടയിൽ ലഹരി ഉപയോഗം കൂടി വരുന്നതായി പലരും അഭിപ്രായപ്പെടുന്നുണ്ട്. ഇതിൽ വസ്തുതയുണ്ടോ എന്നും പരിശോധിക്കപ്പെടണം. പക്ഷെ ലഹരി വസ്തുക്കളുടെ ലഭ്യത നാട്ടിൽ കൂടിവരുന്നു എന്നത് ഒരു വസ്തുതയാണ്. ലഹരിക്കെതിരായ മനോഭാവം കുട്ടികളിൽ വികസിപ്പിക്കാൻ ഉതകുന്ന ജനകീയ ക്യാമ്പയിൻ ഈ വർഷം ആരംഭിക്കാൻ കഴിയണം. തദ്ദേശഭരണ സ്ഥാപനങ്ങൾക്കാകണം ഈ ക്യാമ്പയിന്റെ നേതൃത്വം.

ഉച്ചഭക്ഷണ പദ്ധതി കാര്യക്ഷമമാക്കൽ, സ്കൂൾ ക്യാമ്പസ്സിൽ കുട്ടികൾക്ക് ആവശ്യത്തിന് മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം എന്നിവ ഉണ്ട് എന്ന് ഉറപ്പാക്കൽ, ഉള്ളവ ഉപയോഗയോഗ്യമെന്ന് ഉറപ്പുവരുത്തൽ ഇവയെല്ലാം മോണിറ്റർ ചെയ്യാൻ ഏറ്റവും നന്നായി സാധിക്കുക തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ്. ഉച്ചഭക്ഷണത്തിനായി നല്ലൊരു അടുക്കളയും ഇരുന്നു കഴിക്കാനുള്ള ഭക്ഷണപ്പുരയും ഇന്നിന്റെ ആവശ്യമാണ്. ഇങ്ങനെയുള്ള ഒട്ടേറെ ആവശ്യകതകൾ പരിശോധിക്കാനും പരിഗണിക്കുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയണം.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഒന്നാം വർഷം സൂക്ഷ്മതലത്തിലും സ്ഥൂലതലത്തിലുമുള്ള പ്രശ്നങ്ങളെ കണ്ടെത്തുകയായിരുന്നു. കണ്ടെത്തിയ പ്രശ്നങ്ങളെ ക്രമപ്പെടുത്തുവാനും ഓരോ സ്ഥാപനതലത്തിലും എങ്ങനെ പരിഹരിക്കാമെന്ന അന്വേഷണവും അതിനായുള്ള ആസൂത്രണരേഖയും നാം രണ്ടാംവർഷം തയ്യാറാക്കി. ഈ അക്കാദമിക വർഷം പ്രയോഗത്തിന്റേതാണ്. അതിനായുള്ള ആക്ഷൻപ്ലാൻ രൂപീകരണവും ഗുണമേന്മയുള്ള പ്രായോഗിക പദ്ധതികളും ഒരുമിച്ച് നടക്കണം. ഇതിനായി ഈ അക്കാദമിക വർഷത്തെ മികവിന്റെ വർഷമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുവരെ നാം നേടിയ നേട്ടങ്ങൾക്ക് സ്ഥായിത്വം നൽകാനുള്ള പ്രവർത്തനവും ഇനിയങ്ങോട്ട് നടപ്പാക്കുന്ന പദ്ധതികളിൽ അന്തർലീനമായുണ്ടാകണം. നാട്ടുകാരും സ്കൂൾസമൂഹവും ജനപ്രതിനിധികളും എല്ലാം ചേർന്ന് നടത്തുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പ്രവർത്തനങ്ങളിൽ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തനത് അനുഭവമാതൃകകൾ വികസിപ്പിക്കുമെന്ന് പ്രത്യാശിക്കുന്നു.

**നാം നേടിയ നേട്ടങ്ങൾക്ക് സ്ഥായിത്വം നൽകാനുള്ള പ്രവർത്തനവും ഇനിയങ്ങോട്ട് നടപ്പാക്കുന്ന പദ്ധതികളിൽ അന്തർലീനമായുണ്ടാകണം. നാട്ടുകാരും സ്കൂൾസമൂഹവും ജനപ്രതിനിധികളും എല്ലാം ചേർന്ന് നടത്തുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പ്രവർത്തനങ്ങളിൽ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തനത് അനുഭവമാതൃകകൾ വികസിപ്പിക്കുമെന്ന് പ്രത്യാശിക്കുന്നു.**



പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

# പുതുചരിതമെഴുതി മികവിന്റെ പാതയിലേക്ക്

**എസ്. ഷാനവാസ് ഐ.എ.എസ്**

വിദ്യാഭ്യാസത്തെ ജനകീയ ജനാധിപത്യ ഇടപെടൽ വേദിയാക്കി മാറ്റി എന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിദ്യാഭ്യാസ ചരിത്രത്തിൽ എഴുതിച്ചേർത്ത പുതിയ അദ്ധ്യായം.

കാൽനൂറ്റാണ്ട് കാലത്തെ ചരിത്രം തിരുത്തി എഴുതിക്കൊണ്ടാണ് ഈ അക്കാദമിക വർഷം ആരംഭിച്ചത്. പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ പ്രവേശനഗ്രാഫ് ഇരുപത്തിയഞ്ച് വർഷത്തിന് ശേഷം ആദ്യമായി ഉയർന്നിരിക്കുന്നു. പൊതുവിദ്യാഭ്യാസ പ്രവർത്തകർക്കും പൊതു വിദ്യാഭ്യാസത്തെ സ്നേഹിക്കുന്ന അഭ്യുദയകാംക്ഷികൾക്കും അഭിമാനിക്കാവുന്ന ഈ നേട്ടം കൈവരിച്ചതിന് പിന്നിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കിയ പ്രവർത്തനങ്ങളും ചിട്ടപ്പെടുത്തലുകളുമാണ്. സർക്കാരിന്റെ സദുദ്ദേശത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് അദ്ധ്യാപകരും രക്ഷിതാക്കളും പൂർവവിദ്യാർത്ഥികളും ബഹുജനങ്ങളും നൽകി യ കലവറയില്ലാത്ത പിന്തുണയാണ് അസൂയാവഹമായ ഈ നേട്ടം യാഥാർത്ഥ്യമാക്കിയത്.



പ്രീസ്കൂൾ മുതൽ പ്ലസ് ടു വരെയുള്ള വിദ്യാഭ്യാസക്കാലത്തെ ഒന്നായിക്കണ്ടുകൊണ്ടുള്ള വികസനപ്രവർത്തനങ്ങളാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം മുന്നോട്ടുവെച്ചത്. അക്കാദമികവും ഭൗതികവും ആയ വികസനം ലക്ഷ്യം വച്ചുകൊണ്ട് ബഹുമുഖ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തപ്പോൾ കേരളീയ സമൂഹം ഇരുകൈകളും നീട്ടി അവ സ്വീകരിച്ചു. വിദ്യാഭ്യാസത്തെ ജനകീയ ജനാധിപത്യ ഇടപെടൽ വേദിയാക്കി മാറ്റി എന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിദ്യാഭ്യാസ ചരിത്രത്തിൽ എഴുതിച്ചേർത്ത പുതിയ അദ്ധ്യായം.

ഭൗതിക സൗകര്യ വികസനത്തിന് വ്യത്യസ്തങ്ങളായ പദ്ധതികൾ ആവിഷ്കരിച്ചു. സംസ്ഥാനത്തിലെ 140 നിയോജകമണ്ഡലങ്ങളിലെയും ഓരോ സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഭൗതിക സൗകര്യങ്ങളൊരുക്കാൻ ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചു. അതാത് വിദ്യാലയങ്ങളുടെ സവിശേഷതകളും പ്രത്യേകതകളും പരിഗണിച്ച് മാസ്റ്റർപ്ലാൻ തയ്യാറാക്കി. മാസ്റ്റർപ്ലാൻ അടിസ്ഥാനമാക്കിയുള്ള വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ ധനസഹായമായി 5 കോടി രൂപ അനുവദിച്ചു. കൂടുതലായി ആവശ്യം വരുന്ന തുക എം.പി, എം.എൽ.എ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ, കോർപ്പറേറ്റ് സാമൂഹിക നന്മ ഫണ്ട്, പൂർവവിദ്യാർത്ഥികളുടെയും അഭ്യുദയകാംക്ഷികളുടെയും സ്പോ



ൺസർഷിപ്പ് മുതലായവയിലൂടെ കണ്ടെത്തി സമഗ്രമായ വികസനമാണ് ഓരോ മാസ്റ്റർ പ്ലാനും ലക്ഷ്യമിടുന്നത്. അതിനനുസൃതമായ വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു വരുന്നു.

കൂടുതൽ കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളുടെ വികസനം ലക്ഷ്യമാക്കി മൂന്ന് കോടി രൂപ സർക്കാർ ധനസഹായത്തോടെയുള്ള ഭൗതിക സൗകര്യവികസനവും ആസൂത്രണം ചെയ്തിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ഈ ഫണ്ട് ആയിരത്തിൽ കൂടുതൽ കുട്ടികളുള്ള എല്ലാ വിദ്യാലയങ്ങൾക്കും ലഭ്യമാക്കും. അക്കാദമിക മികവ് പ്രകടമാക്കുക വഴി കുട്ടികളെ ആകർഷിക്കുന്ന ഒട്ടുമിക്കവാറും എല്ലാ വിദ്യാലയങ്ങൾക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കും.

പൈതൃക സംരക്ഷണത്തിന്റെ ഭാഗമായി നൂറ്റമ്പതിൽ കൂടുതൽ വർഷങ്ങളായി പ്രവർത്തിച്ചു വരുന്ന വിദ്യാലയങ്ങൾക്ക്, ധനസഹായം ഉറപ്പാക്കുന്നതിനൊപ്പം അഞ്ഞൂറിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങൾക്ക് അൻപത് ലക്ഷം മുതൽ ഒരു കോടി രൂപ വരെയും പ്രത്യേക ധനസഹായം ലഭ്യമാക്കാനും പദ്ധതിയുണ്ട്. പൊതുവിദ്യാഭ്യാസധാരയിലെ ഒഴിച്ചുകൂടാനാവാത്ത ഭാഗമാണ് എയ്ഡഡ് വിദ്യാലയങ്ങൾ. ചരിത്രത്തിലാദ്യമായി എയ്ഡഡ് വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യ വികസനത്തിനായി നിബന്ധനകൾക്ക് വിധേയമായി ഒരു കോടി രൂപ വരെ അനുവദിക്കുന്ന ചലഞ്ച് ഫണ്ട് പരിപാടിയും ആവിഷ്കരിച്ചിട്ടുണ്ട്. ഓട്ടിസം സെന്ററുകൾ, ജൈവവൈവിധ്യപാർക്ക് തുടങ്ങിയ പദ്ധതികളും വിവിധ വിദ്യാലയങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. ചുരുക്കത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ വ്യത്യസ്ത പദ്ധതികളുടെ ഗുണഫലം ഏതാണ്ട് എല്ലാ സർക്കാർ സ്കൂളുകൾക്കും ലഭിക്കുമെന്നാണ് അനുമാനിക്കേണ്ടത്.

ശാസ്ത്രസാങ്കേതിക വിദ്യാഭ്യാസരംഗത്ത് സംഭവിച്ചിട്ടുള്ള സമകാലിക മാറ്റങ്ങളെയും നേട്ടങ്ങളെയും പ്രയോജനപ്പെടുത്തിക്കൊണ്ട് മാത്രമേ വിദ്യാഭ്യാസസംവിധാനത്തെ ആധുനികവൽക്കരിക്കാനാകൂ. ഹൈസ്കൂൾ-ഹയർസെക്കന്ററി തലങ്ങളിലാണ് ആദ്യ ഘട്ടത്തിൽ ആധുനികവൽകൃത സാങ്കേതിക വിദ്യാധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പാക്കിയത്. ഹൈടെക്ക്‌വൽക്കരണത്തിലൂടെ എല്ലാ ഹൈസ്കൂൾ ഹയർസെക്കന്ററി ക്ലാസ്സുകളും നവീനമായ വിദ്യാഭ്യാസ അനുഭവങ്ങളെ വരവേൽക്കാനുള്ള ഒരുക്കത്തിലാണ്. 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടലിലൂടെ പങ്കുവയ്ക്കുന്ന ഡിജിറ്റൽ വിഭവങ്ങൾ കൂടിയാകുമ്പോൾ ഈ പ്രവർത്തനം കൂടുതൽ അർത്ഥപൂർണ്ണമാകും. അടുത്ത ഘട്ടത്തിൽ പ്രൈമറി വിദ്യാലയങ്ങളിലേക്ക് കൂടി ഹൈടെക്‌വൽക്കരണം വ്യാപിപ്പിക്കും. അടുത്ത അധ്യയന വർഷത്തോടെ പ്രൈമറി മുതൽ ഹയർസെക്കന്ററി വരെ സമ്പൂർണ്ണമായി ഹൈടെക്ക്‌വൽക്കരിക്കപ്പെട്ട വിദ്യാലയങ്ങളുള്ള ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം മാറുമെന്നാണ് പ്രതീക്ഷിക്കുന്നത്.

മികവിന്റെ മേന്മ പ്രകടമാക്കാനുള്ള അറിവരങ്ങുകളായിരുന്നു മധ്യവേനലവധിക്കാലത്തിന്റെ ആദ്യ ദിനങ്ങൾ. കഴിഞ്ഞ അധ്യയന വർഷം പൊതുവിദ്യാലയങ്ങളിലെ കുട്ടികൾ ആർജ്ജിച്ച ശേഷികളും നൈപുണികളും ബഹുജനസമക്ഷം

ചരിത്രത്തിലാദ്യമായി എയ്ഡഡ് വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യ വികസനത്തിനായി നിബന്ധനകൾക്ക് വിധേയമായി ഒരു കോടി രൂപ വരെ അനുവദിക്കുന്ന ചലഞ്ച് ഫണ്ട് പരിപാടിയും ആവിഷ്കരിച്ചിട്ടുണ്ട്.

**ഭൗതിക സൗകര്യ വികസനത്തിന് മാത്രമല്ല അക്കാദമിക പ്രവർത്തനങ്ങൾക്കും ശാസ്ത്രീയവും ചിട്ടയായതുമായ ആസൂത്രണം അനിവാര്യമാണ് എന്ന തിരിച്ചറിവാണ് അക്കാദമിക മാസ്റ്റർപ്ലാൻ നിർമ്മാണത്തിലേക്ക് നയിച്ചത്.**

സമർപ്പിച്ച് ജനകീയ അംഗീകാരം നേടിയെടുത്തു കൊണ്ടാണ് സർഗ്ഗോത്സവങ്ങൾ സമാപിച്ചത്. ഓരോ വിദ്യാലയങ്ങളിലെയും പ്രവർത്തന മികവ് പ്രകടമാക്കിയ ഈ പരിപാടി ഒരർത്ഥത്തിൽ ജനകീയ ഓഡിറ്റിംഗായി പരിണമിച്ചു. പൊതുവിദ്യാലയത്തിലെ കുട്ടികൾ സ്വതന്ത്രമായി ആശയാവിഷ്കാരം നടത്താനും അയത്നലളിതമായി വായിക്കാനും കാണിച്ച ആവേശവും മികവുറ്റ വിശകലന/പ്രതിഫലന ശേഷിയും ഇതര വിദ്യാലയങ്ങളിൽ പഠിച്ചുകൊണ്ടിരുന്ന കുട്ടികളെ പൊതുവിദ്യാലയങ്ങളിലേക്ക് ആകർഷിച്ചിട്ടുണ്ട് എന്നാണ് ഈ വർഷത്തെ സ്കൂൾ പ്രവേശന കണക്കുകൾ സൂചിപ്പിക്കുന്നത്.

ഭൗതിക സൗകര്യ വികസനത്തിന് മാത്രമല്ല അക്കാദമിക പ്രവർത്തനങ്ങൾക്കും ശാസ്ത്രീയവും ചിട്ടയായതുമായ ആസൂത്രണം അനിവാര്യമാണ് എന്ന തിരിച്ചറിവാണ് അക്കാദമിക മാസ്റ്റർപ്ലാൻ നിർമ്മാണത്തിലേക്ക് നയിച്ചത്. വിദ്യാഭ്യാസ കാര്യത്തിൽ ഓരോ പ്രദേശത്തെയും എല്ലാ വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്കും അഭിപ്രായം പറയാനും ആസൂത്രണത്തിൽ പങ്കാളിയാകാനും അവസരം നൽകി എന്നതാണ് അക്കാദമിക മാസ്റ്റർപ്ലാനിന്റെ സുപ്രധാന സവിശേഷത. ജനകീയ ഇടപെടലിലൂടെ ഒരു നാടിന്റെ വിദ്യാഭ്യാസ ആവശ്യങ്ങൾ നിർണ്ണയിക്കുകയും നിശ്ചയിക്കപ്പെട്ടവ ആസൂത്രണം ചെയ്യുകയും വഴി അക്കാദമിക മാസ്റ്റർപ്ലാൻ നമ്മുടെ വിദ്യാഭ്യാസ ചരിത്രത്തിൽ പുതുചരിതമായി.


ഇനി എന്ത് എന്ന ചോദ്യമാണ് ഇപ്പോൾ അധ്യാപകരും രക്ഷിതാക്കളും വിദ്യാഭ്യാസ പ്രവർത്തകരും ഉയർത്തുന്നത്. അക്കാദമിക നിലവാരം ഉയർത്താനും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്താനും നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. അക്കാദമിക മാസ്റ്റർപ്ലാനിലെ ആശയങ്ങൾ ഒരിക്കലും നടപ്പിലാക്കാനാകാത്ത ദാർശനിക സ്വപ്നങ്ങളായി അവശേഷിക്കരുത്. ജനകീയ ഇടപെടലുകളിലൂടെ നിർമ്മിച്ചെടുത്ത അക്കാദമിക മാസ്റ്റർപ്ലാനിലെ ഓരോ ഘടകവും സമയബന്ധിതമായും കൃത്യമായും നടപ്പിലാക്കുന്നുവെന്ന് ഉറപ്പാക്കാനാവശ്യമായ സൂക്ഷ്മതല ആസൂത്രണമാണ് ഇനി വേണ്ടത്. ഓരോ പരിപാടിയും എപ്പോൾ എങ്ങനെ നിർവഹിക്കപ്പെടുമെന്നും ആർക്കൊക്കെയാണ് ചുമതലയെന്നും നിശ്ചയിക്കപ്പെടണം. എന്തെല്ലാം വിഭവങ്ങൾ അനിവാര്യമെന്ന് മുൻകൂട്ടി നിശ്ചയിച്ച് അവ ഉചിതമായ സന്ദർഭങ്ങളിൽ ലഭ്യമാകും എന്നുറപ്പാക്കണം. അതുവഴി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിഭാവനം ചെയ്യുന്ന ജനകീയ ജനാധിപത്യ മതനിരപേക്ഷ വിദ്യാഭ്യാസം യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ സമ്പൂർണ്ണമാക്കാനാകും.

*ലേഖകൻ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്.*



പൊതുവിദ്യാലയങ്ങളിലുള്ള വിശ്വാസ്യത മുൻ കാലഘട്ടങ്ങളിൽ ഉണ്ടായതിനേക്കാൾ വലിയതോതിൽ വർദ്ധിച്ചുവരികയാണ്. കഴിഞ്ഞ അക്കാദമിക വർഷം ഒന്നര ലക്ഷത്തിനടുത്ത് കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ കൂടുതലായി വന്നുചേർന്നു. ഈ വർഷവും അതേ പ്രവണതയാണ് പ്രതീക്ഷിക്കുന്നത്. ജൂൺ അവസാനത്തോടെ കൃത്യമായ ചിത്രം വ്യക്തമാകും. വിദ്യാഭ്യാസ രംഗത്തെ രണ്ടാം തലമുറ പ്രശ്നങ്ങളായ തുല്യത, ഗുണത എന്നിവ വലിയതോതിലുള്ള ജനപിന്തുണയോടെയും പങ്കാളിത്ത

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം



# പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവും പ്രാദേശിക സർക്കാരുകളും

**ഡോ. സി. രാമകൃഷ്ണൻ**

ത്തോടെയും കൂടി അഭിമുഖീകരിക്കേണ്ട ഒന്നാണ്. ഒന്നാം തലമുറ പ്രശ്നങ്ങളായ പ്രാപ്യത, പഠനതുടർച്ച എന്നിവ ഏതാണ്ട് നാം പരിഹരിച്ചുകഴിഞ്ഞു.

അതുകൊണ്ട് തന്നെ പൊതുവിദ്യാഭ്യാസത്തിന്റെ ഗുണപരമായ പരിവർത്തനത്തിന് പ്രാദേശിക സർക്കാരുകളുടെ ഇച്ഛാശക്തിയോടെയുള്ള ഇടപെടലുകൾ അനിവാര്യമാണ്. കേരളീയ സമൂഹം വികേന്ദ്രീകരണത്തിന്റെ ഗുണഫലങ്ങൾ ഏറെ അനുഭവിച്ചിട്ടുള്ള ഒരു മേഖലയാണ് വിദ്യാഭ്യാസം. യാതൊരു കേന്ദ്രീകൃതധാരണകളുമില്ലാതെ, ഓരോ പ്രദേശത്തിന്റെയും ആവശ്യകതകളും സാധ്യതകളും പ്രയോജനപ്പെടുത്തി വിദ്യാഭ്യാസ പുരോഗതിക്കായുള്ള ക്രിയാത്മക ഇടപെടലുകൾ നടത്തിയതിന്റെ ധാരാളം അനുഭവങ്ങൾ നവോത്ഥാനഘട്ടം മുതൽക്കേ നമുക്കുണ്ട്. അതുകൊണ്ടുതന്നെ സാമൂഹികമായ ഇടപെടലുകളുടെ വൈവിധ്യവും വൈജാത്യവും കൊണ്ട് സമ്പന്നമാണ് നമ്മുടെ അനുഭവമണ്ഡലം.

ഭരണഘടനാ ഭേദഗതിയുടെ പശ്ചാത്തലത്തിൽ കേരള നിയമസഭ പാസാക്കിയ 1994-ലെ പഞ്ചായത്ത്‌രാജ് - മുനിസിപ്പൽ നിയമങ്ങൾ

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണപരമായ പരിവർത്തനത്തിന് പ്രാദേശിക സർക്കാരുകളുടെ ഇച്ഛാശക്തിയോടെയുള്ള ഇടപെടലുകൾ അനിവാര്യമാണ്. കേരളീയസമൂഹം വികേന്ദ്രീകരണത്തിന്റെ ഗുണഫലങ്ങൾ ഏറെ അനുഭവിച്ചിട്ടുള്ള ഒരു മേഖലയാണ് വിദ്യാഭ്യാസം.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വിദ്യാഭ്യാസ മേഖലയിൽ അധികാരങ്ങൾ നിശ്ചയിച്ചു നൽകുകയും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചിലതിനെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയും ചെയ്തു. സർക്കാർ എൽ.പി, യു.പി. വിദ്യാലയങ്ങൾ ഗ്രാമപഞ്ചായത്തിനും ഹൈസ്കൂൾ- ഹയർസെക്കന്ററി സ്കൂളുകൾ ജില്ലാപഞ്ചായത്തിനുമാണ് കൈമാറിയത്. മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിയിൽ വരുന്ന എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂളുകൾ എന്നിവ അവയ്ക്കും കൈമാറി. ഔപചാരിക വിദ്യാഭ്യാസത്തിന് പുറത്ത് പ്രീപ്രൈമറി വിദ്യാഭ്യാസം, വയോജനവിദ്യാഭ്യാസം, സാക്ഷരതാ പ്രവർത്തനം തുടങ്ങിയവയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണപരിധിയിൽ വരുന്നു. ഗ്രന്ഥശാലാ സംഘങ്ങളുടെ നിയന്ത്രണം ജില്ലാപഞ്ചായത്തുകൾക്കാണ്.

സംസ്ഥാനത്തെ സർക്കാർ സ്കൂളുകളുടെ ഭൗതിക സൗകര്യ വികസനത്തിൽ അതിപ്രധാനമായ ഒരു പങ്ക് തദ്ദേശ സ്ഥാപനങ്ങൾക്കുണ്ട്. 1997 ൽ ആരംഭിച്ച ജനകീയാസൂത്രണത്തിന്റെ ഭാഗമായി തദ്ദേശസ്ഥാപനങ്ങൾ അവരുടെ പരിധിയിലുള്ള പ്രൈമറി സ്കൂളുകളുടെ ഭൗതിക സൗകര്യ വികസനത്തിന് വേണ്ടി കോടിക്കണക്കിന് രൂപ ചെലവ് ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന രൂപീകരണം മുതൽ 1997 വരെ കേരളത്തിലെ സ്കൂളുകളുടെ ഭൗതിക സൗകര്യ വികസനവും 1997 ന് ശേഷം ഉണ്ടായ ഭൗതിക സൗകര്യവികസനവും താരതമ്യപ്പെടുത്തിയാൽ മാത്രം മതിയാകും. ഡി.പി.ഇ.പി, എസ്.എസ്.എ, ആർ.എം.എസ്.എ തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ വന്ന ഭൗതിക സൗകര്യവികസനത്തെ മാറ്റിവെച്ചുകൊണ്ട് വസ്തുനിഷ്ഠമായ വിലയിരുത്തൽ നടത്തിയാലും ഇക്കാര്യം നമുക്ക് ബോധ്യപ്പെടും.

കൂടാതെ ഗുണമേന്മ പ്രശ്നം അഭിമുഖീകരിക്കുന്നതിനായി തദ്ദേശ സ്ഥാപനങ്ങൾ പ്രത്യേകിച്ചും ജില്ലാ പഞ്ചായത്തുകൾ വഹിച്ച പങ്ക് വലുതാണ്. പാലക്കാട് ജില്ലയുടെ വിദ്യാഭ്യാസപരമായ മുന്നേറ്റത്തിന് ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തിയ സ്ഥിരതയാർന്ന പ്രവർത്തനങ്ങൾ ഒരു ഉദാഹരണം മാത്രം.

സ്ഥാപനങ്ങൾ കൈമാറ്റം ചെയ്തിട്ടുണ്ടെങ്കിലും ലഭ്യമായ അധികാരം പ്രയോജനപ്പെടുത്തുന്നതിൽ ചുവടെ പറയുന്ന പോലെയുള്ള ധാരാളം പരിമിതികൾ തദ്ദേശ സ്ഥാപനങ്ങൾക്ക് ഉണ്ട്.

i. കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിൽ ഫലപ്രദമായി ഇടപെടാനുള്ള സംവിധാനങ്ങളോ അധികാരമോ തദ്ദേശ സ്ഥാപനങ്ങൾ ക്കില്ല. സ്ഥാപനങ്ങൾ കൈമാറ്റം ചെയ്യപ്പെട്ടുവെങ്കിലും ജീവനക്കാരെ പൂർണാർത്ഥത്തിൽ ഇനിയും കൈമാറ്റം ചെയ്യേണ്ടിയിരിക്കുന്നു.

ii. തദ്ദേശ സ്ഥാപനങ്ങളെ പ്രാദേശിക സർക്കാരുകളായി പൂർണ്ണ മനസ്സോടെ അംഗീകരിക്കാൻ വിദ്യാഭ്യാസ അധികാരികളും അധ്യാപകരടക്കമുള്ള ജീവനക്കാരും ഇനിയും തയ്യാറാകേണ്ടതുണ്ട്.

iii. കേരളത്തിലെ ആകെ വിദ്യാലയങ്ങളിൽ 60%ത്തിനടുത്ത് വരുന്ന എയ്ഡഡ് സ്ഥാപനങ്ങൾ തദ്ദേശസ്ഥാപനങ്ങളുടെ നിയന്ത്രണപരിധിക്ക് പുറത്താണ്. അതിനാൽ, തദ്ദേശ സ്ഥാപന പരിധിയിൽ വരുന്ന എല്ലാ വിദ്യാർത്ഥികളെയും അവർ പഠിക്കുന്ന സ്ഥാപനങ്ങളെയും ഉൾച്ചേർത്തുകൊണ്ട് സമഗ്രവും അർത്ഥപൂർണ്ണവുമായ വിദ്യാഭ്യാസ പരിപാടികൾ ആവിഷ്ക്കരിക്കുവാൻ പ്രയാസമുണ്ട്.

ഇങ്ങനെയൊക്കെ ആണെങ്കിലും എല്ലാ വിധ പരിമിതികൾക്കുള്ളിലും ലഭ്യമായ അധികാര പരിധിക്കുള്ളിൽ നിന്നുകൊണ്ട് മാതൃകാപരമായ ക്രിയാത്മകപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയ തദ്ദേശസ്ഥാപനങ്ങളുടെ എണ്ണം ചെറുതല്ല.

വിദ്യാഭ്യാസ അവകാശ നിയമം ധാരാളം സാധ്യതകൾ തുറന്നുതരുന്നുണ്ട്. പ്രാപ്യത, തുല്യത, ഗുണത എന്നിവ ഉറപ്പാക്കുക എന്നതാണ് വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ കാതൽ. അതുകൊണ്ടുതന്നെ പ്രസ്തുത നിയമം ഒട്ടേറെ സാധ്യതകൾ തുറന്നുതരുന്നു. വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് അതിനിർണ്ണായകമായ ഉത്തരവാദിത്തമുണ്ട്. ഇക്കാര്യം സ്പഷ്ടമാക്കുന്ന സർക്കാർ ഉത്തരവ് 2014 സെപ്തംബർ മാസത്തിൽ ഉണ്ടായിട്ടുണ്ട്. ഇതനുസരിച്ച് തദ്ദേശ സ്ഥാപനങ്ങൾക്ക് താഴെപറയുന്ന ഉത്തരവാദിത്തങ്ങൾ ഉണ്ട്.

1. നിശ്ചിത ഭൂപരിധിക്കകത്ത് വിദ്യാലയങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക.
2. പ്രവേശനത്തിൽ വേർതിരിവ് കാട്ടുന്നില്ലെന്ന് ഉറപ്പുവരുത്തുക.
3. വിദ്യാലയരേഖകൾ സൂക്ഷിച്ചുവച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കുക.
4. വേണ്ടത്ര കെട്ടിടങ്ങളും വേണ്ടത്ര ഉപകരണങ്ങളും ഉണ്ടെന്ന് ഉറപ്പാക്കുക.
5. അധ്യാപകർ ഉണ്ടെന്ന് ഉറപ്പാക്കുക.
6. പാഠപുസ്തകങ്ങൾ, പഠനോപകരണങ്ങൾ എന്നിവ കുട്ടികൾക്ക് നിശ്ചിതസമയത്ത് തന്നെ ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തുക. ഇതിൽ വീഴ്ച സംഭവിക്കുന്നുവെങ്കിൽ വിദ്യാഭ്യാസ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരിക.

മാലിന്യങ്ങൾ എന്നൊന്നില്ല എന്നും അവ ശരിയായ രീതിയിൽ പ്രയോജനപ്പെടുത്തിയാൽ സമൂഹ വികസനത്തിനുള്ള സമ്പത്താക്കി മാറ്റാമെന്നും അതിനായുള്ള വഴികൾ ധാരാളമുണ്ടെന്നും കുട്ടികൾ അറിയേണ്ടതുണ്ട്.

7. ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം ഉറപ്പാക്കുക.
8. സ്കൂൾ പ്രായത്തിലുള്ള മുഴുവൻ കുട്ടികളും സ്കൂളിൽ എത്തുന്നു എന്ന് ഉറപ്പാക്കുക.
9. അധ്യാപക പരിശീലനം ഉറപ്പാക്കുക.
10. കുടിയേറ്റ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭ്യമാക്കുക.
11. സ്കൂൾ പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യുക.
12. അക്കാദമിക കലണ്ടർ തയ്യാറാക്കുക.
13. സ്കൂൾ മാനേജ്മെന്റ് കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കുക.

ഈ ഉത്തരവ് വഴി തദ്ദേശസ്വയംഭരണകൂടങ്ങൾക്ക് വലിയ ഉത്തരവാദിത്തങ്ങളാണ് ലഭിച്ചിരിക്കുന്നത്. ഇവയെല്ലാം ഓരോ വിദ്യാലയത്തിലും ഉറപ്പുവരുത്തുക എന്നത് വലിയ ഉത്തരവാദിത്തത്തോടെ ചെയ്യേണ്ടതാണ്; ചെയ്യേണ്ടത് ഭരണഘടനാപരമായ കർത്തവ്യവുമാണ്. തദ്ദേശസ്ഥാപന പരിധിയിലെ മുഴുവൻ കുട്ടികൾക്കും വിദ്യാഭ്യാസ അവകാശനിയമം മുന്നോട്ടുവച്ചിട്ടുള്ള ഗുണമേന്മാവിദ്യാഭ്യാസം ഉറപ്പാക്കുക എന്നത് തദ്ദേശ സ്ഥാപനങ്ങളെ സംബന്ധിച്ച് വലിയ വെല്ലുവിളിയാണ്.

ഓരോ തദ്ദേശഭരണ സ്ഥാപനവും അവയുടെ പരിധിയിലുള്ള 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികളുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. കുട്ടികളെല്ലാം സ്കൂളിൽ പഠിക്കുന്നു എന്ന് ഉറപ്പാക്കാൻ ഇത് വഴി കഴിയേണ്ടതുണ്ട്. 6 മുതൽ 14 വയസ്സിനിടയിൽ പ്രായമുള്ള ഒരു കുട്ടിയും സ്കൂളിൽ പോകാത്ത അവസ്ഥ ഉണ്ടാകരുത്. ഇത് ഉറപ്പാക്കാനുള്ള ബാധ്യത നിയമപ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്കാണ്. കുട്ടികളുടെ പഠനം സംബന്ധിച്ച വിവരങ്ങളുള്ള ഈ രേഖയുടെ അടിസ്ഥാനത്തിൽ സ്കൂൾ പ്രവേശനം, ഹാജർ, പഠനപുരോഗതി, അടുത്ത ക്ലാസിലേ ക്കുള്ള കയറ്റം ഇവയെല്ലാം മോണിറ്റർ ചെയ്യാൻ കഴിയണം.

പൊതുവിദ്യാഭ്യാസം ഇന്ന് നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കണമെങ്കിൽ അർത്ഥപൂർണ്ണമായ വികേന്ദ്രീകരണം ആവശ്യമാണ്. ഇതിന് ഏറെ സാധ്യത നിലനിൽക്കുന്നുമുണ്ട്. എന്തെന്നാൽ,

i. ഏത് തദ്ദേശസ്ഥാപനത്തിലും ഏറ്റവും കൂടുതലുള്ള പൊതു സ്ഥാപനങ്ങൾ സ്കൂളുകളാണ്.

ii. സ്കൂൾ വിദ്യാർത്ഥികളിൽ 75% ത്തിലേറെയും ഇന്ന് ആശ്രയിക്കുന്നത് സംസ്ഥാന സിലബസ് സ്കൂളുകളെയാണ്. അതും എയ്ഡഡ് സർക്കാർ വിദ്യാലയങ്ങളെ.

iii. പൊതുസമൂഹം പ്രാദേശികമായി ഏറ്റവും കൂടുതലായി ഇടപെടുന്ന സ്ഥാപനങ്ങളാണ് വിദ്യാലയങ്ങൾ.



IV. കുട്ടികളുടെ വിദ്യാഭ്യാസം കേരളീയ സമൂഹത്തിന്റെ പ്രഥമ പരിഗണനാ വിഷയമാണ്. പൊതുസമൂഹം ഏറെ ഉത്കണ്ഠയോടും അതിലേറെ താല്പര്യത്തോടെയുമാണ് അതിനെ സമീപിക്കുന്നത്.

സ്കൂൾ വിദ്യാഭ്യാസരംഗത്തെ ഒന്നാംതലമുറ പ്രശ്നങ്ങൾ ഏതാണ്ടെല്ലാം അഭിമുഖീകരിക്കാൻ കേരളീയസമൂഹത്തിന് കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് തന്നെ രണ്ടാംതലമുറ പ്രശ്നങ്ങളിൽ പ്രഥമ പരിഗണന ലഭിക്കേണ്ടത് ഗുണനിലവാര പ്രശ്നങ്ങൾക്കാണ്. ഇതിനായി

1. പൊതുവിദ്യാലയങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാനുള്ള നേതൃത്വപരമായ ഉത്തരവാദിത്തം പ്രാദേശിക സർക്കാരുകൾ ഏറ്റെടുക്കണം. ഗുണനിലവാരം എന്നതുകൊണ്ട് വിവക്ഷിക്കേണ്ടത് ഓരോ തലത്തിലും കരിക്കുലം വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങളിലേക്ക് മുഴുവൻ കുട്ടികളെയും ഉയർത്തുക എന്നതാണ്. അതിനാണെങ്കിലോ, കുട്ടികളുടെ നാനാതരത്തിലുള്ള കഴിവുകളെ കണ്ടെത്തി അവയെ വളർത്താനും വികസിപ്പിക്കാനും ഉതകുന്ന പഠനാനുഭവങ്ങൾ പ്രദാനം ചെയ്യേണ്ടതുണ്ട്. അതുപോലെ പ്രധാനമാണ് ഇത്തരം പഠനാനുഭവങ്ങൾ ഫലപ്രദമായി നൽകാനാവശ്യമായ പഠനപരിസരം ഒരുക്കുക എന്നതും. ഇതെല്ലാം കഴിയണമെങ്കിൽ സ്കൂളിനെക്കുറിച്ച് നിലവിലുള്ള ധാരണകളിൽ മാറ്റം വരണം. ഗുണനിലവാരത്തെ കേവലമായി സമീപിക്കുന്ന നിലവിലെ അവസ്ഥ മാറേണ്ടതുണ്ട്

2. ഗുണനിലവാരപ്രശ്നത്തെ സമഗ്രമായി കാണാൻ കഴിയണം. എല്ലാ കുട്ടികളുടെയും വൈകാരികവും വൈചാരികവും ശാരീരികവുമായ

മാലിന്യനിർമ്മാർജന ത്തിനുള്ള പ്രായോഗിക രീതികൾ കുട്ടികൾക്ക് കണ്ടും ചെയ്തും സ്വാംശീകരിക്കാനുള്ള പ്രയോഗ ഇടങ്ങളായി മാറാൻ വിദ്യാലയങ്ങൾക്ക് കഴിയണം. ഇതിനാവശ്യമായ നേതൃത്വം ഹരിത കേരളം മിഷനുമായി കൂട്ടിച്ചേർത്ത് നടത്താൻ പ്രാദേശിക സർക്കാരുകൾക്ക് കഴിയണം.

# പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ നിന്നും

(1) തദ്ദേശ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ വികസന പ്രോജക്ടുകൾ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം മാർഗരേഖകളിൽ നിർദ്ദേശിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി നടപ്പിലാക്കാവുന്നതാണ്. ജൈവവൈവിധ്യ ഉദ്യാനം, മാലിന്യസംസ്കരണ പരിപാടി, ഊർജ്ജ സംരക്ഷണ പരിപാടി എന്നിവയ്ക്ക് മുൻഗണന നൽകാവുന്നതാണ്.

(2) തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനാകണം മുൻഗണന നൽകേണ്ടത്.

(3) ഗ്രാമപഞ്ചായത്തുകളും ജില്ല പഞ്ചായത്തുകളും ഗവണ്മെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ, ആർ.എം.എസ്.എ പ്രോജക്ടുകൾ വകയിരുത്തണം. ഈ പ്രോജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണ്. (എസ്.എസ്.എ, ആർ.എം.എസ്.എ പ്രോജക്ടുകൾ ഉദ്ഗ്രഥിച്ച് പ്രീസ്കൂൾ മുതൽ പന്ത്രണ്ടാം ക്ലാസ് വരെ ഏകോപിപ്പിച്ച് സമഗ്ര ശിക്ഷാ അഭിയാൻ എന്ന പദ്ധതിക്ക് കേന്ദ്ര സർക്കാർ രൂപം നൽകിയിട്ടുണ്ട്).

(4) പഠനനിലവാരം ഉയർത്തുക, വിദ്യാർത്ഥികളുടെ സർഗാത്മക ശേഷികൾ വികസിപ്പിക്കുക, പരിശീലനം സംഘടിപ്പിക്കുക തുടങ്ങിയ ഗവേഷണാത്മക പ്രോജക്ടുകൾ എസ്.എസ്.എ, ആർ.എം.എസ്.എ, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ പരിപാടികളുടെ ആവർത്തനം അല്ല എന്ന് ഉറപ്പുവരുത്തിയതിനു ശേഷം ഏറ്റെടുക്കാവുന്നതാണ്.

(5) സ്കൂൾ ഉച്ചഭക്ഷണ പരിപാടിയുടെ കാര്യത്തിൽ അവയുടെ നടത്തിപ്പിന് ആവശ്യമായ ഭൗതിക സൗകര്യങ്ങളും ശുചിത്വം ഉറപ്പാക്കാനുള്ള സൗകര്യങ്ങളും ഒരുക്കികൊടുക്കുക എന്നതു മാത്രമാണ് തദ്ദേശ സ്ഥാപനങ്ങളുടെ ചുമതല. അടുക്കള, അടുക്കളയോട് അനുബന്ധിച്ച് സംഭരണ മുറി എന്നിവ ഏർപ്പെടുത്തുന്നതിന് ഉയർന്ന പരിഗണന നൽകേണ്ടതാണ്.

(6) സ്കൂളുകളിൽ ഫർണിച്ചർ ലഭ്യമാക്കുന്നതിന് മുൻഗണന നൽകണം.

(7) സർക്കാർ സ്കൂളുകളിലെ ഏഴാം ക്ലാസുവരെയുള്ള കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിനുള്ള പ്രോജക്ടുകൾ സ്കൂളുകളുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാ

ഗുണനിലവാരം എന്നതു കൊണ്ട് വിവക്ഷിക്കേണ്ടത് ഓരോ തലത്തിലും കരിക്കുലം വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങളിലേക്ക് മുഴുവൻ കുട്ടികളെയും ഉയർത്തുക എന്നതാണ്.

സമഗ്രവളർച്ചയാവണം ലക്ഷ്യം. വിദ്യാലയങ്ങൾ, കമ്പോളത്തിന്റെ താത്കാലികാവശ്യങ്ങൾക്കുള്ള തൊഴിൽശേഷികളുടെ യാന്ത്രികമായ അഭ്യസനം നടത്തുന്ന കേന്ദ്രങ്ങളായല്ല, മുഴുവൻ കുട്ടികളുടെയും അറിവും കഴിവും നൈപുണികളും വികാസം പ്രാപിക്കുന്ന ഇടങ്ങളായാണ് മാറേണ്ടത്. ഇതിനാവശ്യമുള്ള വിവിധതരം അന്വേഷണങ്ങളും പ്രായോഗിക പ്രവർത്തന പദ്ധതികളും തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഉണ്ടായി വരണം.

3. ഈ പരിവർത്തനങ്ങൾക്ക് നേതൃത്വം നൽകാനുള്ള ഉത്തരവാദിത്തം വിദ്യാഭ്യാസ അവകാശനിയമത്തിന്റെ പശ്ചാത്തലത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്കുണ്ട്. പ്രാദേശികമായ വൈദഗ്ധ്യവും വിഭവസമാഹരണ സാധ്യതകളും ഏകോപിപ്പിക്കാൻ കഴിയുന്ന പ്രാദേശിക സർക്കാരുകളായി തദ്ദേശ സ്ഥാപനങ്ങൾ മാറണം. ഈ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതോടൊപ്പം ഇത്തരം പ്രവർത്തനങ്ങളിൽ ഇടപെടാനുള്ള സാഹചര്യമൊരുക്കുന്നതിനും നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും സമീപനങ്ങളിലും മാറ്റങ്ങൾ വരുത്തുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളെ പ്രേരിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളും നടത്തേണ്ടിവരും. ഒന്ന് മാറ്റിവച്ചല്ല മറ്റേത് ചെയ്യേണ്ടത്, രണ്ടും ഒപ്പം നടക്കേണ്ടതാണ്.

ഇതെല്ലാം കുറേയേറെ ചെയ്യാൻ സഹായകമാകും വിധമാണ് നവകേരളത്തിന് ജനകീയാസൂത്രണം എന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്കായും മുൻസിപ്പാലിറ്റി കോർപ്പറേഷനുകൾക്കായും ഉള്ള മാർഗരേഖ. (ബോക്സ് കാണുക)

ഈ മാർഗ്ഗരേഖയും സബ്സിഡി മാർഗരേഖയും വലിയ സാധ്യതകളാണ് തുറന്നുതരുന്നത്. ഓരോ നാട്ടിന്റെയും സാധ്യതയും ആവശ്യകതയും നേട്ടകോട്ട വിശ്ലേഷണം നടത്തി ജനകീയ സഹകരണത്തോടെ നടപ്പാക്കുക എന്നതാണ് യഥാർത്ഥ വെല്ലുവിളി. ഇതു ചെയ്യുമ്പോൾ താഴെ പ്പറയുന്ന സാധ്യതകൾ പ്രത്യേകം ശ്രദ്ധിക്കാവുന്നതാണ്.

1. വിദ്യാഭ്യാസം, തൊഴിൽ, കലാരംഗത്തെയും കായികവിനോദരംഗത്തെയും പങ്കാളിത്തം എന്നിവയൊക്കെ വൈവിധ്യമാർന്ന വൈദഗ്ധ്യം ആവശ്യമുള്ളവയാണ്. പ്രാദേശികമായി ലഭ്യമാവുന്ന വൈദഗ്ധ്യം ഏകോപിപ്പിക്കാൻ ഏറ്റവും നന്നായി കഴിയുക പ്രാദേശിക സർക്കാരുകൾക്കാണ്.

2. സ്കൂൾ ഉച്ചഭക്ഷണ പരിപാടി കാര്യക്ഷമമാക്കാനും ഗുണമേന്മയോടെ നടപ്പാക്കാനും പ്രാദേശികമായ ജനപങ്കാളിത്തം അനിവാര്യമാണ്.

വുന്നതാണ്.

(8) സന്നദ്ധ പ്രവർത്തകരായ യുവതീ യുവാക്കൾ, അധ്യാപകർ എന്നിവരെ പങ്കെടുപ്പിച്ച് വിദ്യാർത്ഥികൾക്ക് പഠനപരിപോഷണം ഉൾപ്പെടെയുള്ള പരിപാടികൾ ആവിഷ്കരിക്കാവുന്നതാണ്.

(9) എല്ലാ സർക്കാർ സ്കൂളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം ടോയ്‌ലറ്റും വാഷ്ബെയ്സിനും അവയിൽ ജലലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഏർപ്പെടുത്തിയതിന് ശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

(10) സർക്കാർ ഹൈസ്കൂളിനോട്/ ഹയർ സെക്കന്ററി സ്കൂളിനോട് ചേർന്നുള്ള എൽ.പി, യു.പി, സ്കൂളുകളിലെ പശ്ചാത്തല വികസന പ്രോജക്ടുകൾ ജില്ല പഞ്ചായത്തിന്റെ സമ്മതത്തോടെ ബ്ലോക്ക് - ജില്ല പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(11) ഗ്രാമപഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള എൽ.പി., യു.പി സ്കൂളുകളുടെ പശ്ചാത്തല വികസന പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകളുടെ സമ്മതത്തോടെ ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(12) ഗ്രാമപഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള പഞ്ചായത്ത് ലൈബ്രറികളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.

(13) ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് ഫർണിച്ചർ, കെട്ടിടം എന്നിവ ഉൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള പ്രോജക്ടുകൾ ബ്ലോക്ക് -ജില്ല പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(14) സാക്ഷരത മിഷന്റെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സാക്ഷരതാ കേന്ദ്രങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, മിഷൻ പ്രസിദ്ധീകരിക്കുന്ന പാഠപുസ്തകങ്ങളുടെ വില നൽകുക, സാക്ഷരത മിഷന് അടയ്ക്കേണ്ടതായ ഫീസ് എന്നിവയ്ക്ക് വേണ്ടിയുള്ള പ്രോജക്ടുകൾ ഗ്രാമ-ജില്ല പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(15) സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന നിർഭയ പദ്ധതി പ്രകാരമുള്ള കായിക വിദ്യാഭ്യാസ സംബന്ധമായ പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്വണ്ട, ജൂഡോ, കരാട്ടെ, യോഗ എന്നിവയിൽ ഹൈസ്കൂൾ/ ഹയർ സെക്കന്ററി വിദ്യാർത്ഥിനികൾക്ക് പരിശീലനം നൽകാവുന്നതാണ്. ജില്ല പഞ്ചായത്ത് ഏറ്റെടുക്കുന്ന ഇത്തരം പ്രോജക്ടുകളുടെ പരിശീലകരായി സ്പോർട്സ് കൗൺസിൽ അംഗീകാരമുള്ള കായികാധ്യാപകരെ നിയോഗിക്കേണ്ടതാണ്.

(16) സ്കൂളുകൾക്ക് വേണ്ടി വിവിധ പദ്ധതികളുടെ ഭാഗമായി വാങ്ങിയ വാഹനങ്ങളുടെ ഇന്ധനചെലവ്, ഡ്രൈവറുടെ വേതനം, മറ്റ് ആവർത്തന ചെലവുകൾ എന്നിവ തദ്ദേശസ്ഥാപനങ്ങൾ വഹിക്കാൻ പാടില്ല.

ഇതും ഫലപ്രദമായി ഏകോപിപ്പിക്കാൻ കഴിയുക പ്രാദേശിക സർക്കാരുകൾക്കാണ്.

3. പാഠപുസ്തകങ്ങൾ, മറ്റ് പഠനോപാധികൾ, സ്കോളർഷിപ്പുകൾ എന്നിവ കുട്ടികൾക്ക് യഥാസമയം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ കൃത്യമായ മോണിറ്ററിംഗ് വേണം. ഇതിനുള്ള സംവിധാനത്തിന്റെ നേതൃത്വം തദ്ദേശസ്ഥാപനങ്ങൾക്കായിരിക്കണം.

4. ജൈവവൈവിധ്യ ഉദ്യാനം ഏറ്റവും മികച്ചതാക്കി മാറ്റാനും ടാലന്റ് ലാബ് എന്ന സങ്കല്പനത്തെ യഥാർത്ഥ അർത്ഥത്തിൽ വികസിപ്പിച്ച് പ്രയോജനപ്പെടുത്താനും കഴിയും വിധം പ്രാദേശിക വൈദഗ്ധ്യത്തെ ഏകോപിപ്പിക്കാൻ കഴിയുക പ്രാദേശിക സർക്കാരുകൾക്കാണ്.

5. കുട്ടികളുടെ ശാരീരിക-മാനസിക-വൈകാരിക - സാമൂഹിക വികാസങ്ങളെയെല്ലാം ഉറപ്പാക്കേണ്ട കേന്ദ്രങ്ങളാണ് സ്കൂളുകൾ. അതുകൊണ്ട് തന്നെ സ്കൂൾ കാമ്പസും സ്കൂൾ പഠന പരിസരവും അന്തരീക്ഷവുമെല്ലാം കുട്ടികൾക്ക് സൗഹൃദമാകണം. ഓരോ നാട്ടിലെയും ഭൂപ്രകൃതി, കാലാവസ്ഥ, ജനങ്ങളുടെ ജീവിതം, സംസ്കൃതി എന്നിവയോടെല്ലാം ബന്ധിതമാണ് ഇത്. ഇതെല്ലാം ഉൾക്കൊണ്ട് ഏറ്റവും മികച്ച പഠനാന്തരീക്ഷം ഉറപ്പാക്കാൻ കഴിയുക തദ്ദേശ സ്ഥാപനങ്ങൾക്കാണ്.

6. നമ്മുടെ വികസനത്തിൽ അന്തർലീനമായ ദൗർബല്യങ്ങളാണ് മാലിന്യപ്രശ്നങ്ങൾക്ക് നിദാനം. മാലിന്യങ്ങൾ എന്നൊന്നില്ല എന്നും അവ ശരിയായ രീതിയിൽ പ്രയോജനപ്പെടുത്തിയാൽ സമൂഹ വികസനത്തിനുള്ള സമ്പത്താക്കി മാറ്റാമെന്നും അതിനായുള്ള വഴികൾ ധാരാളമുണ്ടെന്നും കുട്ടികൾ അറിയേണ്ടതുണ്ട്. മാലിന്യനിർമ്മാർജ്ജനത്തിനുള്ള പ്രായോഗിക രീതികൾ കുട്ടികൾക്ക് കണ്ടും ചെയ്തും സ്വാംശീകരിക്കാനുള്ള പ്രയോഗ ഇടങ്ങളായി മാറാൻ വിദ്യാലയങ്ങൾക്ക് കഴിയണം. ഇതിനാവശ്യമായ നേതൃത്വം ഹരിതകേരളം മിഷനുമായി കൂട്ടിച്ചേർത്ത് നടത്താൻ പ്രാദേശിക സർക്കാരുകൾക്ക് കഴിയണം.

7. വിദ്യാഭ്യാസത്തെക്കുറിച്ച് രക്ഷിതാക്കൾ നിലവിൽ സൂക്ഷിക്കുന്ന ധാരണകൾ മാറ്റിയെടുക്കുന്നതിലും തദ്ദേശ സ്ഥാപനങ്ങൾക്ക് പങ്ക് വഹിക്കാനുണ്ട്. നിശ്ചിത ഇടവേളകളിൽ നടക്കുന്ന, ചിട്ടയായ രക്ഷാകർത്തൃവിദ്യാഭ്യാസ പരിപാടികൾ ആവശ്യമാണ്. രക്ഷിതാക്കളടക്കമുള്ള സമൂഹത്തിന്റെ തൊഴിൽ നൈപുണി വികാസത്തിലും വിദ്യാലയങ്ങൾക്ക് വലിയ പങ്ക് ഉണ്ടാകണം.

ഇതുപോലെ നിരവധി പ്രവർത്തനങ്ങൾ സാധ്യമാണ്.

**തദ്ദേശസ്ഥാപനങ്ങൾക്ക് വിദ്യാഭ്യാസ മേഖലയിൽ ചട്ടലമായി ഇടപെടണമെങ്കിൽ ഭരണപരമായ ചില മാറ്റങ്ങൾ ആവശ്യമാണോ എന്ന് ചർച്ച ചെയ്യേണ്ടതുണ്ട്. ഇതിനായുള്ള ആവശ്യങ്ങൾ താഴേതട്ടിൽ നിന്നും ഉയർന്നു വരേണ്ടതുണ്ട്.**

ഗുണമേന്മാ
വിദ്യാഭ്യാസത്തിന്
നേതൃത്വം നൽകേണ്ട
ജില്ലാതല സംവിധാ
നങ്ങളായ ഡയറ്റ്,
ബി.ആർ.സി എന്നിവ
യുടെ മേൽ ജില്ലാ
പഞ്ചായത്തിന് കൂടുതൽ
നിയന്ത്രണങ്ങൾ
ഉണ്ടാകേണ്ടതുണ്ട്.



തദ്ദേശ സ്ഥാപനങ്ങൾക്ക് വിദ്യാഭ്യാസ മേഖലയിൽ ചട്ടലമായി ഇടപെടണമെങ്കിൽ ഭരണപരമായ ചില മാറ്റങ്ങൾ ആവശ്യമാണോ എന്ന് ചർച്ച ചെയ്യേണ്ടതുണ്ട്. ഇതിനായുള്ള ആവശ്യങ്ങൾ താഴേതട്ടിൽ നിന്നും ഉയർന്നുവരേണ്ടതുണ്ട്. പരിഗണനയ്ക്കായി ചില സൂചനകൾ ഇതോടൊപ്പം നൽകുന്നു.

എൽ.പി, യു.പി. സ്കൂളുകളുടെ ചുമതല ഗ്രാമ പഞ്ചായത്തിനാണ്. എന്നാൽ ഒരു ഗ്രാമപഞ്ചായത്ത് പരിധിയിലെ ഹൈസ്കൂളിന്റെ ഭാഗമായ എൽ.പി, യു.പി വിഭാഗം ജില്ല പഞ്ചായത്തിന്റെ പരിധിയിലും. തന്മൂലം ഒരു ഗ്രാമ പഞ്ചായത്ത് പരിധിയിലെ മുഴുവൻ എൽ.പി, യു.പി കുട്ടികളെയും ഉൾക്കൊള്ളുന്ന പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഗ്രാമ പഞ്ചായത്തിന് കഴിയുന്നില്ല; ജില്ല പഞ്ചായത്തിനും കഴിയുന്നില്ല. യാതൊരു നീതീകരണവുമില്ലാത്ത ഈ തടസ്സം ഒഴിവാക്കേണ്ടതുണ്ട്. 7-ാം ക്ലാസുവരെയുള്ള പ്രൈമറി വിഭാഗത്തെ സെക്കന്ററി വിഭാഗത്തിൽ നിന്നും വിടുതൽ ചെയ്ത് (ഡീ ലിങ്ക്) പ്രത്യേക മേധാവിയുടെ കീഴിൽ കൊണ്ടുവരികയും അത് ഗ്രാമപഞ്ചായത്ത് നിയന്ത്രണത്തിലേക്ക് മാറ്റുകയും വേണം. അങ്ങനെയെങ്കിൽ സെക്കന്ററി ഹയർ സെക്കന്ററി ഘട്ടം മാത്രം ജില്ല പഞ്ചായത്ത് ശ്രദ്ധിച്ചാൽ മതിയാകും.

ഗുണമേന്മാ വിദ്യാഭ്യാസത്തിന് നേതൃത്വം നൽകേണ്ട ജില്ലാതല സംവിധാനങ്ങളായ ഡയറ്റ്, ബി.ആർ.സി എന്നിവയുടെ മേൽ ജില്ല പഞ്ചായത്തിന് കൂടുതൽ നിയന്ത്രണങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

കേരളത്തിൽ നിലവിലുള്ള വിദ്യാഭ്യാസ ഓഫീസുകൾ തദ്ദേശഭരണ സ്ഥാപന പരിധിയുമായി ബന്ധിപ്പിച്ച് പുനസംഘാടനം ചെയ്യണം. ഓരോ പഞ്ചായത്തിലും ഒരു പഞ്ചായത്ത് എഡ്യൂക്കേഷണൽ ഓഫീസർ വിദ്യാഭ്യാസ പദ്ധതികളുടെ ഇംപ്ലിമെന്റേഷൻ ഓഫീസർ എന്ന നിലയിൽ പൂർണസമയം ആവശ്യമാണ്.

വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മാപ്രശ്നങ്ങൾ പരിഹരിക്കാൻ നിരവധി പ്രായോഗിക പദ്ധതികൾ അനിവാര്യമാണ്. ഇതിനെല്ലാം നേതൃത്വം നൽകാനും സാധ്യതകളെല്ലാം ഏറ്റവും നന്നായി പ്രയോജനപ്പെടുത്താൻ കഴിയുന്നതും പ്രാദേശിക സർക്കാരുകൾക്കാണ്. ജനകീയാസൂത്രണത്തിന്റെ ഇരുപത് വർഷത്തിലേറെയുള്ള പ്രാദേശിക ഇടപെടൽ അനുഭവങ്ങൾ വലിയ ആത്മവിശ്വാസവും പ്രതീക്ഷകളുമാണ് നമുക്ക് നൽകുന്നത്.

*പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം സംസ്ഥാന ടീമിലെ അംഗമാണ് ലേഖകൻ.*



# ലൈഫ് :
# വിജയകരമായി രണ്ടാം ഘട്ടത്തിലേക്ക്

**എസ്. ഹരികിഷോർ ഐ.എ.എസ്**

കേരള സർക്കാരിന്റെ നവകേരള മിഷന്റെ ഭാഗമായ ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാംഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി പുരോഗമിക്കുകയാണ്. ജൂൺ 16 വരെയുള്ള കണക്ക് പ്രകാരം 40561 വീടുകൾ ഒന്നാംഘട്ടത്തിൽ പൂർത്തിയായിക്കഴിഞ്ഞു. ബാക്കിയുള്ള 15478 വീടുകളുടെ പണി ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. ജൂൺ മാസം അവസാനത്തോടെ ഈ വീടുകളുടെ പണികൂടി പൂർത്തീകരിക്കുന്നതിനാണ് മിഷൻ ലക്ഷ്യമിടുന്നത്. 94% വീടുകളുടെയും പണി വിജയകരമായി പൂർത്തിയാക്കിയ എറണാകുളം ജില്ലയാണ് ഒന്നാം ഘട്ടത്തിൽ മുന്നിട്ടുനിൽക്കുന്നത്. 82% വീടുകളുടെ പണി പൂർത്തിയാക്കിയ ആലപ്പുഴ ജില്ല രണ്ടാം സ്ഥാനത്തും 81% വീടുകളുടെ പണി പൂർത്തിയാക്കിയ തൃശ്ശൂർ ജില്ല മൂന്നാംസ്ഥാനത്തുമാണ്. പൂർത്തിയാക്കിയ വീടുകളുടെ എണ്ണത്തിൽ പാലക്കാട് ജില്ല 5633 എണ്ണത്തോടെ ഒന്നാം സ്ഥാനത്തും 5493 വീടുകളുടെ എണ്ണത്തോടെ വയനാട് ജില്ലാ രണ്ടാം സ്ഥാനത്തും ആണ്.

സംസ്ഥാനം ഒട്ടാകെ 72% വീടുകളുടെ പണിയാണ് മിഷൻ ഇതുവരെ പൂർത്തിയാക്കിയിട്ടുള്ളത്. വിവിധ വകുപ്പുകൾ ഏറ്റെടുക്കുകയും വിവിധ കാരണങ്ങളാൽ നിർമ്മാണം മുടങ്ങിക്കിടക്കുന്നതുമായ 56000-ത്തോളം വീടുകളുടെ പണിയാണ് ലൈഫ് മിഷൻ ഏറ്റെടുത്തത്. മുമ്പ് നൽകിയ ഗഡുക്കളുടെ ബാക്കിതുക നാല് ലക്ഷം രൂപയിലേക്ക് ആനുപാതികമായി വർദ്ധിപ്പിച്ച് നൽകിയാണ് ഇത്രയും വീടുകളുടെ പണി പൂർത്തിയാക്കിയത്. 80% വീടുകൾ ബ്ലോക്കുകളിലും 77% വീടുകൾ കോർപ്പറേഷനുകളിലും 74% വീടുകൾ ഗ്രാമപഞ്ചായത്തുകളിലും ഇതിനോടകംതന്നെ പൂർത്തിയാക്കുവാൻ സാധിച്ചിട്ടുണ്ട്.

ഇതോടൊപ്പമാണ് മിഷന്റെ രണ്ടാംഘട്ടത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. ഭൂമിയുള്ള ഭവനരഹിതരായ രണ്ടര ലക്ഷം ഗുണഭോക്താക്കളെയാണ് ഈയൊരു ഉദ്യമംവഴി ലൈഫ് മിഷൻ ലക്ഷ്യമിടുന്നത്. നമ്മുടെ രാജ്യത്തുതന്നെ

ഭൂമിയുള്ള ഭവനരഹിതരായ രണ്ടര ലക്ഷം ഗുണഭോക്താക്കളെയാണ് ഈയൊരു ഉദ്യമം വഴി ലൈഫ് മിഷൻ ലക്ഷ്യമിടുന്നത്.

# അർഹതയുള്ള എല്ലാവർക്കും ലൈഫ്



തിരുവനന്തപുരത്ത് കരിമഠം ലൈഫ് പദ്ധതിയുടെ പൂർത്തിയായ ഭവനങ്ങളുടെ താക്കോൽദാനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കുന്നു. മന്ത്രി ഡോ. കെ.ടി. ജലീൽ സമീപം.

അർഹതയുള്ള മുഴുവൻ ആളുകൾക്കും ലൈഫ് പദ്ധതിവഴി വീട് ഉറപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തിരുവനന്തപുരത്ത് കരിമഠം ലൈഫ് പദ്ധതിയുടെ ശിലാസ്ഥാപനവും പൂർത്തിയായ ഭവനങ്ങളുടെ താക്കോൽദാനവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ലൈഫ് പദ്ധതി വഴി വീടില്ലാത്തവർക്ക് വീട് മാത്രമല്ല, ജീവിത മാർഗം കണ്ടെത്താനുള്ള സഹായവും നൽകാനാണ് ശ്രമിക്കുന്നത്. ഭവനസമുച്ചയങ്ങൾക്കൊപ്പം കുട്ടികളുടെ പഠനത്തിനാവശ്യമായ പിന്തുണാ സൗകര്യം ഒരുക്കും. പ്രായമായവർ, രോഗികൾ തുടങ്ങിയവരെ പ്രത്യേകം ശ്രദ്ധിക്കാൻ സംവിധാനമുണ്ടാകും.



മറ്റൊരു സംസ്ഥാനവും ഏറ്റെടുക്കാൻ തയ്യാറാകാത്ത ഒരു ലക്ഷ്യമാണ് ലൈഫ് മിഷൻ ഈയൊരു ഉദ്യമത്തിലൂടെ നിറവേറ്റാൻ ഉദ്ദേശിക്കുന്നത്. നവകേരള മിഷനുകളുടെ കൂട്ടത്തിൽതന്നെ ലൈഫ് മിഷനെ വേർതിരിച്ചു നിർത്തുന്നതും ഈയൊരു പ്രധാന ഘടകമാണ്. കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകുന്നതിനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹികക്ഷേമ പദ്ധതികളുടെയും പ്രയോജനം കേന്ദ്രീകരിക്കുന്നതിനും ഉതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെയാണ് സർക്കാർ ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കിയത്.

രണ്ടാം ഘട്ടത്തിന്റെ തുടക്കം മാത്രമെ ആയിട്ടുള്ളുവെങ്കിലും ഇതിനോടകം തന്നെ സംസ്ഥാനം ഒട്ടാകെ നഗരപ്രദേശങ്ങളിൽ (പി.എം.എ.വൈ-ലൈഫ്) 3400 വീടുകളുടെയും ഗ്രാമപ്രദേശങ്ങളിൽ 10 വീടുകളുടെയും പണി പൂർത്തിയായി. പുതിയ വീടുകളുടെ നിർമ്മാണത്തിന് യൂണിറ്റ് ഒന്നിന് 4 ലക്ഷം രൂപയാണ് മിഷൻ ലഭ്യമാക്കു

# പദ്ധതിവഴി വീട് ഉറപ്പാക്കും : മുഖ്യമന്ത്രി



ലൈഫ് പോലുള്ള പദ്ധതികൾ സർക്കാർ കാര്യം മാത്രമായി കാണാതെ നാടിന്റെ കൂടി പങ്കാളിത്തത്തോടെ വീടുകൾ പൂർത്തീകരിക്കുന്ന നില വരണം. അതിനുള്ള ഇടപെടൽ സമൂഹത്തിന്റെ വിവിധതലങ്ങളിൽ വേണം. വീടുനിർമിക്കുമ്പോൾ അതിനെ സഹായിക്കാനുള്ള കൂട്ടായ്മയും അതിനൊപ്പം രൂപം കൊള്ളണം. വീട് പൂർണതയിലെത്തിയാൽ അതിന്റെ ഭാഗമായ കൂട്ടായ്മ ആ ഭവനസമുച്ചയത്തിൽ ഉറപ്പാക്കുകയും ചെയ്യാം. അങ്ങനെയുണ്ടായാൽ അവിടെ പരിഹരിക്കപ്പെടേണ്ട പ്രശ്നമുണ്ടെങ്കിൽ ഈ കൂട്ടായ്മക്ക് അധികൃതശ്രദ്ധയിൽപ്പെടുത്താനാകും.

ഇപ്പോൾ നിർമാണത്തിന് തുടക്കം കുറിക്കുന്നത് പുതുതായുള്ള കേരളത്തിലെ ആദ്യ ലൈഫ് ഭവനസമുച്ചയമാണ്. ഇത് സമയബന്ധിതമായി പൂർത്തിയാക്കുമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. സ്വന്തമായി സ്ഥലമുള്ള ഭവനരഹിതർക്ക് ഒരുവർഷത്തിനുള്ളിൽ ലൈഫ് വഴി വീടുനിർമിച്ചുനൽകാൻ നടപടിയെടുക്കുമെന്ന് ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ അറിയിച്ചു. സ്വന്തമായി സ്ഥലമില്ലാത്തവർക്കായി ഒരു ജില്ലയിൽ ഒരു ഭവനസമുച്ചയമെങ്കിലും ഈ വർഷം യാഥാർഥ്യമാക്കുമെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ കോർപറേഷൻ മേയർ വി.കെ. പ്രശാന്ത് അധ്യക്ഷത വഹിച്ചു. വി.എസ്. ശിവകുമാർ എം.എൽ.എ, ഡെപ്യൂട്ടി മേയർ രാഖി രവികുമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി അധ്യക്ഷരായ സിമി ജ്യോതിഷ്, ആർ. ഗീതാഗോപാൽ, കെ. ശ്രീകുമാർ, സഫീറാ ബീഗം, ആർ. സതീഷ്കുമാർ, എസ്. ഉണ്ണികൃഷ്ണൻ, കൗൺസിലർമാരായ വി.ജി. ഗിരികുമാർ, ഡി. അനിൽകുമാർ, മുൻമേയർ കെ. ചന്ദ്രിക, യു.ആർ.സി ബി.പി.ഒ എ. നജീബ്, നഗരസഭാ സെക്രട്ടറി എൽ.എസ്.ദീപ തുടങ്ങിയവർ സംബന്ധിച്ചു.

കരിമഠത്തിൽ ബി.എസ്.യു.പി പദ്ധതി വഴി നിർമാണം തുടങ്ങിയ 180 ഭവനങ്ങളാണ് ഇപ്പോൾ ഒൻപതു ബ്ളോക്കുകളിലായി പൂർത്തിയാക്കി കൈമാറിയത്. നേരത്തെ 140 ഭവനങ്ങൾ കൈമാറിയിരുന്നു. ലൈഫ് പദ്ധതി വഴി 87 ഭവനങ്ങളുടെ ശിലാസ്ഥാപനമാണ് മുഖ്യമന്ത്രി നിർവഹിച്ചത്.

ന്നത്. 400 ച. അടിയിൽ നിർമ്മിക്കുന്ന ഈ വീടുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടും സർക്കാർ നീക്കിവെച്ചിരിക്കുന്ന ബജറ്റ് വിഹിതവും ചെലവാക്കും. അധികമായി വേണ്ടി വരുന്ന 4000 കോടി രൂപ ഹഡ്കോയിൽ നിന്നും വായ്പയായി ലഭ്യമാക്കിയിട്ടുണ്ട്. അതും ആവശ്യത്തിനനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കും. ഇതോടുകൂടി മിഷന്റെ രണ്ടാം ഘട്ടത്തിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് പോകും.

കേരളത്തിലെ ഭൂമിയില്ലാത്ത ഭവനരഹിതർക്ക് നിർമ്മിക്കാനുദ്ദേശിക്കുന്ന ഭവന സമുച്ചയങ്ങളുടെ ആദ്യഘട്ടമായി ഓരോ ജില്ലയിലും ഓരോ സമുച്ചയം നിർമ്മിക്കുന്നതിനായുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇവയുംകൂടി വരുന്നതോടെ ലൈഫ് മിഷൻ ലക്ഷ്യമിടുന്ന കേരളത്തിലെ എല്ലാവർക്കും സുരക്ഷിതവും മാന്യവുമായ ഭവനങ്ങളും ഉപജീവനം നിർവ്വഹിക്കുന്നതിനുള്ള മാർഗ്ഗങ്ങളും ലക്ഷ്യപ്രാപ്തിയിലെത്തും.

*ലേഖകൻ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്.*

**ലൈഫ് മിഷൻ:**

**ഗുണഭോക്തൃ ലിസ്റ്റ് സംബന്ധിച്ച നിർദ്ദേശങ്ങൾ**

ലൈഫ് മിഷൻ ഗുണഭോക്തൃ ലിസ്റ്റ് സംബന്ധിച്ച് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

- ഗ്രാമസഭ അംഗീകരിച്ച് അന്തിമമായ ലൈഫ് ഗുണഭോക്തൃലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധന നടത്തി ആരെയും ഒഴിവാക്കാൻ പാടില്ല.
- അനർഹരായവരുണ്ടെങ്കിൽ അതിന്റെ വ്യക്തമായ കാരണം രേഖപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
- ഉചിതമായ തീരുമാനം ഭരണസമിതിക്ക് കൈക്കൊള്ളാവുന്നതാണ്.
- ആവശ്യമെങ്കിൽ തീരുമാനമെടുക്കാൻ പ്രസ്തുത വിഷയം സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ്.
- റേഷൻ കാർഡ് ഇല്ല എന്നതിന്റെ പേരിൽ അർഹതയുള്ള ഒരു കുടുംബത്തെയും ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽനിന്ന് ഒഴിവാക്കരുത്.



# നിപ

**ഡോ. ചിന്ത എസ്.**

മെയ് മാസം പകുതി തുടങ്ങി മൂന്നാഴ്ച കാലം കേരളം മുമ്പൊരിക്കലും കേൾക്കാത്ത, അനുഭവിക്കാത്ത ഒരു അപകടകരമായ വെല്ലുവിളി നേരിടുകയുണ്ടായി. തലതിരിഞ്ഞുവന്ന ഒരു പനി- 'നിപ്'. രോഗബാധയേറ്റ് ഓരോരുത്തരായി മരിക്കുമ്പോഴും പുതിയ രോഗസ്ഥിതീകരണത്തിന്റെ വാർത്തകൾ പുറത്തുവരുമ്പോഴും ആശങ്കയോടെയും ഭീതിയോടെയും എന്നാൽ തികഞ്ഞ ജാഗ്രതയിൽ കഴിച്ചുകൂട്ടിയ ദിനങ്ങൾ. ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ടുള്ള രോഗവ്യാപന നിയന്ത്രണപരിപാടികളുടെ ഫലമായി കേരളം മരണം വിതയ്ക്കുന്ന ഈ അപൂർവ്വമായ മഹാമാരിയെ വരുതിയിലാക്കി. അവസാനത്തെ രോഗബാധകഴിഞ്ഞു പരമാവധി ഇൻകുബേഷൻ കാലാവധി ആയ 21 ദിവസം പിന്നിട്ടപ്പോൾ ജാഗ്രതാനിർദ്ദേശം പിൻവലിക്കുകയും ഉണ്ടായി. ഈ അവസരത്തിൽ നമ്മെ വിറപ്പിച്ച ഈ പുതിയ ശത്രുവിനെ ഒന്ന് മനസ്സിലാക്കാം.

ഇത്ര വലിയ മരണനിരക്കുള്ള ചുരുക്കം രോഗങ്ങൾ മാത്രമേ നമ്മുടെ അറിവിലുള്ളു, നമ്മൾ എപ്പോഴും ഭയക്കുന്ന എബോളയെക്കാളും ഭീകരമായ രോഗം.



ആരോഗ്യരംഗത്തെ കേരളത്തിന്റെ അസൂയാവഹമായ നേട്ടങ്ങൾക്ക് മങ്ങൽ ഏല്പിച്ചുകൊണ്ട് കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി കുറച്ചധികം പുതിയ പകർച്ചവ്യാധികൾ ഇവിടെ ദുരിതം വിതയ്ക്കുന്നു. ഡെങ്കിപ്പനി, H1N1 ഫ്ലൂ, ചിക്കുൻഗുന്യ, ജപ്പാൻ ജ്വരം, കരിമ്പനി, ചെള്ളുപനി, വെസ്റ്റ്നൈൽ പനി തുടങ്ങിയവ. ഈ പട്ടികയിൽ പുതിയതായി ചേർക്കപ്പെടുകയാണ് നിപ പനി. കോഴിക്കോടുള്ള പേരാമ്പ്രയിൽ ഒരു കുടുംബത്തിൽ തന്നെയുള്ള നാലുപേർ ഈ രോഗം ബാധിച്ച് മരണമടയുകയും ആദ്യം രോഗബാധിതനായ വ്യക്തിയിൽ നിന്ന് തന്നെ പതിനഞ്ചോളം പേർക്കും ഇവരിൽ നിന്ന് രണ്ടു മൂന്ന് പേർക്കും രോഗബാധയുണ്ടായി. രോഗം സ്ഥിതീകരിച്ചത് 19 പേരിൽ ആയിരുന്നു. ഇവരിൽ രണ്ടുപേരൊഴികെ 17 പേരും മരണപ്പെട്ടു. മരണനിരക്ക് 90% ആയിരുന്നു. ഇത്ര വലിയ മരണനിരക്കുള്ള ചുരുക്കം രോഗങ്ങൾ മാത്രമേ നമ്മുടെ അറിവിലുള്ളു, നമ്മൾ എപ്പോഴും ഭയക്കുന്ന എബോളയെക്കാളും ഭീകരമായ രോഗം.

1998 ൽ മലേഷ്യയിലാണ് ആദ്യമായി നിപ വൈറസ് രോഗം സ്ഥിതീകരിച്ചത്. അവിടുത്തെ 'സുംഗായി നിപ' എന്ന സ്ഥലപേരിൽ നിന്നാണ് ഈ രോഗത്തിന് അതിന്റെ പേര് ലഭിച്ചത്. അവിടെ വവ്വാലുകളിൽ നിന്ന് പന്നികളിലേക്കു പഴങ്ങൾ വഴി വൈറസ് ബാധയുണ്ടാവുകയും പന്നികളിൽ നിന്ന് മനുഷ്യരിലേക്ക് രോഗം പിടിപെടുകയുമാണ് ഉണ്ടായത്. തുടർന്ന് സിംഗപ്പൂരിലും ഇത്തരത്തിൽ നിപ ബാധ റിപ്പോർട്ട് ചെയ്യപ്പെട്ടു. 2001 മുതൽ ബംഗ്ലാദേശിൽ എല്ലാ വർഷവും ജനവരി മുതൽ മെയ് വരെയുള്ള മാസങ്ങളിൽ നിപ പനി outbreak കൾ കണ്ടുവരുന്നു. ഇന്ത്യയിൽ ഇതിനുമുമ്പ് രണ്ടു തവണയാണ് ഈ രോഗം റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ബംഗ്ലാദേശുമായി അതിർത്തി പങ്കിടുന്ന സ്ഥലങ്ങളിൽ ആണ് രോഗബാധയുണ്ടായത്. 2001 ൽ ബംഗാളിലെ സിലിഗുരിയിലും 2007 ൽ അവിടെ

ത്തന്നെയുള്ള നാഡിയ ജില്ലയിലും. ഓരോ ഔട്ട്ബ്രേക്കിലെയും കണക്കുകൾ പട്ടികയിൽ ചേർക്കുന്നു.

## ലോകത്തെ നിപ വൈറസ് outbreak കളുടെ കണക്കുകൾ


| വർഷം | സ്ഥലം | കേസുകൾ | മരണം |
|---|---|---|---|
| 1998-99 | മലേഷ്യ | 265 | 105 |
| 1999 | സിംഗപ്പൂർ | 11 | 1 |
| 2001 | സിലിഗുരി, ഇന്ത്യ | 66 | 45 |
| 2001 | ബംഗ്ലാദേശ് | 13 | 9 |
| 2003 | ബംഗ്ലാദേശ് | 12 | 8 |
| 2004 | ബംഗ്ലാദേശ് | 65 | 49 |
| 2005 | ബംഗ്ലാദേശ് | 12 | 11 |
| 2007 | ബംഗ്ലാദേശ് | 20 | 13 |
| 2008 | ബംഗ്ലാദേശ് | 13 | 7 |
| 2007 | നാഡിയ, ഇന്ത്യ | 5 | 5 |
| 2009 | ബംഗ്ലാദേശ് | 4 | 1 |
| 2010 | ബംഗ്ലാദേശ് | 17 | 15 |
| 2011 | ബംഗ്ലാദേശ് | 44 | 40 |
| 2012 | ബംഗ്ലാദേശ് | 12 | 10 |
| 2013 | ബംഗ്ലാദേശ് | 24 | 21 |
| 2014 | ബംഗ്ലാദേശ് | 18 | 9 |
| 2015 | ബംഗ്ലാദേശ് | 9 | 6 |
| 2018 | കേരളം | 19 | 17 |

## ഉറവിടവും രോഗപകർച്ചയും


പാരാമിക്സോ വൈറസ് വിഭാഗത്തിൽപ്പെട്ട ഹെനിപ ജനുസിൽ ഉള്ള RNA വൈറസ് ആണ് നിപ. ഇത് തെക്കുകിഴക്കൻ ഏഷ്യൻ മേഖലയിലെ pteropus ജനുസ്സിലെ പഴംതീനി വവ്വാലുകളിൽ രോഗം ഒന്നും ഉണ്ടാക്കാതെ സ്വാഭാവികമായി കണ്ടുവരുന്നു. അതായത് ഈ വവ്വാലുകൾ ആണ് നിപ വൈറസിന്റെ പ്രകൃതിദത്ത വാഹകർ. ഇവയുടെ ഉമിനീർ, മൂത്രം, കാഷ്ഠം, മറ്റു സ്രവങ്ങൾ തുടങ്ങിയവയാൽ മലിനപ്പെട്ട പഴങ്ങൾ പോലെയുള്ള വസ്തുക്കൾ വഴി പന്നി, കുതിര തുടങ്ങിയ മൃഗങ്ങളിലേക്കും മനുഷ്യനിലേക്കും വൈറസ് ആകസ്മികമായി പകരുന്നു. വവ്വാലുകൾ മലിനമാക്കിയ കള്ള് പോലുള്ള പാനീയങ്ങൾ വഴിയാണ് ഇത് ബംഗ്ലാദേശിൽ മനുഷ്യരിൽ രോഗബാധയുണ്ടാക്കിയത്. ഇന്ത്യയിൽ വൈറസ് മനുഷ്യനെ ബാധിച്ചതിന്റെ ഉറവിടം പൂർണമായും സ്ഥിതീകരിച്ചിട്ടില്ല. വനനശീകരണവും കാലാവസ്ഥാവ്യതിയാനവും ഒക്കെ മൂലം ആവാസവ്യവസ്ഥ നഷ്ടപെടുന്ന വവ്വാലുകളിൽ ഉണ്ടാകുന്ന അസ്വാഭാവിക മാറ്റങ്ങൾ രോഗപകർച്ചയ്ക്ക് ആക്കം കൂട്ടുന്നു എന്ന് വിദഗ്ധർ അഭിപ്രായപെടുന്നു.

ബംഗ്ലാദേശിലും ഇന്ത്യയിലും മനുഷ്യരിൽ നിന്നും മനുഷ്യരിലേക്ക് രോഗം പകർന്നത് വഴിയാണ് കൂടുതൽ കേസുകളും ഉണ്ടായത്. രോഗിയും ആയി അടുത്ത് ഇടപഴകുന്നവർക്ക് രോഗിയുടെ ശരീരസ്രവങ്ങളും ആയി സമ്പർക്കത്തിൽ വരുമ്പോൾ ആണ് വൈറസ് ബാധയുണ്ടാകുന്നത്. ഡോക്ടർമാർ, നേഴ്സമാർ തുടങ്ങിയ ആശുപത്രി ജീവനക്കാർക്ക് രോഗം കൂടുതലായി ബാധിക്കുന്നതായി കണ്ടുവരുന്നു. രോഗിയെ പരിചരിച്ച ബന്ധുക്കൾക്കും മരണാനന്തരച്ചടങ്ങുകളിൽ രോഗിയുടെ ശരീരവും ആയി നേരിട്ട് സമ്പർക്കം വന്നവരിലും രോഗപകർച്ചയ്ക്ക് സാധ്യത ഉണ്ട്. രോഗിയോടൊപ്പം ഒരു മുറിയിലോ വാഹനത്തിലോ കൂടുതൽ നേരം ചെലവാക്കുന്നതും രോഗസാധ്യത കൂട്ടുന്നു. എങ്കിലും ഒരു മീറ്ററിൽ കൂടുതൽ അകലത്തിലേക്ക് വൈറസ് പകരാൻ സാധ്യത കുറവാണ്. മാത്രവുമല്ല തീവ്രമായ രോഗലക്ഷണങ്ങൾ കാണിച്ചു തുടങ്ങുമ്പോൾ മാത്രമാണ് വൈറസ് മറ്റുള്ളവരിലേക്ക് പകരുന്നത് എന്നാണ് ഇത് വരെയുള്ള നമ്മുടെ അനുഭവം. മറ്റു സാംക്രമികരോഗങ്ങളെ പോലെ ഇൻകുബേഷൻ സമയത്ത് അതായത് രോഗലക്ഷണങ്ങൾ കാണിക്കുന്നതിന് മുമ്പ് ഇത് പകരുന്നില്ല എന്നുള്ളത് ഏറെ ആശ്വാസം തരുന്നു.

ഈ വൈറസിന്റെ മറ്റൊരു പ്രത്യേകത കൂടി നമ്മെ ഒരു വൻവിപത്തിൽ നിന്ന് രക്ഷിച്ചു. നിപ വൈറസ് ബാധ ഒരാളിൽനിന്നും മറ്റൊരാളിലേക്ക് കടന്നുപോകുമ്പോൾ അതിന്റെ രോഗവ്യാപനശേഷി കുറഞ്ഞുവരുന്നതായിട്ടാണ് കണ്ടുവരുന്നത്. ആദ്യം രോഗം ബാധിച്ച വ്യക്തിയിൽ നിന്ന് അദ്ദേഹവുമായി അടുത്തിടപഴകിയ വീട്ടുകാർ, നേഴ്സമാർ, കൂടെയുണ്ടായിരുന്ന രോഗികൾ, കൂട്ടിരുപ്പുകാർ തുടങ്ങിയ 15 പേർക്ക് രോഗബാധയുണ്ടായെങ്കിലും ഇവരിൽ നിന്ന് രണ്ടാം ഘട്ട രോഗ വ്യാപനം ഫലവത്തായിരുന്നില്ല. മൂന്നിൽ




**വനനശീകരണവും കാലാവസ്ഥാവ്യതിയാനവും ഒക്കെ മൂലം ആവാസ വ്യവസ്ഥ നഷ്ടപെടുന്ന വവ്വാലുകളിൽ ഉണ്ടാകുന്ന അസ്വാഭാവിക മാറ്റങ്ങൾ രോഗപകർച്ചയ്ക്ക് ആക്കം കൂട്ടുന്നു എന്ന് വിദഗ്ധർ അഭിപ്രായപെടുന്നു.**




താഴെ ആളുകൾക്ക് മാത്രമേ ഇത്തരത്തിൽ രണ്ടാംഘട്ട വ്യാപനത്താൽ രോഗം ബാധിച്ചിരുന്നുള്ളൂ. മറിച്ചായിരുന്ന വൈറസിന്റെ പെരുമാറ്റമെങ്കിൽ ഇന്നത്തേക്ക് നൂറു കണക്കിന് ആളുകൾ ഈ രോഗം ബാധിച്ച മരണപെട്ടേനെ. പൊതുവേ നിപ വൈറസ് ഇത്തരത്തിൽ തന്നെയാണ് ബംഗ്ലാദേശിലും മറ്റു സ്ഥലങ്ങളിലും പ്രകടമായത്.

## രോഗലക്ഷണങ്ങൾ, ചികിത്സ

വൈറസ് ശരീരത്തിൽ പ്രവേശിച്ച ശരാശരി 5 മുതൽ 14 ദിവസത്തിനകം രോഗലക്ഷണങ്ങൾ കാണിച്ചു തുടങ്ങുന്നു. പരമാവധി 21 ദിവസം വരെ സമയം എടുക്കാം. ശക്തമായ പനിയായി തുടങ്ങി, മൂന്ന് നാല് ദിവസത്തിനുള്ളിൽ തന്നെ ശ്വാസകോശത്തെയും തലച്ചോറിനെയും ബാധിച്ച രോഗി പെട്ടെന്ന് മരണപ്പെടുന്നു. തുടക്കത്തിൽ തലവേദന, ബോധക്ഷയം, പിച്ചുംപേയും പറയുക, ശ്വാസംമുട്ട് തുടങ്ങിയ ലക്ഷണങ്ങൾ കാണിക്കുന്നു. ഈ വൈറസിനെതിരെ ഫലവത്തായ മരുന്നുകളില്ല. supportive ട്രീറ്റ്മെന്റ് ആണ് നമ്മൾ അവലംബിക്കുന്ന മാർഗ്ഗങ്ങൾ. പരീക്ഷണാടിസ്ഥാനത്തിൽ Ribavirin എന്ന antiviral മരുന്ന് കൊടുക്കുന്നുണ്ടെങ്കിലും ഇത് പൂർണമായി ഫലവത്താണ് എന്ന് തെളിയിച്ചിട്ടില്ല. ഇതിനെ കുറിച്ചും monoclonal antibody പോലെയുള്ള മറ്റു പ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ചും കൂടുതൽ പഠനങ്ങൾ ആവശ്യമുണ്ട്.

തുടർപഠനം ആവശ്യമുള്ള മറ്റൊരു പ്രധാനപെട്ട സംഗതിയാണ് ഈ വൈറസിന്റെ കേരളത്തിലെ ഉറവിടം കണ്ടെത്തുകയെന്നത്. ഒരു category C bioterrorism agent കൂടിയാണ് നിപ വൈറസ്. ഉറവിടത്തെ കുറിച്ച് പല അഭ്യൂഹങ്ങളും നിലനില്ക്കേ വവ്വാലുകളുടെയും മൃഗങ്ങളുടെയും സാമ്പിൾ ശേഖരണം ഉൾപ്പെടെയുള്ള ശാസ്ത്രീയ പഠനങ്ങൾ തുടരണം. വവ്വാലിൽ വൈറസ്ബാധ കണ്ടെത്തുക ശ്രമകരമാണ്. എൻഡെമിക് സ്ഥലങ്ങളിൽ പോലും വളരെ ചെറിയ ഒരു ശതമാനം വവ്വാലുകളിൽ മാത്രമേ വൈറസുകൾ കാണാറുള്ളൂ. സംശയിക്കപ്പെടുന്ന ആദ്യ രോഗിക്ക രോഗവാഹിയായ ഒരു വവ്വാലിൽ നിന്നും നേരിട്ട് അല്ലെങ്കിൽ മറ്റു മൃഗങ്ങൾ വഴിയോ ആണ് വൈറസ്ബാധയുണ്ടായത് എന്നതന്നെയാണ് പ്രാഥമിക നിഗമനം.

നിപ മനുഷ്യനൾപ്പെടെ ധാരാളം മൃഗങ്ങളിൽ അണുബാധയുണ്ടാക്കാമെങ്കിലും മലേഷ്യയിൽ പന്നികൾ വഴി ഉണ്ടായ രോഗം ഒഴികെ മറ്റൊരിടത്തും മൃഗങ്ങൾ വഴി ഇത് പടരുന്നത് കണ്ടിട്ടില്ല. വവ്വാലുകൾ ഒഴികെ മറ്റു ജീവികളിൽ നിപാരോഗം മരണകാരണം ആയേക്കാം. എന്നാൽ സംസ്ഥാനത്ത് ഒരിടത്തും പന്നികൾ ഉൾപ്പെടെയുള്ള മൃഗങ്ങൾ കൂട്ടത്തോടെ ചാവുന്നതു ശ്രദ്ധയിൽ പെട്ടിട്ടില്ല. കോഴികൾ ഉൾപ്പെടെയുള്ള പക്ഷികൾ നിപാരോഗവ്യാപനവുമായി ഒരു ബന്ധവുമില്ലാത്ത ജീവികളാണ്. നിപ രോഗം പേടിച്ച പഴങ്ങൾ കഴിക്കാതിരിക്കുന്നതിനും ശാസ്ത്രീയ അടിസ്ഥാനമില്ല. വവ്വാലുകൾ കടിച്ചപേക്ഷിച്ച പഴങ്ങൾ ഉപയോഗിക്കാതിരിക്കാം, പഴങ്ങൾ കഴുകിമാത്രം ഉപയോഗിക്കാം, അത്രമാത്രം മതി. ശരീരത്തിന് പുറത്ത് ഈ വൈറസിന് അധിക നേരം നിലനില്ക്കാൻ കഴിയില്ല. ചൂടാക്കുന്നത് വഴിയും സോപ്പും വെള്ളവും ആന്റിസെപ്റ്റിക്കുകളും മറ്റും ഉപയോഗിക്കുന്നത് വഴിയും ഈ വൈറസ് നശിച്ചുപോകുന്നു. വായുവിലൂടെ രോഗാണു പകരില്ല, മറിച്ച droplet കൾ വഴി അടുത്ത സമ്പർക്കത്തിലൂടെ മാത്രമേ ഇത് പകരുകയുള്ളൂ എന്നതുകൊണ്ട് പൊതുസ്ഥലങ്ങളിൽ മാസ്കുകൾ ധരിച്ച നടക്കേണ്ട ആവശ്യമില്ല.

പകർന്നുപിടിക്കുന്നതും ചികിത്സ ഇല്ലാത്തതും 90% ത്തോളം മരണനിരക്കുമുള്ള നിപ രോഗം നമ്മളെ ചില പാഠങ്ങൾ പഠിപ്പിക്കുന്നു. ആശുപത്രി ജീവനക്കാർക്കാണ് നിപ വൈറസ് ബാധ ഉണ്ടാകാനുള്ള സാധ്യത ഏറെയും. ഓരോ രോഗിയെയും പരിചരിക്കുമ്പോൾ സ്വീകരിക്കേണ്ട universal precautions, barrier നഴ്സിംഗ് തുടങ്ങിയ ആവശ്യം പാലിക്കേണ്ട പ്രതിരോധ മാർഗ്ഗങ്ങളുടെ പ്രാധാന്യത്തിന്റെ ഓർമ്മപ്പെടുത്തൽ കൂടിയാകുന്നു ഈ ദുരന്തം. രോഗപ്രതിരോധത്തിനായി നമ്മൾ പാലിക്കേണ്ട വ്യക്തിശുചിത്വം, ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും മുഖം പൊത്തിപിടിക്കേണ്ട ആവശ്യകത, ആശുപത്രികളിൽ രോഗീ സന്ദർശനങ്ങൾ തുടങ്ങിയ അനാവശ്യമായ ശീലങ്ങൾ ഒഴിവാക്കുക - ഇത്തരത്തിൽ പകർച്ചവ്യാധികൾ തടയാൻ നമ്മൾ ബോധപൂർവ്വം തന്നെ പാലിക്കണ്ട അടിസ്ഥാന തത്വങ്ങൾ അടിവരയിട്ടു കാണിക്കുന്ന ഈ ദുരനുഭവം.

**ഈ വൈറസിനെതിരെ ഫലവത്തായ മരുന്നുകളില്ല. supportive ട്രീറ്റ്മെന്റ് ആണ് നമ്മൾ അവലംബിക്കുന്ന മാർഗ്ഗങ്ങൾ. പരീക്ഷണാടിസ്ഥാനത്തിൽ Ribavirin എന്ന antiviral മരുന്ന് കൊടുക്കുന്നുണ്ടെങ്കിലും ഇത് പൂർണമായി ഫലവത്താണ് എന്ന് തെളിയിച്ചിട്ടില്ല.**

*ലേഖിക തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ്.*

# ഇടവപ്പാതിയിൽ നമ്മുടെ പാതി

ഡോ.രഹ്ന റഹ്മാൻ

എല്ലാവർക്കും എപ്പോഴെങ്കിലും കുളിരേകുന്ന അനുഭവമാണ് മഴ. വേനൽച്ചൂടിൽ, കാത്തിരുന്ന് കാത്തിരുന്ന് വർഷം എത്തുമ്പോൾ, നമ്മുടെ കുട്ടികൾ സ്കൂളിൽ പോയിത്തുടങ്ങുമ്പോൾ നാം അറിയാതെ നമ്മുടെ വീട്ടിലേക്ക് അതിഥിയായെത്തുന്ന ഒരുപിടി രോഗങ്ങളുമുണ്ട്. നാം കരുതലോടെ നേരിട്ടാൽ, ഒരു വലിയ പരിധിവരെ തടഞ്ഞു നിർത്താവുന്ന വലുതും ചെറുതുമായ പലവിധ രോഗങ്ങൾ.

തദ്ദേശ സ്ഥാപനങ്ങളുടെയും ആരോഗ്യ വകുപ്പിന്റെയും നേതൃത്വത്തിൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെങ്കിലും ജനങ്ങളെല്ലാം പ്രതിരോധത്തിലൂന്നി ജാഗരൂകരായി വർത്തിക്കേണ്ടതുണ്ട്. ജനങ്ങളെ ആരോഗ്യപരമായ ജീവിതരീതികളിലേക്ക് കൊണ്ടുവരാൻ എന്തുകൊണ്ടും പ്രാപ്തിയുള്ളത് അവരോട് അടുത്തിടപഴകി, അവരുടെ പ്രശ്നങ്ങളും ആവശ്യങ്ങളും പരിഗണിച്ച്, അവരെ മുന്നിൽ നിന്ന് നയിച്ച്, അവരുടെ ജീവിതം സുഗമമാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. വാർഡുതല പ്രവർത്തനങ്ങളിലൂടെ മഴക്കാല രോഗ അവബോധവും പ്രതിരോധ മാർഗ്ഗങ്ങളും ജനങ്ങളിലെത്തിക്കാനായാൽ പനിച്ചൂടിൽ നിന്ന് അകലുന്നത് ഒരു നാട് തന്നെയാണ്. ആരോഗ്യ പ്രവർത്തകരും ആശ പ്രവർത്തകരും സന്നദ്ധ പ്രവർത്തകരും നാട്ടുകാരും ഒത്തുചേർന്ന് പ്രതിരോധം തീർക്കുമ്പോൾ മഴക്കാലം ആരോഗ്യത്തോടെ ആസ്വദിക്കാൻ നമുക്കും നമ്മുടെ കുഞ്ഞുങ്ങൾക്കും സാധിക്കും.

ജലദോഷപ്പനിയും മലമ്പനിയും ഡെങ്കിപ്പനിയും മഞ്ഞപ്പിത്തവും എല്ലാം ഉൾപ്പെടുന്ന മഴക്കാല രോഗങ്ങളെ നമുക്ക് പൊതുവായി മൂന്ന് തലങ്ങളായി തിരിക്കാം.

- വായുജന്യ രോഗങ്ങൾ
- ജല ഭക്ഷണ ജന്യരോഗങ്ങൾ
- ജന്തു ജന്യരോഗങ്ങൾ



**കഴിഞ്ഞ വർഷങ്ങളിൽ നമ്മുടെ നാടിനെ ഏറ്റവും അലട്ടിയ പകർച്ചവ്യാധി ഡങ്കിപ്പനി ആണെന്ന് നിസ്സംശയം പറയാം. ഈഡിസ് കൊതുകുകൾ പരത്തുന്ന ഈ രോഗം കഴിഞ്ഞ വർഷം (2017) മാത്രം ഇരുപത്തിരണ്ടായിരത്തോളം പേരെ ബാധിച്ചു.**

## വായുജന്യ രോഗങ്ങൾ

മഴക്കാലത്തോടനുബന്ധിച്ച് അന്തരീക്ഷ താപവ്യതിയാനങ്ങളും മറ്റും കാരണം നമ്മിൽ നല്ലൊരു ശതമാനത്തിനും വരുന്ന ജലദോഷപ്പനി; ഇൻഫ്ളുവൻസ (Influenza) എന്ന് പൊതുവായ ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന പക്ഷിപനി, പന്നിപനി, H1N1- എന്നിങ്ങനെ നമുക്ക് പരിചിതമായ പലതരം വൈറൽ പനികൾ; തൊണ്ടവേദന, പഴുപ്പ്/ കഫം എന്നീ ലക്ഷണങ്ങളോടുകൂടി പലതരം ബാക്ടീരിയകൾ ഉണ്ടാക്കുന്ന വിവിധതരം അണുബാധകൾ, ന്യുമോണിയ, ഡിഫ്റ്റീരിയ- ഇവയെല്ലാം വായുജന്യ രോഗങ്ങളുടെ ഗണത്തിൽപ്പെടും. കൊച്ചുകുട്ടികൾക്കും വയോജനങ്ങൾക്കും പ്രമേഹം, കരൾ, വൃക്കരോഗങ്ങൾ, ശ്വാസകോശ സംബന്ധമായ രോഗങ്ങൾ (ആസ്ത്മ, COPD) ഉള്ളവർക്കും മേൽപ്പറഞ്ഞ അണുബാധകൾ എളുപ്പത്തിൽ വരാനും അതു ഗുരുതരമാകാനും സാധ്യത ഏറെയുണ്ട്. രോഗപ്രതിരോധശേഷി ഇക്കൂട്ടരിൽ താരതമ്യേന കുറവാണ് എന്നത് തന്നെ കാരണം. തണുത്ത നനുത്ത കാലാവസ്ഥ ഇതിന് എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നു താനും. ഒരു ഡിഗ്രി സെൽഷ്യസിലെ കുറവുപോലും നാല് ശതമാനത്തോളം ശ്വാസകോശ രോഗങ്ങളുടെ വർധനവിന് കാരണമാകുന്നു എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.

## ജല–ഭക്ഷണ ജന്യരോഗങ്ങൾ

വയറിളക്കം, ഛർദ്ദി തുടങ്ങിയ അസ്വാസ്ഥ്യങ്ങൾ പനിയോടു കൂടിയോ അല്ലാതെയോ വരുന്നത് മുഖ്യപങ്കും അശുദ്ധമായ ജലത്തിലോ ഭക്ഷണത്തിലോ അടങ്ങിയിരിക്കുന്ന അണുക്കളാലാണ്. റോട്ട വൈറസ്, കോളറ, ടൈഫോയിഡ് എന്നിവ ഇവയിൽ ചിലത് മാത്രം. മഴക്കാലത്ത് പലയിടത്തുനിന്നും ഒഴുകി വരുന്ന പലതരത്തിലുള്ള മാലിന്യം കൊണ്ട് നമ്മുടെ ജലസ്രോതസ്സ് മലിനമാകുന്നു. അതുകൊണ്ടു തന്നെ, ഇത്തരം സാംക്രമിക രോഗങ്ങളുടെ തോത് മഴക്കാലത്ത് വളരെ കൂടുതലാണ്. ജൂൺ- ജൂലൈ മാസങ്ങളിലെ കാലവർഷമാകട്ടെ, ഒക്ടോബർ-നവംബർ മാസങ്ങളിലെ തുലാവർഷമാകട്ടെ, ഈ പ്രവണതയ്ക്ക് ഒരു വ്യത്യാസവുമില്ലെന്ന് ആരോഗ്യവകുപ്പിന്റെ കണക്കുകൾ വ്യത്യമാക്കുന്നു.

ഇതിനു പുറമെയാണ് വർദ്ധിച്ചു വരുന്ന മഞ്ഞപ്പിത്തം പോലുള്ള സാംക്രമിക രോഗങ്ങൾ. ഇതിന്റെ ഒരു പ്രധാന കാരണമായ ഹെപ്പറ്റൈറ്റിസ് ബി വൈറസുകൾ ശരീരദ്രാവകങ്ങളിലൂടെ പകരുമ്പോൾ, ഹെപ്പറ്റൈറ്റിസ് എ വൈറസുകൾ വൃത്തിഹീനമായ ഭക്ഷണത്തിലൂടെയും വെള്ളത്തിലൂടെയുമാണ് പകരുന്നത്. മേൽപ്പറഞ്ഞ അസ്വസ്ഥതകൾക്ക് പുറമെ കരളിനെ ബാധിക്കുമെന്നതാണ് ഇതിന്റെ സവിശേഷത.

## ജന്തുജന്യരോഗങ്ങൾ

കഴിഞ്ഞ വർഷങ്ങളിൽ നമ്മുടെ നാടിനെ ഏറ്റവും അലട്ടിയ പകർച്ചവ്യാധി ഡങ്കിപ്പനി ആണെന്ന് നിസ്സംശയം പറയാം. ഈഡിസ്



കൊതുകുകൾ പരത്തുന്ന ഈ രോഗം കഴിഞ്ഞ വർഷം(2017) മാത്രം ഇരുപത്തിരണ്ടായിരത്തോളം പേരെ ബാധിച്ചു എന്നാണ് സർക്കാർ ആശുപത്രികളിൽ നിന്ന് മാത്രമുള്ള കണക്ക്. പത്തോ ഇരുപതോ വർഷങ്ങൾക്കു മുമ്പ് അധികം ആരും കേട്ടിട്ടുപോലുമില്ലാത്ത ഈ രോഗം കഴിഞ്ഞ ഒരു വർഷം മാത്രം ദുരിതക്കയത്തിലാക്കിയത് എത്ര കുടുംബങ്ങളെയാണ്! ചെറിയ വെള്ളക്കെട്ടുകളിൽ മുട്ടയിട്ടു പെരുകുന്ന ഈഡിസ് കൊതുകുകളും ഡെങ്കി വൈറസും ഉയർത്തിയത് മലയാളിയുടെ ശുചിത്വബോധ ത്തിന് നേരെയുള്ള ഒരു വലിയ ചോദ്യചിഹ്നം കൂടിയാണ്. മലമ്പനിയും ജപ്പാൻ ജ്വരവും ചിക്കുൻഗുനിയയും പോലുള്ള കൊതുകുകൾ പരത്തുന്ന രോഗങ്ങൾ വേറെയുമുണ്ട്. നമ്മുടെ നാട്ടിൽ മഴക്കാലമാകുമ്പോഴേക്കും കൊതുകുകൾക്ക് മുട്ടയിട്ടു പെരുകാനുള്ള സാഹചര്യം വളരെയധികം ഉണ്ടതാനും.

നമ്മെ അലട്ടുന്ന മറ്റൊരു രോഗമാണ് എലിയുടെയും അണ്ണാന്റെയും മറ്റും മൂത്രവിസർജ്യങ്ങൾ വഴി മനുഷ്യരിലെത്തുന്ന എലിപ്പനി. വെള്ളത്തിലും പറമ്പിലും മറ്റും പണിയെടുക്കുന്നവർക്കും (കർഷകർ, തൊഴിലുറപ്പു പ്രവർത്തകർ, കക്കവാരൽ തുടങ്ങിയവയിൽ ഏർപ്പെടുന്നവർ) വൃത്തിഹീനമായ പരിസരത്തിൽ വസിക്കുന്നവർക്കും ഈ രോഗം എളുപ്പത്തിൽ പിടിപെടാം. വളരെ പെട്ടെന്ന് മൂർച്ഛിക്കുകയും കരൾ, വൃക്ക എന്നിവയെ ബാധിക്കുകയും ചെയ്യുന്ന ഈ രോഗം എത്രയും പെട്ടെന്ന് ചികിത്സ തേടേണ്ട ഒന്നാണ്.

തൊഴിലുകൊണ്ട് എലിപ്പനിക്ക് സാധ്യതയുള്ളവർക്ക് ആരോഗ്യവകുപ്പ് പ്രവർത്തകർ മുഖേന സൗജന്യ പ്രതിരോധ മരുന്ന് വിതരണം ആഴ്ചതോറും ഉറപ്പുവരുത്തേണ്ടതുണ്ട്. അതിലുപരി പരിസര ശുചിത്വവും എലിശല്യ നിയന്ത്രണവും ഉറപ്പുവരുത്തണം.

ഇത്രയൊന്നും സാരമല്ലെങ്കിലും മഴക്കാലത്ത് കാണുന്ന തൊലിപ്പുറത്തുണ്ടാകുന്ന അസുഖങ്ങൾ ഒട്ടുമിക്കതും ഫംഗൽബാധ മൂലമാണ്. വ്യക്തി ശുചിത്വമാണ് ഇതിനുള്ള പോംവഴി. ശരീരത്തിലെ പ്രത്യേകിച്ച് വിരലുകൾക്കിടയിലും മറ്റും നനവ് നിത്യം നിൽക്കാതെ തുടച്ച് വൃത്തിയാക്കി വയ്ക്കുന്നതും ഇതിൽപെടും. വ്യക്തി ശുചിത്വത്തിൽ വ്യക്തമായ അവബോധം ഇതുമായി ബന്ധപ്പെട്ട് ആവശ്യമുണ്ട്.

മേൽപ്പറഞ്ഞ രോഗങ്ങൾ നിയന്ത്രിക്കാൻ നമുക്ക് എന്ത് ചെയ്യാം എന്നാണ് ചിന്തിക്കേണ്ടത്. ചിലതൊന്നും മനുഷ്യനാൽ മാറ്റാൻ കഴിയില്ല, പക്ഷെ നമുക്ക് ചെയ്യാൻ കഴിയുന്ന നിസ്സാരമായ ചില കാര്യങ്ങളുമുണ്ട്. ഈ മുൻകരുതലുകൾ നമ്മുടെയും അടുത്ത തലമുറകളുടെയും ശീലങ്ങളിൽ ഉൾക്കൊള്ളിക്കുകയും വേണം.

## എങ്ങനെ പ്രതിരോധിക്കാം?

നല്ല ഭക്ഷണവും പാനീയങ്ങളും നമുക്ക് മഴക്കാലത്ത് മാത്രമല്ല, എല്ലാ കാലത്തും ഉറപ്പുവരുത്തേണ്ടതാണ്. തിളപ്പിച്ച കുടിവെള്ളം, ചെറുചൂടോടെ കഴിവതും വീട്ടിൽ തയ്യാർ ചെയ്ത വൃത്തിയുള്ള ഭക്ഷണം എന്നിവ നമ്മുടെ ശീലങ്ങളിൽ തിരിച്ചു കൊണ്ടുവരേണ്ടിയിരിക്കുന്നു. ഇന്നത്തെ 'ഫാസ്റ്റ് ഫുഡ്' സമ്പ്രദായം നമുക്ക് പകർച്ചവ്യാധികൾ മാത്രമല്ല ഒട്ടേറെ ജീവിതശൈലീരോഗങ്ങളും സമ്മാനിക്കുന്നുണ്ട് എന്നോർക്കണം.

അഥവാ പുറത്തു നിന്ന് ഭക്ഷണം കഴിച്ചാൽ, അവിടെ ഉപയോഗിക്കുന്ന വെള്ളം, ആഹാരവസ്തുക്കൾ, അടുക്കള എന്നിവ വൃത്തിയുള്ളതാണെന്നും അവിടുത്തെ പാചകക്കാർ ടൈഫോയിഡ് പോലെയുള്ള സാംക്രമിക രോഗങ്ങളിൽ നിന്നും മുക്തരാണെന്നും ഉറപ്പ് വരുത്തണം. ഇത്തരം ജോലിയിൽ ഏർപ്പെടുന്നവർക്ക് ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഉണ്ടാകണമെന്നും കാലകാലങ്ങളിൽ അത് പുതുക്കണം എന്നും നിയമം അനുശാസിക്കുന്നു.

മഴക്കാലത്ത് ആഴ്ചതോറുമുള്ള ജലസ്രോതസ്സുകളുടെ വൃത്തിയാക്കലും ക്ലോറിനേഷനും നടത്തേണ്ടതുണ്ട്. ആരോഗ്യവകുപ്പ് ജീവനക്കാർ വഴി അതിനുള്ള സൗകര്യവും നിലവിലുണ്ട്. വയറിളക്കരോഗങ്ങൾ നന്നായി ബാധിച്ചിട്ടുള്ള ഭാഗങ്ങളിലെ കുടിവെള്ളസ്രോതസ്സുകൾ (കിണർ, കുളം എന്നിവ) ഗുണമേന്മ പരിശോധനകൾക്ക് വിധേയമാക്കേണ്ടതും ദിനംതോറും ക്ലോറിനേറ്റ് ചെയ്യേണ്ടതുമാണ്.

## വ്യക്തി ശുചിത്വം

രാവിലെ പല്ലുതേയ്ക്കുന്നതും കുളിക്കുന്നതും വൃത്തിയുള്ള വസ്ത്രം ധരിക്കുന്നതും മാത്രമല്ല വ്യക്തി ശുചിത്വം. പുറത്തുപോയി വരുമ്പോൾ ദേഹശുദ്ധി വരുത്തുന്നതും സോപ്പും വെള്ളവും ഉപയോഗിച്ച് കൂടെ കൂടെ കൈ കഴുകുന്നതും (പ്രത്യേകിച്ച് ചുമയും മറ്റും ഉള്ളപ്പോൾ) തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും തൂവാലകൊണ്ട് മൂക്കും വായും മറയ്ക്കുന്നതുമെല്ലാം ഇതിൽപെടും.

മറ്റുള്ളവരിലേക്ക് അണുക്കൾ പകരാതിരിക്കാൻ ഇത് വളരെ അത്യന്താപേക്ഷിതമാണ്. തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും പുറപ്പെടുവിക്കുന്ന അനേകലക്ഷം അണുക്കളെ മറ്റുള്ളവരിൽ എത്താതെ തടയാൻ നമുക്ക് ഇതിനാൽ സാധിക്കും. അടുത്ത് നിൽക്കുന്ന ആൾ ഇതൊന്നും ചിന്തിക്കാതെ തുമ്മുകയോ ചുമയ്ക്കുകയോ ചെയ്താൽ സ്വയരക്ഷയ്ക്ക് ഒരു തൂവാലയോ മറ്റോ കൊണ്ട് മറയുണ്ടാക്കുന്നതിലും തെറ്റില്ല.

**മഴക്കാലത്ത് ആഴ്ചതോറുമുള്ള ജലസ്രോതസ്സുകളുടെ വൃത്തിയാക്കലും ക്ലോറിനേഷനും നടത്തേണ്ടതുണ്ട്. ആരോഗ്യവകുപ്പ് ജീവനക്കാർ വഴി അതിനുള്ള സൗകര്യവും നിലവിലുണ്ട്.**



ഒരു കരിയിലയിലോ, മുട്ടത്തോടിലോ വരെ മുട്ടയിട്ടു പെരുകുന്ന ഈഡിസ് കൊതുകിനെയും അതുണ്ടാക്കുന്ന ഡെങ്കിപ്പനിയെയും മറ്റും തുരത്താൻ നമ്മളിനിയും വളരെയേറെ യത്നിക്കേണ്ടിയിരിക്കുന്നു

## പരിസര ശുചിത്വം

വ്യക്തി ശുചിത്വത്തിനൊപ്പം തന്നെ പ്രാധാന്യമുള്ളതാണ് പരിസര ശുചിത്വം. മലിനീകരണവും കാലാവസ്ഥ വ്യതിയാനങ്ങളും നഗരവത്കരണവും മറ്റും നമുക്കു ചുറ്റും വരുത്തിവയ്ക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ ചില്ലറയല്ല. ചെറുതും വലുതുമായ വെള്ളക്കെട്ടുകൾ, ഒഴുക്കു നിലച്ച അഴുക്കു ചാലുകൾ ഇവയിലൊക്കെ പെരുകുന്ന കൊതുകും ഈച്ചയും ഇവ പരത്തുന്ന വിവിധ രോഗങ്ങളെക്കുറിച്ചും പറഞ്ഞു കഴിഞ്ഞതാണ്.

ഇതിനൊക്കെ എതിരെയുള്ള ശുചീകരണം വീട്ടിൽ നിന്നു തുടങ്ങുകയും നാട്ടിലാകെ പരക്കുകയും ചെയ്യണമെങ്കിൽ അതിൽ പൊതുജനങ്ങളുടെയും തദ്ദേശസ്ഥാപനങ്ങളുടെയും പങ്ക് വളരെ വലുതാണ്.

മാലിന്യനിർമ്മാർജ്ജന സംരംഭങ്ങൾക്കും മാലിന്യമുക്ത നാടിന്റെ ആവശ്യകത ജനങ്ങൾക്ക് മനസ്സിലാക്കി കൊടുക്കുന്നതിനും അതിന് സ്വീകരിക്കാവുന്ന മാർഗ്ഗങ്ങളെക്കുറിച്ചുള്ള ബോധവത്കരണത്തിനും ഇനിയും പലതും ചെയ്യേണ്ടതുണ്ട്. ഒരു കരിയിലയിലോ, മുട്ടത്തോടിലോ വരെ മുട്ടയിട്ടു പെരുകുന്ന ഈഡിസ് കൊതുകിനെയും അതുണ്ടാക്കുന്ന ഡെങ്കിപ്പനിയെയും മറ്റും തുരത്താൻ നമ്മളിനിയും വളരെയേറെ യത്നിക്കേണ്ടിയിരിക്കുന്നു.

കൊതുകും കൂത്താടിയും പെരുകുന്നത് തടയാൻ ചില മാതൃകകൾ ചുവടെ കൊടുക്കുന്നു.

1. ശുദ്ധജലസേചന ടാങ്കുകളും പാത്രങ്ങളും മറ്റും കൊതുകു കയറാത്ത വിധം മൂടി സൂക്ഷിക്കാം.
2. കഴിയുമെങ്കിൽ ആഴ്ചയിൽ ഒരിക്കലെങ്കിലും ഇവയിലെ വെള്ളം വറ്റിച്ച് ഉണക്കാം.
3. കൂളറുകൾ, ചെടിച്ചട്ടികൾ, ഫ്ലവർവേസുകൾ, ഉപയോഗ ശൂന്യമായ ടയറുകൾ, ടിന്നുകൾ എന്നിവയിൽ വെള്ളം കെട്ടിനിൽക്കുന്നില്ലെന്ന് ആഴ്ചയിൽ ഒരു തവണയെങ്കിലും ഉറപ്പുവരുത്തണം. 'ഡ്രൈ ഡേ' (Dry Day) ആചരണം ഇതിന് വേണ്ടിയാണ് ആഹ്വാനം ചെയ്യപ്പെട്ടിട്ടുള്ളത്. വെള്ളിയാഴ്ചകളിൽ സ്കൂളുകളിലും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ശനിയാഴ്ചകളിൽ ഓഫീസുകളിലും ആശുപത്രികൾ പോലെയുള്ള പൊതുസ്ഥാപനങ്ങളിലും ഞായറാഴ്ചകളിൽ വീട്ടുവളപ്പിലും പൊതുസ്ഥലങ്ങളിലും നമുക്ക് ഡ്രൈ ഡേ ആചരിക്കാം.
4. ചിരട്ട, പ്ലാസ്റ്റിക് തുടങ്ങിയ പാഴ് വസ്തുക്കൾ മഴയിൽ വെള്ളം നിറയാൻ സാധ്യതയില്ലാത്ത വിധം ഭദ്രമാക്കി വയ്ക്കുകയോ അനുയോജ്യമാംവിധം നശിപ്പിക്കുകയോ വേണം. കരിയിലയും മറ്റും കഴിവതും കത്തിക്കുകയോ മണ്ണിൽ കുഴിച്ചിടുകയോ ചെയ്യുക.
5. ടെറസിലും പറമ്പിലും ഓവുചാലിലും മറ്റും വെള്ളം കെട്ടി നിൽക്കുന്നില്ലെന്നും ഉറപ്പുവരുത്തണം.
6. വെള്ളം സ്ഥിരമായി നിൽക്കുന്ന ടാങ്കുകളിൽ 'ഗപ്പി' പോലെയുള്ള കൂത്താടിയെ തിന്നുന്ന ചെറുമീനുകളെ വളർത്താം.
7. ഇത്തരം ജലസംഭരണികളിൽ മേൽപറഞ്ഞ മാർഗ്ഗങ്ങൾ സ്വീകാര്യമല്ലെങ്കിൽ ആരോഗ്യ വകുപ്പ് ജീവനക്കാർ മുഖേന ലഭ്യമാകുന്ന 'Temephos' തുടങ്ങിയ കെമിക്കലുകളും പരീക്ഷിക്കാവുന്നതാണ്.

ഏക ദിശയിലുള്ള നിയന്ത്രണ പ്രവർത്തനങ്ങൾ കൊണ്ടുമാത്രം കൊതുകുജന്യ രോഗങ്ങൾ വരുതിയിലാകണമെന്നില്ല. ആവശ്യമെങ്കിൽ ആരോഗ്യപ്രവർത്തകർ മുഖേന അതത് മേഖലകളിൽ 'Fogging' (മരുന്ന് വച്ച് പുകയിടൽ) തുടങ്ങിയ കാര്യങ്ങളും ചെയ്യാം. പക്ഷെ ഇതിന്റെ ശരിയായ ഫലത്തിന് ജനങ്ങളുടെ സഹകരണം ഉറപ്പു വരുത്തേണ്ടത് തദ്ദേശസ്ഥാപനങ്ങളാണ്. ആവശ്യമെങ്കിൽ കെട്ടിട നിർമ്മാണത്തിലും മറ്റും വെള്ളക്കെട്ടുകൾ ഒഴിവാക്കാൻ അനുശാസിക്കേണ്ടതുണ്ട്.

വ്യക്തിപരമായ പരിരക്ഷയ്ക്കായി ശരീരം മുഴുവൻ മറയ്ക്കുന്ന വസ്ത്രങ്ങൾ, കൊതുകുവലയ്ക്കുള്ളിൽ ഉറക്കം എന്നിവ ശീലമാക്കണം. ജനലുകളിലും വാതിലുകളിലും 'സ്ക്രീൻ' ഇടുന്നതും കൊതുകുതിരിയും മറ്റും ഉപയോഗിക്കുന്നതും കൊതുകുശല്യം കുറയ്ക്കാൻ ഉപയോഗപ്പെടും.

പ്രതിരോധം എന്നപോലെ ആവശ്യമാണ് നിരീക്ഷണവും കരുതലും. പനിയും മറ്റും ഒരു സ്ഥലത്തുതന്നെ ഒരുപാടു പേർക്ക് വരികയാണെങ്കിൽ അത് ആരോഗ്യ പ്രവർത്തകരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുണ്ട്. അവരുടെ സഹായത്തോടെ വേണ്ട വിധത്തിലുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്ക് മുന്നിട്ടിറങ്ങേണ്ടതും ആവശ്യമാണ്.

അതുപോലെ തന്നെ അസുഖങ്ങൾക്കും ആവശ്യാനുസരണം സമയോചിതമായി ചികിത്സ തേടുന്നതും അത്യാവശ്യമാണ്. പനിക്കൊപ്പം ഛർദ്ദി, അസഹനീയമായ തലവേദന, ശരീരവേദന, ക്ഷീണം, ദേഹത്ത് പാടുകൾ തുടങ്ങി അസാധാരണമായി എന്തുതോന്നിയാലും വൈദ്യസഹായം തേടാൻ മടിക്കരുത്.

ഈ മഴക്കാലത്ത് ആരോഗ്യത്തോടെ ജീവിക്കാൻ നമുക്ക് നമ്മളാൽ കഴിയുന്ന പകുതി ചെയ്യാം. ഒരുമയോടെ ഒരുക്കത്തോടെ.

*ലേഖിക തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ്.*

# വാർത്തകൾ വിശേഷങ്ങൾ

### സബ്സിഡി മാർഗ്ഗരേഖ പരിഷ്കരിച്ചു

13-ാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ട സബ്സിഡി മാർഗ്ഗരേഖ കൂടുതൽ ഉൾപ്പെടുത്തലുകൾ വരുത്തി പരിഷ്കരിച്ച് ഉത്തരവായി. (സ.ഉ. (സാ.ധാ) നം.1602/2018/തസ്വഭവ, തീയതി 12-06-2018)

### കെൽട്രോണിൽ നിന്നും വാങ്ങാം

കെൽട്രോൺ ശ്രവണസഹായികൾ, LED ലൈറ്റുകൾ എന്നിവ ടെണ്ടർ നടപടി കൂടാതെ കെൽട്രോണിൽ നിന്നും വാങ്ങാൻ തദ്ദേശസ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവായി. (സ.ഉ. (സാധാ) നം. 1581/2018 /തസ്വഭവ, തീയതി 11-06-2018)

### പകർച്ചവ്യാധി പ്രതിരോധം - നടപടി റിപ്പോർട്ട് ചെയ്യണം

പകർച്ചവ്യാധികൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്തു തുടങ്ങിയ സാഹചര്യത്തിൽ പ്രസ്തുത പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി cleaning survey/ ശുചീകരണ പ്രവർത്തനങ്ങളുടെ പ്രതിദിന പുരോഗതി സർക്കാരിൽ ലഭ്യമാക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. (സർക്കുലർ നം. 720/ഡി സി1/2018/തസ്വഭവ, തീയതി 08-06-2018)

### തെരുവുവിളക്ക് പരിപാലനം - മാർഗ്ഗനിർദ്ദേശം കർശനമാക്കി

തെരുവുവിളക്ക് പരിപാലനം സംബന്ധിച്ച 15.9.11 ലെ 3055/ ഡി.എ 3/2011/ തസ്വഭവ നമ്പർ സർക്കുലറിലെ മാനദണ്ഡങ്ങൾ യഥാവിധി നടപ്പാക്കാത്തതിൽ നിരവധി അപകടങ്ങൾ സംഭവിക്കുന്ന സാഹചര്യത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പ്രസ്തുത സർക്കുലറിലെ മാനദണ്ഡങ്ങൾ കർശനമായി നടപ്പാക്കുന്നതിനു നിർദ്ദേശിച്ച് സർക്കുലർ പുറപ്പെടുവിപ്പിച്ചു.

(സർക്കുലർ നം. 269 ഡി. എ3/2018/ തസ്വഭവ, തീയതി 29-05-2018)

### പകർച്ചവ്യാധി പ്രതിരോധം: കൺട്രോൾ റൂം തുറന്നു

സംസ്ഥനത്ത് മഴക്കാല പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിന്റെയും നിയന്ത്രിക്കുന്നതിന്റെയും ഭാഗമായി പഞ്ചായത്ത് ഡയറക്ടറേറ്റിൽ കൺട്രോൾ റൂം തുറന്നു. സർക്കാരിന്റെയും ആരോഗ്യവകുപ്പിന്റെയും മറ്റ് ബന്ധപ്പെട്ട സ്ഥാപനങ്ങളുടെയും ശ്രദ്ധയിൽ പ്പെടുത്തേണ്ട വിവരങ്ങൾ പൊതുജനങ്ങൾക്ക് കൺട്രോൾ റൂമിൽ അറിയിക്കാം. ഫോൺ: 0471 2786326, 2786327, 2786317, 2786309.

### വാലിഡേഷൻ ശരിയാക്കണം

2017-18 വർഷം പ്രൊജക്ട് ഭേദഗതിക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയിരുന്നുവെങ്കിലും ചില സ്ഥാപനങ്ങൾ വെറ്റിംഗും മറ്റും പൂർത്തിയാക്കി ജില്ലാ ആസൂത്രണസമിതിക്ക് പുനസമർപ്പിച്ചിട്ടില്ല. അത്തരം സ്ഥാപനങ്ങൾ നടപടിക്രമം പാലിച്ച് വാലിഡേഷൻ ശരിയാക്കി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കുന്ന പ്രക്രിയ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചു.

(സർക്കുലർ നം. ഡി.എ.1/476/2018/തസ്വഭവ (1) , തീയതി 29-05-2018)

### വൃക്ഷത്തൈകൾ പരിപാലിക്കുന്നതിന് മാർഗ്ഗനിർദ്ദേശം

ഹരിതകേരളം പദ്ധതിയുടെ ഭാഗമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ നഴ്സറികൾ സ്ഥാപിച്ച് ഉല്പാദിപ്പിക്കുന്ന വൃക്ഷത്തൈകൾ നട്ടു പരിപാലിക്കുന്നതിന് മാർഗ്ഗനിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചു. (സർക്കുലർ നം. പി.എസ്. 2/288/2018/തസ്വഭവ (1), തീയതി 29-05-2018)

### പുറമ്പോക്ക് സ്ഥലങ്ങളുടെ സംരക്ഷണം- നിർദ്ദേശം പുറപ്പെടുവിച്ചു

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ളതോ നിക്ഷിപ്തമായതോ ആയ പൊതുസ്ഥലങ്ങൾ തെറ്റായ നടപടിക്രമങ്ങൾ കാരണം അന്യാധീനപ്പെട്ടുപോകുന്നത് തടയുന്നതിനും നിയന്ത്രിക്കുന്നതിനും പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശം പുറപ്പെടുവിച്ചു. (സർക്കുലർ നം. സി 2-15471/2018, തീയതി 16-05-2018)

**തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്**

# കില ന്യൂസ്



*ആലപ്പുഴ കനാലുകളുടെ പുനരുദ്ധാരണവും വികേന്ദ്രീകൃത ഖര-ജലമാലിന്യങ്ങളുടെ സംസ്കരണ പദ്ധതികളും ലക്ഷ്യമിട്ടുകൊണ്ടു ആലപ്പുഴയിൽ സംഘടിപ്പിച്ച ദേശീയ ശില്പശാലയിൽ മന്ത്രി ഡോ.തോമസ് ഐസക് സംസാരിക്കുന്നു.*

## ആലപ്പുഴ കനാലുകളുടെ പുനരുദ്ധാരണത്തിനു ദേശീയ ശില്പശാല

ആലപ്പുഴ കനാലുകളുടെ പുനരുദ്ധാരണവും വികേന്ദ്രീകൃത ഖര -ജലമാലിന്യങ്ങളുടെ സംസ്കരണ പദ്ധതികളും ലക്ഷ്യമിട്ടുകൊണ്ടുള്ള ദേശീയ ശില്പശാല സമ്മർ സ്കൂൾ ആലപ്പുഴയിൽ സംഘടിപ്പിച്ചു. മുംബൈ ഐ ഐ ടിയുടെ സെന്റർ ഫോർ പോളിസി സ്റ്റഡീസിന്റെയും കിലയുടെയും നേതൃത്വത്തിലായിരുന്നു ശില്പശാല. മാഗ്സസെ സ്റ്റോക്ക്ഹോം വാട്ടർ പുരസ്കാര ജേതാവ് രാജേന്ദ്രസിംഗാണ് ശില്പശാല ഉദ്ഘാടനം ചെയ്തത്.

ജലം ഇല്ലാതാകുമ്പോഴാണ് അതിന്റെ പ്രാധാന്യത്തെക്കുറിച്ച് നാം തിരിച്ചറിയുന്നതെന്ന് ഉദ്ഘാടന പ്രസംഗത്തിൽ രാജേന്ദ്ര സിംഗ് പറഞ്ഞു. ഉയർന്ന ജലനിരപ്പും താഴ്ന്ന ഭൂപ്രദേശവുമുള്ള ആലപ്പുഴയിൽ പരമ്പരാഗത മാർഗ്ഗങ്ങളുപയോഗിച്ചു കനാൽ സംരക്ഷിക്കുന്നതു പ്രായോഗികമല്ലെന്നു ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത മന്ത്രി ഡോ. തോമസ് ഐസക് അഭിപ്രായപ്പെട്ടു. ഇന്ത്യയിൽനിന്നുള്ള മുന്നൂറിൽ പരം എഞ്ചിനീയറിംഗ്- സാമൂഹ്യശാസ്ത്ര വിദ്യാർത്ഥികൾ ശില്പശാലയിൽ പങ്കെടുത്തു.

മുംബൈ ഐ.ഐ.ടി അധ്യാപകൻ പ്രൊഫ.എൻ.സി.നാരായണൻ, കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, എം.ആർ.പ്രേം, എ.എസ്.കവിത, പി.ബിജു, എൻ.സുനിൽ കുമാർ തുടങ്ങിയവർ സംസാരിച്ചു.

മേയ് 19 ന് ആരംഭിച്ച രണ്ടാംഘട്ട ശില്പശാല സെന്റർ ഫോർ സയൻസ് ആന്റ് എൺവയൺമെന്റ് ഡയറക്ടർ ജനറൽ സുനിത നാരായണൻ ഉദ്ഘാടനം ചെയ്തു. കനാലുകളുടെ സ്ഥിതി പരിശോധിച്ച് മലിനീകരണത്തിന്റെ തോതു മനസ്സിലാക്കി പുതിയ നിർദ്ദേശങ്ങളും നൂതന ഇടപെടലുകളും ഉയർത്തിയ 2017 ലെ വിന്റർ സ്കൂളിന്റെ തുടർച്ചയാണിത്. ഖരമാലിന്യസംസ്കരണം നഗരത്തിൽ ഫലപ്രദമായി നടക്കാറുണ്ടെങ്കിലും ജലമാലിന്യസംസ്കരണത്തിനു ശാശ്വത പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിരുന്നില്ല. ഈ സാഹചര്യത്തിലാണ് ജലമാലിന്യ സംസ്കരണത്തിനു നൂതന വികേന്ദ്രീകൃത സംവിധാനം മന്ത്രി തോമസ് ഐസക് മുന്നോട്ടുവച്ചത്. 150 സ്ഥാപനങ്ങളിൽ നടത്തിയ വിവരശേഖരണത്തിന്റെയും ജിഐഎസ് മാപ്പിങ്ങിന്റെ സഹായത്തോടെയുമാണ് ജലമാലിന്യ സംസ്കരണ പദ്ധതിയുടെ പ്രാഥമിക തയ്യാറെടുപ്പ നടത്തിയത്. പുളിങ്കുന്ന് എഞ്ചിനീയറിംഗ് കോളേജിലെ സിവിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ നേതൃത്വത്തിലായിരുന്നു സർവെ നടത്തിയത്.

## സുസ്ഥിര വികസനത്തിനു ഹരിതഭംഗി നിലനിർത്തണം: പി.കെ.ബിജു എം.പി

സുസ്ഥിരവികസനത്തിനു ഹരിതഭംഗി നിലനിർത്തണമെന്നു പി.കെ.ബിജു എം.പി. വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ നീർത്തട മാസ്റ്റർപ്ലാൻ പദ്ധതിയുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച ഏകദിന ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മഴവെള്ള സംഭരണത്തിലൂടെ മാത്രമേ ജലലഭ്യതയും മണ്ണുസംരക്ഷണവും നിലനിർത്താനാകൂ. എവിടെയൊക്കെ പുഴകൾ നഷ്ടപ്പെട്ടിട്ടുണ്ടോ അവയെല്ലാം തിരിച്ചുപിടിക്കാനാകണം. വരട്ടാർ പുഴ തിരിച്ചുപിടിച്ചത് ഇതിനുദാഹരണമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

മഹാത്മാഗാന്ധി സർവകലാശാലയിലെ ഡോ.എബിൻ വർഗ്ഗീസ്, മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രോഗ്രാം കോർഡിനേറ്റർ വിനോദിനി, ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ജോസഫ്, എം. രേണുകുമാർ (കില) എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.

## കാലാവസ്ഥ വ്യതിയാനവും കാർഷികമേഖലയും ഏകദിന ശില്പശാല പരമ്പര

കാലാവസ്ഥ വ്യതിയാനവും കാർഷികമേഖലയും എന്ന വിഷയത്തെക്കുറിച്ച് കാർഷിക മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് ചെയർപേഴ്സൺമാർക്കും കൺവീനർമാർക്കും കിലയിൽ ഏകദിന ശില്പശാല സംഘടിപ്പിച്ചു. ഒമ്പതു ജില്ലകളിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽനിന്നുള്ളവരാണ് ശില്പശാലയിൽ പങ്കെടുത്തത്.

കഠിനമായ വേനലിൽ അത്യുഷ്ണവും താപക്കാറ്റും ജീവിതത്തിന്റെ വിവിധ മേഖലകളിൽ ഏൽപ്പിക്കുന്ന ആഘാതങ്ങളെ നേരിടുന്നതിനു തദ്ദേശസ്ഥാപനങ്ങളെ സജ്ജരാക്കാനാണ് ശില്പശാല. കാലാവസ്ഥാവ്യതിയാനവും തദ്ദേശസ്ഥാപനങ്ങളും എന്ന വിഷയത്തെ അടിസ്ഥാനമാക്കി കില നടത്തുന്ന സെമിനാറുകളുടെയും ശില്പശാലകളുടെയും പരമ്പരയിലെ രണ്ടാമത്തെ പരിപാടിയായിരുന്നു ഇത്.

## യൂണിസെഫ് ഡെപ്യൂട്ടി ഡയറക്ടർ കിലയിൽ

കിലയുടെ പ്രവർത്തനങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കുന്ന



*ഇന്ത്യയിലെ യൂണിസെഫ് ഡെപ്യൂട്ടി ഡയറക്ടർ ഹെൻ റിറ്റേ കില ഡയറക്ടർ ഡോ.ജോയ് ഇളമണമായി ചർച്ച നടത്തുന്നു.*

തിനും ബാലസൗഹൃദ ഇടപെടലുകളെക്കുറിച്ചറിയാനും ഇന്ത്യയിലെ യൂണിസെഫിന്റെ പ്രോഗ്രാം ഡെപ്യൂട്ടി ഡയറക്ടർ ഹെൻ റിറ്റെയും പ്രോഗ്രാം ആന്റ് പ്ലാനിംഗ് ഇവാല്യവേഷൻ മേധാവി മിസാക്കി അകാസ്കയും കിലയിലെത്തി. യൂണിസെഫ് ചെന്നൈ യൂണിറ്റിലെ രമണി മൂർത്തിയും ഇവരോടൊപ്പമുണ്ടായിരുന്നു. ദേശീയ-അന്തർദേശീയ തലത്തിൽ കിലയുമായി സഹകരിച്ച് യൂണിസെഫ് നടത്തേണ്ടുന്ന പരിപാടികളെക്കുറിച്ച് സംഘം ചർച്ച നടത്തി.

## അട്ടപ്പാടി ബ്ലോക്കിൽ വ്യക്തിത്വവികസന പരിശീലനം

അട്ടപ്പാടി ബ്ലോക്കിലെ വിവിധ വകുപ്പുകളിൽ പെട്ട ജീവനക്കാർക്കുള്ള വ്യക്തിത്വവികസന പരിശീലനപരിപാടി അഗളി കില സെന്ററിൽ ആരംഭിച്ചു. കഴിഞ്ഞ മാർച്ച് രണ്ടിനു ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനമനുസരിച്ചാണ് പരിശീലനം. ദേശീയഗ്രാമീണ ഉപജീവന ദൗത്യമിഷൻ, കുടുംബശ്രീ അനിമേറ്റർമാർ, എസ്.ടി.പ്രമോട്ടർമാർ, ആശാവർക്കർമാർ, ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ്, ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ് ഗ്രേഡ് രണ്ട്, ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ് മൊബൈൽ യൂണിററ് , മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി മേറ്റ്, അംഗൻവാടി വർക്കർമാർ, അംഗൻവാടി ഹെൽപ്പർമാർ, കുടുംബശ്രീ കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺ, ബ്രിഡ്ജ്സ്കൂൾ ടീച്ചർ(കുടുംബശ്രീ) എന്നിവർക്കായിരുന്നു പരിശീലനം.

## ഹിമാചൽ പ്രദേശിലെ ജനപ്രതിനിധികൾ കിലയിൽ

കേരളത്തിലെ പഞ്ചായത്തിരാജ് സംവിധാനത്തെക്കുറിച്ചും വികേന്ദ്രീകൃതാസൂത്രണത്തെക്കുറിച്ചും പഠിക്കുന്നതിനു ഹിമാചൽ പ്രദേശിലെ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കില സന്ദർശിച്ചു. സോളാൻ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ധർമ്മപാലിന്റെ നേതൃത്വത്തിൽ 14 വനിതകളുൾപ്പെടെയുള്ള 31 അംഗ സംഘത്തിൽ 25 പേർ ജനപ്രതിനിധികളും ശേഷിച്ചവർ ഉദ്യോഗസ്ഥരുമാണ്.

തൃശ്ശൂർ ജില്ല പഞ്ചായത്ത്, തളിക്കുളം ബ്ലോക്ക് പഞ്ചായത്ത്, കണ്ടാണിശ്ശേരി ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ സന്ദർശിച്ച സംഘം ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായും ചർച്ച നടത്തി. എറണാകുളം ജില്ലയിലെ കുടുംബശ്രീ യൂണിറ്റുകളും സംഘം സന്ദർശിച്ചു.

## കേരളത്തിലെ അധികാരവികേന്ദ്രീകരണം മികച്ചതെന്ന് ശ്രീലങ്കൻ മന്ത്രി

കേരളത്തിലെ അധികാരവികേന്ദ്രീകരണം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെക്കാൾ മികച്ചതാണെന്നു ശ്രീലങ്കയിലെ ശിശു-വനിതാക്ഷേമവകുപ്പുമന്ത്രി ചന്ദ്രാണി ഭണ്ഡാര അഭിപ്രായപ്പെട്ടു. ശ്രീലങ്കയിലെ പ്രാദേശിക ഭരണ സംവിധാനം ശക്തമാണെങ്കിലും പലതും കേരളത്തിൽ നിന്നു പഠിക്കാനുണ്ടെന്ന് അവർ പറഞ്ഞു. അഞ്ചു ദിവസത്തെ സംസ്ഥാന സന്ദർശനത്തിനു കിലയിലെത്തിയ ഉന്നതതല സംഘത്തിനു നൽകിയ സ്വീകരണപരിപാടിയിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു അവർ. കില പ്രൊഫ.ഡോ.സണ്ണി ജോർജ് അദ്ധ്യക്ഷനായിരുന്നു. അസി.ഡയറക്ടർ മാത്യു ആൻഡ്രൂസ്, സെക്ഷൻ ഓഫീസർ കെ.ബാബു, കോർഡിനേറ്റർ പി.വി.രാമകൃഷ്ണൻ എന്നിവർ സംബന്ധിച്ചു.

ശ്രീലങ്കൻ പ്രൊവിൻഷ്യൽ കൗൺസിൽ-ലോക്കൽ ഗവേണൻസ് സഹമന്ത്രി ശ്രീയാനി വിജെവിക്രമ, വനിതാവകുപ്പ സഹമന്ത്രി വിജയകലാ മഹേശ്വരൻ, സുസ്ഥിരവികസന വകുപ്പ സഹമന്ത്രി സുമേധ ജയസേന, പാർലമെന്റ് അംഗങ്ങളായ തുസിത വിജയമന്നെ, എഡ്വാർഡ് ഗുണശേഖര, ശാന്തിനി കോഗെ, ഇന്ദിര ദിസനായകെ, പാർലമെന്റ് അസി.സെക്രട്ടറി ജനറൽ കുഷാനി രോഹനീദ്ര, ശ്രീലങ്കൻ ലോക്കൽ ഗവേണൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സുജീവ സമരവീര തുടങ്ങിയ പ്രമുഖരാണ് ശ്രീലങ്കൻ സംഘത്തിലുണ്ടായിരുന്നത്.



*അഞ്ചു ദിവസത്തെ സംസ്ഥാന സന്ദർശനത്തിനെത്തിയ ശ്രീലങ്കൻ ഉന്നതതല സംഘത്തിനു കിലയിൽ നൽകിയ സ്വീകരണപരിപാടിയിൽ ശ്രീലങ്കയിലെ ശിശു-വനിതാക്ഷേമവകുപ്പുമന്ത്രി ചന്ദ്രാണി ഭണ്ഡാര (മദ്ധ്യത്തിൽ) സംസാരിക്കുന്നു.*



# പോളച്ചിറ – പ്രകൃതിയുടെ വരദാനം

**ഡി. സുധീന്ദ്രബാബു**

വളം ചേർക്കാതെ നെൽകൃഷി ചെയ്യാൻ കഴിയുന്ന നെൽപ്പാടങ്ങൾ, ദേശാടനപ്പക്ഷികളുടെ ആവാസ കേന്ദ്രം, ഹരിതപ്രകൃതിയുടെ കൺകുളിർക്കെ കാണാവുന്ന മനോഹര പ്രകൃതിദൃശ്യങ്ങൾ, സുഖകരമായ കുളിർകാറ്റ് തലോടുന്ന അന്തരീക്ഷം എന്നിങ്ങനെ ഒട്ടനവധി സവിശേഷതകളുള്ള ഒരു ഭൂപ്രദേശമാണ് പോളച്ചിറ.

കൊല്ലം ജില്ലയിലെ ചിറക്കര ഗ്രാമപ്പഞ്ചായത്തിലുൾപ്പെടുന്ന ഒരു വലിയ പാടശേഖരമാണ് പോളച്ചിറ. കിഴക്ക് ചിറക്കര ക്ഷേത്രം മുതൽ പടിഞ്ഞാറ് കോട്ടേക്കുന്ന് ക്ഷേത്രം വരെ ആയിരത്തിഅഞ്ഞൂറോളം ഏക്കർ പാടശേഖരം ഇതിൽ ഉൾപ്പെടുന്നു. ചിറക്കര, ഉളിയനാട്, പാണിയിൽ, കുഴിപ്പിൽ, മുഖത്തലപ്പൊയ്ക, മീനാട് പാടശേഖരങ്ങളും ഇതിനോട് ചേർന്ന് കിടക്കുന്നു. അവയിൽ നിന്നും വരുന്ന വെള്ളവും പോളച്ചിറയിലാണ് എത്തിച്ചേരുന്നത്. ചാത്തന്നൂർ നിയമസഭാമണ്ഡലത്തിലാണ് ഇത് ഉൾപ്പെടുന്നത്.

## ഐതിഹ്യം

പഞ്ചപാണ്ഡവന്മാർ വനവാസക്കാലത്ത് ഇവിടെ താമസിച്ചിരുന്നു എന്നൊരു ഐതിഹ്യമുണ്ട്. കല്ലുവാതുക്കൽ പാറയുടെ പരിസരത്ത് താമസിച്ചിരുന്നപ്പോൾ പാഞ്ചാലി അരി കഴുകിയൊഴിച്ച വെള്ളമാണ് (കാടി വെള്ളം) പോളച്ചിറയുടെ ഉത്ഭവത്തിന് കാരണമായതെന്നാണ് പറയപ്പെടുന്നത്. അതുകൊണ്ട് പോളച്ചിറയെ കാടിച്ചിറയെന്നും വിളിക്കുന്നു. കല്ലുവാതുക്കൽ പാറയ്ക്ക് തെക്ക് ചിറക്കര നിന്നാണ് പോളച്ചിറ തുടങ്ങുന്നത്.

കല്ലുവാതുക്കൽ പാറയുടെ പരിസരത്ത് താമസിച്ചിരുന്നപ്പോൾ പാഞ്ചാലി അരി കഴുകിയൊഴിച്ച വെള്ളമാണ് (കാടി വെള്ളം) പോളച്ചിറയുടെ ഉത്ഭവത്തിന് കാരണമായതെന്നാണ് പറയപ്പെടുന്നത്.

പോളച്ചിറയെ പൊതുവെ രണ്ടായി തിരിക്കാം. ചിറക്കര ക്ഷേത്രം മുതൽ തലച്ചിറ വരെയുള്ള ഭാഗമാണ് ആദ്യത്തേത്. അവിടെ ഇരുപ്പൂകൃഷി സാദ്ധ്യമാണ്. തലച്ചിറ മുതൽ കോട്ടേക്കുന്ന് വരെയുള്ള ഭാഗമാണ് ഒരുപൂവ് നിലങ്ങളായി തുടരുന്നത്. ഈ ഭാഗത്തെയാണ് സാധാരണയായി പോളച്ചിറയെന്ന് പറയാറുള്ളത്.

## നെൽകൃഷി

വളം ഇടാതെ കൃഷി ചെയ്യാൻ കഴിയുന്നത്ര ഫലഭൂയിഷ്ഠമായ മണ്ണാണ് പോളച്ചിറയിലേത്. പക്ഷെ വർഷത്തിൽ മിക്കവാറും എല്ലാ മാസങ്ങളിലും വെള്ളം നിറഞ്ഞു കിടക്കുന്നതിനാൽ ഇവിടെ കൃഷി അത്ര സുഖകരമല്ല. കേന്ദ്ര -സംസ്ഥാന സർക്കാരുകളും തദ്ദേശഭരണ സ്ഥാപനങ്ങളും പോളച്ചിറയിലെ നെൽകൃഷിക്കായി ധാരാളം പണം ചെലവ് ചെയ്തിട്ടുണ്ടെങ്കിലും ഇനിയും പൂർണ്ണ ഫലപ്രാപ്തിയുണ്ടായിട്ടില്ല.

ചിറക്കര-ചാത്തന്നൂർ ഗ്രാമപ്പഞ്ചായത്തുകളിലെ ഒരു വലിയ ഭൂപ്രദേശത്തെ മഴവെള്ളം ആകെ എത്തിച്ചേരുന്നത് പോളച്ചിറയിലാണ്. അതിനാൽ വർഷത്തിൽ ഏറെക്കാലവും പോളച്ചിറ വെള്ളം നിറഞ്ഞു കിടക്കുന്നു. യഥാസമയം വെള്ളം വറ്റിച്ചാൽ മാത്രമെ ഒരുപ്പൂകൃഷിയെങ്കിലും ചെയ്യാൻ കഴിയുകയുള്ളൂ. മേയ് അവസാനമോ ജൂൺ ആദ്യമോ കാലവർഷം ആരംഭിക്കുന്നതിനുമുമ്പ് നെല്ല് കൊയ്തെടുക്കണമെങ്കിൽ നവംബർ /ഡിസംബർ മാസങ്ങളിൽ തന്നെ വെള്ളം വറ്റിച്ച് കൃഷിയിറക്കാൻ കഴിയണം. അതിന് കാലതാമസം വന്നാൽ നെല്ല് വിളവെടുക്കുന്നതിനു മുൻപായി കാലവർഷം എത്തുകയും പോളച്ചിറയിൽ വെള്ളം നിറയുകയും കർഷകന് വിളവെടുക്കാൻ കഴിയാതാവുകയും ചെയ്യും.

പോളച്ചിറയിൽ വെള്ളം വറ്റിക്കുമ്പോൾ വെള്ളം ഇത്തിക്കരയാറ്റിലേക്ക് ഒഴുക്കി പരവൂർ കായലിൽ എത്തിക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. ഒരു വലിയ ആയക്കെട്ട് പ്രദേശത്തെ ജലം മുഴുവൻ ഇങ്ങനെ ഒഴുക്കിക്കളയുന്നതുമൂലം സമീപപ്രദേശങ്ങളിലെ കിണറുകളിൽ ജലനിരപ്പ് താഴുകയും അത് ഈ പ്രദേശത്താകെ ജലക്ഷാമം ഉണ്ടാക്കുകയും ചെയ്യുന്നു എന്ന പരാതിയും നിലനില്ക്കുന്നു. മാത്രമല്ല, നെൽക്കൃഷി ചെയ്ത നിലങ്ങളിൽ തുടർന്ന് ആവശ്യമായ വെള്ളത്തിന് കല്ലട ജലസേചനപദ്ധതിയുടെ കനാലുകളെ ആശ്രയിക്കേണ്ടി വരുകയും ചെയ്യുന്നു.

അതിനാൽ പോളച്ചിറയിൽ വെള്ളം വറ്റിക്കാതെ മത്സ്യകൃഷി ചെയ്യുന്നതാണ് അഭികാമ്യം എന്നൊരു വാദവും നിലവിലുണ്ട്. എന്നാൽ 2013 ൽ വടക്കാഞ്ചേരി മാതൃകയിൽ നെൽകൃഷി ചെയ്ത് വിജയിപ്പിച്ച് പോളച്ചിറയിൽ നെൽകൃഷി



സാദ്ധ്യമാണെന്ന് കൊല്ലം ജില്ലാ പഞ്ചായത്ത് തെളിയിച്ചിട്ടുണ്ട്. അതിനാൽ പോളച്ചിറ പാടശേഖരങ്ങളിലെ വെള്ളം വറ്റിക്കുമ്പോൾ അത് ആറ്റിലേക്ക് ഒഴുക്കിക്കളയാതെ പോളച്ചിറയിലെ തോടുകളിൽത്തന്നെ സംഭരിച്ച് തുടർന്നുള്ള കൃഷി ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം എന്നതാണ് ഇപ്പോൾ ഉയർന്നു വന്നിട്ടുള്ള ശക്തമായ വാദം.

## സർക്കാർ ഇടപെടലുകൾ

പോളച്ചിറയിലെ ഒരുപ്പൂ നിലങ്ങളെ ഇരുപ്പൂവാക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളും ത്രിതല പഞ്ചായത്തുകളും വിവിധ പദ്ധതികൾ ഇവിടെ നടപ്പാക്കിയിട്ടുണ്ട്. ചുറ്റാകെ ബണ്ടുകളും തോടുകളും നിർമ്മിച്ചു. തലച്ചിറ നിർമ്മിച്ചു. രണ്ട് പമ്പ് ഹൗസുകൾ നിർമ്മിക്കുകയും അവയിൽ മോട്ടോറും പെട്ടിയും പറയും സ്ഥാപിക്കുകയും ചെയ്തു. നടുത്തോട് നിർമ്മിച്ചു. ഏലായിലേക്ക് എത്തുവാൻ നിരവധി ഫാം റോഡുകൾ നിർമ്മിച്ചു.

## ഹരിതസമൃദ്ധി

യഥാസമയം കൃഷിചെയ്യാൻ കഴിയുമ്പോൾ ജനുവരി മുതൽ മഴക്കാലം വരെ വളരെ മനോഹരമായ ഹരിതക്കാഴ്ചയാണ് പോളച്ചിറ പ്രദാനം ചെയ്യുന്നത്. പോളച്ചിറയ്ക്ക് ചുറ്റുമുള്ള ബണ്ട് റോഡുകളിലൂടെ കാൽനടയായോ ചെറിയ വാഹനത്തിലോ ചുറ്റി സഞ്ചരിക്കാം. കുളിർകാറ്റും ആസ്വദിച്ച് നയനാനന്ദകരമായ ഹരിതക്കാഴ്ചകളും ദേശാടനപക്ഷികളുടെ സാന്നിദ്ധ്യവും കണ്ട് മണിക്കൂറുകൾ ഇവിടെ ചെലവഴിക്കാം.

## ദേശാടനപക്ഷികൾ

ദേശാടന പക്ഷികളുടെ ആവാസകേന്ദ്രമാണ്

**യഥാസമയം കൃഷിചെയ്യാൻ കഴിയുമ്പോൾ ജനുവരി മുതൽ മഴക്കാലം വരെ വളരെ മനോഹരമായ ഹരിതക്കാഴ്ചയാണ് പോളച്ചിറ പ്രദാനം ചെയ്യുന്നത്. പോളച്ചിറയ്ക്ക് ചുറ്റുമുള്ള ബണ്ട് റോഡുകളിലൂടെ കാൽനടയായോ ചെറിയ വാഹനത്തിലോ ചുറ്റി സഞ്ചരിക്കാം.**



പോളച്ചിറ. മഞ്ഞുവീഴ്ചയെ തുടർന്ന് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്നും അന്യരാജ്യങ്ങളിൽനിന്നും പക്ഷികൾ പോളച്ചിറയിൽ എത്തുന്നു. സൈബീരിയയിൽ നിന്നുപോലും അത്യപൂർവമായ പക്ഷികൾ പോളച്ചിറയിൽ എത്തുന്നുണ്ട്. സമശീതോഷ്ണ കാലാവസ്ഥയിൽ മുട്ടയിടാനും പ്രത്യുല്പാദനം നടത്താനുമാണ് പക്ഷികൾ കാതങ്ങൾ താണ്ടി ഇവിടെ എത്തുന്നത്. ഉത്തരേന്ത്യയിൽ അതിശൈത്യവും മഞ്ഞുവീഴ്ചയും തുടങ്ങുന്നതോടെ വിവിധയിനം പക്ഷികൾ പോളച്ചിറയിൽ സുഖവാസത്തിനായി എത്തുകയായി. ഡിസംബർ മുതൽ പക്ഷികളുടെ വരവ് തുടങ്ങും.

കടുത്ത വേനലിലും വറ്റാത്ത തണ്ണീർത്തടങ്ങളും ജൈവസസ്യസമൃദ്ധിയും അപൂർവ്വമായ മത്സ്യങ്ങളും പോളച്ചിറയുടെ പ്രത്യേകതയാണ്. കൊയ്ത്തുകഴിഞ്ഞ പാടത്തെ നെൽമണികളും മത്സ്യങ്ങളുമാണ് പക്ഷികളുടെ പ്രധാന ആഹാരം. മൈലുകളോളം പരന്നുകിടക്കുന്ന ഓളപ്പരപ്പിൽ നീന്തിത്തുടിച്ച് ഉയർന്ന മരക്കൊമ്പുകളിൽ കൂടുകെട്ടി പ്രജനനം നടത്തിയശേഷം പക്ഷികൾ കൂട്ടത്തോടെ മടങ്ങും. വൈവിധ്യമേറിയ നൂറുകണക്കിന് പക്ഷികളാണ് പോളച്ചിറയിൽ എത്തുന്നത്.

ഹരിതസമൃദ്ധിയുടെ ഭാഗമായി പോളച്ചിറയ്ക്ക് ചുറ്റാകെ ആയിരം തെങ്ങിൻതൈകൾ നട്ടുപിടിപ്പിക്കുവാനുള്ള പദ്ധതിക്ക് ഗ്രാമപ്പഞ്ചായത്ത് തുടക്കം കുറിച്ചിട്ടുണ്ട്. വിനോദസഞ്ചാരത്തിനുവേണ്ടി ഗ്രാമപ്പഞ്ചായത്ത് ഒരു കരട് പദ്ധതി തയാറാക്കിക്കൊണ്ടിരിക്കുകയാണ്.

## മത്സ്യസമ്പത്ത്

ഔഷധഗുണമുള്ള ഒട്ടനവധി ഇനം മത്സ്യങ്ങൾ ഇവിടെയുണ്ട്. വരാൽ, കാരി, പരൽ, ചള്ള, വാക, വയമ്പ്, നെടുമീൻ, പൊത്തൽ, തഴമൽ, കൈതക്കോര തുടങ്ങിയവ അപൂർവമായി വളരുന്ന ചിറയും കൂടിയാണ് ഇത്. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന പലയിനം മത്സ്യങ്ങളും പോളച്ചിറയിലുണ്ട്. ഇവയെ സംരക്ഷിക്കാനും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനുമുള്ള ദൗത്യവും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ജൈവവൈവിദ്ധ്യത്തിന്റെ കലവറയായതിനാൽ മത്സ്യവികസനത്തിന് ഇവിടെ അനന്തസാദ്ധ്യതയാണുള്ളത്. അത് പ്രയോജനപ്പെടുത്തുക തന്നെ വേണം.

## വിനോദസഞ്ചാരം

വിനോദസഞ്ചാര വികസനത്തിന് വളരെയേറെ സാധ്യതയുള്ള പ്രദേശമാണ് പോളച്ചിറ. ദേശാടനപക്ഷികളുടെ സാന്നിദ്ധ്യം, മനം കുളിർപ്പിക്കുന്ന കാറ്റ്, കൺകുളിർക്കെ കാണാനാകുന്ന മനോഹര പ്രകൃതിദൃശ്യങ്ങൾ എന്നിവ ഇവിടെയെത്തുന്ന ആരെയും രോമാഞ്ചം അണിയിക്കും.

ഹരിതസമൃദ്ധിയുടെ ഭാഗമായി പോളച്ചിറയ്ക്ക് ചുറ്റാകെ ആയിരം തെങ്ങിൻതൈകൾ നട്ടുപിടിപ്പിക്കുവാനുള്ള പദ്ധതിക്ക് ഗ്രാമപ്പഞ്ചായത്ത് തുടക്കം കുറിച്ചിട്ടുണ്ട്. വിനോദസഞ്ചാരത്തിനുവേണ്ടി ഗ്രാമപ്പഞ്ചായത്ത് ഒരു കരട് പദ്ധതി തയാറാക്കിക്കൊണ്ടിരിക്കുകയാണ്.

പോളച്ചിറ നിലങ്ങളിൽ "ഒരു മീനും ഒരു നെല്ലും പദ്ധതി" (പുഞ്ചകൃഷി കഴിഞ്ഞ ഉടൻ മത്സ്യകൃഷി തുടർന്ന് പുഞ്ചനെൽകൃഷി എന്ന ക്രമത്തിൽ) നടപ്പാക്കാൻ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്.

പോളച്ചിറയുടെ പടിഞ്ഞാറെ അതിരിലൂടെ കടന്നു പോകുന്ന ചാത്തന്നൂർ-പരവൂർ റോഡും കിഴക്കേ അതിരായ കല്ലുവാതുക്കൽ-ചിറക്കര -പുത്തൻകുളം റോഡും പോളച്ചിറയ്ക്ക് നടുവിലൂടെ കടന്നുപോകുന്ന ചാത്തന്നൂർ-അമ്മാരത്തുമുക്ക് ബണ്ട് ക്രോസ്റോഡും വിനോദസഞ്ചാരികൾക്ക് ഇവിടെയെത്താനുള്ള സഞ്ചാരസൗകര്യം ഒരുക്കുന്നുണ്ട്.

വിനോദസഞ്ചാരികൾക്ക് പ്രിയങ്കരമായ 'പുത്തൻകുളം ആനത്താവളം' ചിറക്കര പഞ്ചായത്തിലാണ്. പോളച്ചിറയ്ക്ക് വളരെയടുത്തും. പോളച്ചിറയ്ക്ക് ചുറ്റാകെയുള്ള തോട് വികസിപ്പിച്ച് ആഴം കൂട്ടിയാൽ അതിലൂടെ വള്ളത്തിൽ സഞ്ചരിച്ച് പോളച്ചിറയുടെ സൗന്ദര്യം ആസ്വദിക്കാം. തോട്ടിൽനിന്നും ചൂണ്ടയിട്ട് മത്സ്യങ്ങളെ പിടിക്കാം. പോളച്ചിറയിൽ മാത്രം ലഭ്യമായ ശുദ്ധമായ തണുത്ത കാറ്റ് ആസ്വദിക്കാം.

പോളച്ചിറയിലെ ചരിത്രം ഉറങ്ങുന്ന മണ്ണാത്തിപ്പാറ സംരക്ഷിച്ച് അവിടെയൊരു മണ്ണാത്തിയുടെ ശില്പം നിർമ്മിക്കുന്നത് കരണീയമായിരിക്കും.

പോളച്ചിറയിൽ നെൽകൃഷി സാദ്ധ്യമാക്കുന്ന, ഹരിത സമൃദ്ധി നിലനിറുത്തുന്ന, ഇവിടുത്തെ ജലം ഇവിടെത്തന്നെ നിലനിറുത്തി സമീപപ്രദേശങ്ങളിലാകെ ജലസമൃദ്ധി ഉണ്ടാക്കുന്ന, മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്ന, ഒപ്പം വിനോദസഞ്ചാരത്തെ പ്രോത്സാഹിപ്പിക്കുന്ന ആസൂത്രിതമായ ഒരു വികസനസമന്വയത്തിന് പോളച്ചിറയിൽ ഗ്രാമപഞ്ചായത്ത് തുടക്കം കുറിച്ചിട്ടുണ്ട്.



## കുന്നുകളുടെ നാട്ടിൽ

# സുജലം – സുഫലം

**കെ.ടി. രാജൻ**

കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിൽ മുട്ടുങ്ങൽ - പക്രംതളം റോഡിൽ മുട്ടുങ്ങലിൽ നിന്ന് 15 കിലോമീറ്റർ കിഴക്ക് മാറിയാണ് 10.58 ച.മീ വിസ്തീർണ്ണമുള്ള കുന്നമ്മൽ ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. ചെറുതും വലുതുമായ പതിനേഴ് കുന്നുകൾ ഈ പഞ്ചായത്തിൽ ഉണ്ട്. പഞ്ചായത്തിന് കുന്നമ്മൽ എന്ന പേര് വരാൻ കാരണം കുന്നുകളുടെ ഒരു കൂട്ടം സ്ഥിതി ചെയ്യുന്നതുകൊണ്ടാണെന്ന് പറയപ്പെടുന്നു. പഞ്ചായത്തിൽ 19075 പേർ വസിക്കുന്നു.

കുന്നമ്മൽ, പാതിരിപ്പറ്റ, തെങ്ങുംതറ തുടങ്ങി മൂന്ന് പ്രധാന നീർത്തടങ്ങളാണ് പഞ്ചായത്തിലുള്ളത്. മൂന്ന് നീർത്തടങ്ങളിലുമായി 60 ഏക്കറോളം നെൽപാടം മാത്രമേ അവശേഷിക്കുന്നുള്ളൂ. തെങ്ങാണ് പ്രധാന കൃഷി. 5 ഏക്കറിൽ റബ്ബർ കൃഷിയുണ്ട്. കവുങ്ങും വാഴയും കൃഷിയിടങ്ങളിലുണ്ട്. ഇഞ്ചി, മഞ്ഞൾ, ചേമ്പ്, ചേന, കാച്ചിൽ തുടങ്ങിയ ഇടവിള കൃഷിയും ചെയ്തുവരുന്നു.

പഞ്ചായത്തിലെ പ്രധാന നീർത്തടമാണ് കുന്നമ്മൽ നീർത്തടം. ആകെ 13 വാർഡുകളിൽ 7 വാർഡുകൾ ഉൾപ്പെടുന്നതാണ് കുന്നമ്മൽ നീർത്തടം. പഞ്ചായത്തിന്റെ ഹൃദയ ധമനിയാണ് കുന്നമ്മൽ നീർത്തടത്തിലെ കുന്നമ്മൽ തോട്.

ചെറുതും വലുതുമായ പതിനേഴ് കുന്നുകൾ ഈ പഞ്ചായത്തിൽ ഉണ്ട്. പഞ്ചായത്തിന് കുന്നമ്മൽ എന്ന പേര് വരാൻ കാരണം കുന്നുകളുടെ ഒരു കൂട്ടം സ്ഥിതി ചെയ്യുന്നതു കൊണ്ടാണെന്ന് പറയപ്പെടുന്നു



13-ാം വാർഡിലെ വട്ടോളി ശിവക്ഷേത്രക്കുളമാണ് കുന്നമ്മൽ തോടിന്റെ തലക്കുളം. ശിവക്ഷേത്രകുളത്തിൽ നിന്നാരംഭിച്ച് 4 കിലോമീറ്റർ നീളത്തിൽ പഞ്ചായത്തിലൂടെ ഒഴുകി മാഹിപ്പുഴയിലൂടെ അറബിക്കടലിൽ എത്തിച്ചേരുന്നു.

പഞ്ചായത്തിന്റെ ഐശ്വര്യമായിരുന്ന കുന്നമ്മൽ തോട് നാശത്തിന്റെ വക്കിലായിരുന്നു. തോടിൽ നിറയെ കൈതകൾ വളർന്നും മാലിന്യങ്ങൾ കുമിഞ്ഞുകൂടിയും തോടിന്റെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുകയും ചെളിയും മണ്ണും നിറഞ്ഞ് തോട് നികന്നു പോയ സ്ഥിതിയും. മഴക്കാലത്ത് തോടിന്റെ സമീപത്തുള്ള വീടുകളിൽ വെള്ളം കയറുന്ന അവസ്ഥയും ഉണ്ടാകാറുണ്ട്. തോടിന്റെ ഇരു കരകളും ഒരുകാലത്ത് നെൽവയലുകളായിരുന്നു. ഇന്ന് 37 ഏക്കർ നെൽവയലുകൾ മാത്രമേ അവശേഷിക്കുന്നുള്ളൂ. 10 കുടിവെള്ള പദ്ധതികളുടെ കിണറുകൾ തോടിന്റെ ഇരുകരകളിലുമായി സ്ഥിതിചെയ്യുന്നു. ധാരാളം കൈത്തോടുകളും കുന്നമ്മൽ തോടിലേക്ക് ഒഴുകിയെത്തുന്നു.

ലോക ജലദിനമായ മാർച്ച് 22 ന് പഞ്ചായത്തിലെ ബഹുജനങ്ങളെ അണിനിരത്തി കുന്നമ്മൽ തോട്ടിലെ ചെളിയും മണ്ണും മാലിന്യങ്ങളും നീക്കംചെയ്ത് തോടിനെ സുജലവും സുഫലവുമാക്കി തീർക്കാൻ 'കുന്നമ്മൽ തോട് സുജലം സുഫലം' പദ്ധതി നടപ്പിലാക്കാൻ പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചു. സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ വി. വിജിലേഷ്, സി.പി.സജിത, കൃഷി ഓഫീസർ നിസ ലത്തീഫ് എന്നിവരുടെ നേതൃത്വത്തിലുള്ള 17 അംഗ പഠനസംഘം തോടിന്റെ അതിർത്തിയായ ചേലക്കാട് മാണിക്കോത്ത് താഴെ മുതൽ തോടിന്റെ തലക്കുളമായ വട്ടോളി ശിവക്ഷേത്രകുളം വരെ 4 കിലോമീറ്റർ ദൂരം സഞ്ചരിച്ച് തോടിന്റെ നിലവിലുള്ള അവസ്ഥ കൃത്യമായി മനസ്സിലാക്കി അടിയന്തരമായി ചെയ്യേണ്ട പ്രവൃത്തികളെകുറിച്ചുള്ള റിപ്പോർട്ട് ഭരണസമിതിക്ക് കൈമാറി. ഭരണസമിതി നടപ്പാക്കേണ്ട പ്രവർത്തനങ്ങളുടെ വിശദമായ പ്ലാൻ തയ്യാറാക്കി.

ജനപ്രതിനിധികൾ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, തൊഴിലുറപ്പ് ഉദ്യോഗസ്ഥർ, ക്ലബ്-വായനശാല പ്രതിനിധികൾ എന്നിവരുടെ യോഗം വിളിച്ചുചേർത്തു. യോഗത്തിൽ തോടിന്റെ നിലവിലുള്ള അവസ്ഥയും നിലവിൽ അടിയന്തരമായി ചെയ്യേണ്ട പ്രവർത്തനങ്ങളെ കുറിച്ചും പഞ്ചായത്ത് ആസൂത്രണ സമിതി വൈസ് ചെയർമാൻ എം.കെ.സന്തോഷ് വിശദീകരിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും കുന്നമ്മൽ കൃഷി ഓഫീസർ കൺവീനറുമായി പഞ്ചായത്തുതല കമ്മറ്റി രൂപീകരിച്ചു.

തോടിനെ ഒരു കിലോമീറ്റർ ദൂരം കണക്കാക്കി 4 ഭാഗങ്ങളായി തിരിച്ചു. 4 ഭാഗങ്ങളിലും വിപുലമായ നാട്ടുകൂട്ടം വിളിച്ചു ചേർത്തു. ആയിരത്തോളം പേർ പങ്കെടുത്തു. നാട്ടുകൂട്ടത്തിൽ വെച്ച് സ്ഥിരം തോട് സംരക്ഷണ സമിതി രൂപീകരിച്ചു. കൂടാതെ ഭക്ഷണം തയ്യാറാക്കാൻ കമ്മിറ്റിയും സംഘാടക സമിതിയും രൂപീകരിച്ചു. സംഘാടക കമ്മറ്റി തോടിനെ വീണ്ടും 4 - 5 ഭാഗങ്ങളായി തിരിച്ചു. ഓരോ പ്രദേശത്തും ചെയ്യേണ്ട പ്രവൃത്തിയും അതിൽ പങ്കെടുക്കേണ്ട ആളുകളുടെ എണ്ണവും തീരുമാനിച്ചു.

കുടുംബശ്രീയുടെയും തൊഴിലുറപ്പ് തൊഴിലാളികളുടെയും പ്രത്യേകം യോഗം ചേർന്നു. പ്രത്യേക ഗ്രാമസഭ വിളിച്ചു ചേർത്തു. നിരവധി പ്രാദേശിക യോഗങ്ങൾ ചേർന്നു. ജലത്തിന്റെ പ്രാധാന്യത്തെകുറിച്ച് ഇരുപതോളം ബോധവല്കരണ ക്ലാസുകൾ നടത്തി. മാർച്ച് 19ന് തോടിന്റെറ കരയിലൂടെ ജലസംരക്ഷണ സന്ദേശ

**നാടിന്റെ പച്ചപ്പും മണ്ണിന്റെ നന്മയും ജലത്തിന്റെ ശുദ്ധിയും പരിസരത്തിന്റെ വൃത്തിയും വീണ്ടെടുക്കാനുള്ള ഒരു മഹായജ്ഞത്തിനാണ് സുജലം-സുഫലം പദ്ധതിയിലൂടെ പഞ്ചായത്ത് തുടക്കം കുറിച്ചത്**



യാത്ര നടത്തി. മാർച്ച് 21ന് മാലിന്യങ്ങൾ ശേഖരിച്ചു. അതാത് പ്രദേശത്ത് നിന്ന് ലഭിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ വൃത്തിയാക്കിയതിനു ശേഷം ചാക്കിലാക്കി സൂക്ഷിച്ചു. ഇത് റീസൈക്ലിംഗ് കേന്ദ്രത്തിലേക്ക് അയയ്ക്കും. മാർച്ച് 22ന് രാവിലെ കൃത്യം 8.30 ന് പഞ്ചായത്തിന്റെ അതിർത്തികളിൽ നിന്ന് 7,8 കിലോമീറ്റർ ദൂരത്തുനിന്നും വാഹനങ്ങളിൽ 3000 സന്നദ്ധ പ്രവർത്തകർ തോടിന്റെ 4 കിലോമീറ്റർ നീളത്തിൽ പഞ്ചായത്ത് നിർണ്ണയിച്ചു നൽകിയ ഇരുകരകളിലുമായി തൊഴിലുപകരണങ്ങളോടെ അണിനിരന്ന കാഴ്ച പഞ്ചായത്തിന്റെ ചരിത്രത്തിൽ തങ്കലിപികളാൽ എഴുതിവെയ്ക്കേണ്ട ഒന്നായി മാറി.

നാദാപുരം DYSP വി.കെ.രാജു ഫ്ലാഗ് ഓഫ് ചെയ്ത് ശുചീകരണത്തിന് തുടക്കംകുറിച്ചു. പ്രസിഡന്റ് കെ.ടി.രാജൻ അദ്ധ്യക്ഷത വഹിച്ചു. മുൻ എം.എൽ.എ കെ.കെ.ലതിക, മുൻ നാദാപുരം പഞ്ചായത്ത് പ്രസിഡന്റ് സൂപ്പി നരിക്കാട്ടേരി തുടങ്ങിയ രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക രംഗത്തെ പ്രമുഖർ പരിപാടിയിൽ സന്നിഹിതരായി. തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ, ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, യുവജന സംഘടനാ പ്രവർത്തകർ, ക്ലബ്-വായനശാലാ പ്രവർത്തകർ തുടങ്ങി സമൂഹത്തിലെ നാനാ വിഭാഗത്തിൽപെട്ട മുഴുവൻ ജനങ്ങളെയും അണിനിരത്തിയും JCB ഉപയോഗിച്ചും ചെളിയും മണ്ണും നീക്കം ചെയ്ത് തോടിനെ ശുദ്ധിയുള്ളതാക്കി മാറ്റാൻ പഞ്ചായത്തിന് കഴിഞ്ഞു. തോടിൽ നിന്നും ഒരു ടോറസ് ലോറി നിറയെ പ്ലാസ്റ്റിക് മാലിന്യങ്ങളും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്തു.

കുറ്റ്യാടി പോലീസ് സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥർ, കക്കട്ട് സബ് സ്റ്റേഷനിലെ KSEB ഉദ്യോഗസ്ഥർ, കുന്നുമ്മൽ ആരോഗ്യ കേന്ദ്രത്തിലെ ആശാ വർക്കർമാർ ഉൾപ്പെടെയുള്ള ആരോഗ്യ പ്രവർത്തകർ, നാദാപുരം ചേലക്കാട് ഫയർസ്റ്റേഷനിലെ ഉദ്യോഗസ്ഥർ, എക്സൈസ് വകുപ്പിലെ ജീവനക്കാർ തുടങ്ങിയവർ തോടിലിറങ്ങി സജീവമായി ശുചീകരണ പ്രവൃത്തിയിലേർപ്പെട്ടത് നാട്ടുകാർക്ക് വലിയ ആവേശമുണ്ടാക്കി.



എലിപ്പനി വരാതിരിക്കാൻ മുൻകുട്ടി ഗുളികകൾ സംഘടിപ്പിച്ച് കുടുംബശ്രീ മുഖാന്തരം വിതരണം ചെയ്ത ആരോഗ്യപ്രവർത്തകരുടെ ജാഗ്രതാപൂർണ്ണമായ പ്രവർത്തനം വലിയ അഭിനന്ദനം അർഹിക്കുന്നതാണ്. തോടിന്റെ നാല് ഭാഗങ്ങളിലുമായി അപകടം സംഭവിച്ചാൽ പ്രാഥമിക ചികിത്സ ലഭ്യമാക്കുന്നതിനായി ആരോഗ്യ പ്രവർത്തകർ മരുന്നും വാഹനങ്ങളു



മായി അണിനിരന്നിരുന്നു.

3000 ജനങ്ങളാണ് തോട് ശുചീകരണ പ്രവർത്തനത്തിൽ ഏർപ്പെട്ടത്. 15 ലക്ഷം രൂപയുടെ മനുഷ്യാധ്വാനമാണ് ലോക ജലദിനമായ മാർച്ച് 22ന് ജനങ്ങൾ രാഷ്ട്രത്തിന് സമർപ്പിച്ചത്. നമ്മുടെ സ്വാഭാവിക ജലസ്രോതസ്സുകൾ അവഗണിക്കപ്പെടേണ്ടതല്ലെന്ന തിരിച്ചറിവ് ജനങ്ങളിലുണ്ടാക്കി എന്നിത് വ്യക്തമാക്കി. കക്ഷി രാഷ്ട്രീയത്തിനും ജാതിമതത്തിനും അതീതമായി നാടിന്റെ നന്മയ്ക്കുവേണ്ടി തോട് ശുചീകരണ ത്തിലൂടെ വലിയ ജനകീയ കൂട്ടായ്മ ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞു എന്നത് ഭരണസമിതിയെ സംബന്ധിച്ചിടത്തോളം ഏറെ ചാരിതാർത്ഥ്യമുള്ള കാര്യമാണ്.

കിണറുകളിലും കുളങ്ങളിലും തോടുകളിലും നിന്നും മാലിന്യം നീക്കം ചെയ്ത് ശുദ്ധമായ ജലലഭ്യത ഉറപ്പുവരുത്തുന്ന പ്രവർത്തനത്തിനാണ് ഹരിത കേരളം മിഷന്റെ ഉപമിഷന്റെ നേതൃത്വത്തിൽ പഞ്ചായത്ത് നടപ്പാക്കുന്നത്. നാടിന്റെ പച്ചപ്പും മണ്ണിന്റെ നന്മയും ജലത്തിന്റെ ശുദ്ധിയും പരിസരത്തിന്റെ വൃത്തിയും വീണ്ടെടുക്കാനുള്ള ഒരു മഹായജ്ഞത്തിനാണ് സുജലം-സുഫലം പദ്ധതിയിലൂടെ പഞ്ചായത്ത് തുടക്കം കുറിച്ചത്. വരും വർഷം ഓരോ പ്രദേശത്തിനും അനുയോജ്യമായ രീതിയിൽ മുഴുവൻ ജനങ്ങളെയും അണിനിരത്തി മഴവെള്ള കൊയ്ത്ത് സംഘടിപ്പിച്ച് ജലസമ്പത്ത് സംരക്ഷിക്കാനുള്ള ഊർജിതമായ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് നേതൃത്വം നൽകും.

**3000 ജനങ്ങളാണ് തോട് ശുചീകരണ പ്രവർത്തനത്തിൽ ഏർപ്പെട്ടത്. 15 ലക്ഷം രൂപയുടെ മനുഷ്യാധ്വാനമാണ് ലോക ജലദിനമായ മാർച്ച് 22ന് ജനങ്ങൾ രാഷ്ട്രത്തിന് സമർപ്പിച്ചത്. നമ്മുടെ സ്വാഭാവിക ജലസ്രോതസ്സുകൾ അവഗണിക്കപ്പെടേണ്ടതല്ലെന്ന തിരിച്ചറിവ് ജനങ്ങളിലുണ്ടാക്കി എന്നിത് വ്യക്തമാക്കി.**

*ലേഖകൻ കുന്നുമ്മൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്.*



# മാമ്പഴമല്ല, ഇത് പഴുപ്പിച്ച പച്ചമാങ്ങ

**ഡോ. വട്ടവിള വിജയകുമാർ**

> ശാസ്ത്രം വളർന്നതിന്റെ ഒരു ദുരന്തവശമാണ് മാമ്പഴക്കച്ചവടത്തിലൂടെ നാമിന്ന് അനുഭവിക്കുന്നത്. നാടൻ മാവുകൾ കൊണ്ട് സമ്പന്നമായ നാട്ടിൻപുറം ഇന്ന് കച്ചവടക്കണ്ണുകളുടെ പിടിയിലാണ്.

പഴങ്ങളിൽ രാജാവ് മാമ്പഴം തന്നെ. പക്ഷെ ഇന്നലെയുടെ സുഖം മാമ്പഴം കഴിക്കുമ്പോൾ ഇന്ന് കിട്ടുന്നുണ്ടോ? ഇല്ലെന്ന് നിസംശയം പറയാം. കാരണം മൂപ്പെത്തിയ മാങ്ങ പറിച്ച് കച്ചിത്തുരുമ്പുകൾകൊണ്ട് മൂടി പഴപ്പിച്ചെടുത്ത് കടിച്ചു വലിച്ച ആ നല്ല ഇന്നലെകളെ വെറും ഓർമ്മയാക്കി പഴപ്പിച്ച പച്ച മാങ്ങ തിന്നാൻ നമ്മൾ നിർബന്ധിതരായിരിക്കുകയാണ്. ഇന്ന് കല്ലെറിഞ്ഞുവീഴ്ത്താൻ ഒരു മാവിലും മൂപ്പെത്തിയ മാങ്ങകളില്ല. എല്ലാം കച്ചവടക്കാർ കൈക്കലാക്കിക്കഴിഞ്ഞു. കണ്ണിമാങ്ങകൾ പോലും.

ശാസ്ത്രം വളർന്നതിന്റെ ഒരു ദുരന്തവശമാണ് മാമ്പഴക്കച്ചവടത്തിലൂടെ നാമിന്ന് അനുഭവിക്കുന്നത്. നാടൻ മാവുകൾ കൊണ്ട് സമ്പന്നമായ നാട്ടിൻപുറം ഇന്ന് കച്ചവടക്കണ്ണുകളുടെ പിടിയിലാണ്. പാകമാവും മുമ്പ് പറിച്ചെടുത്ത് രാസപദാർത്ഥങ്ങളുടെ സഹായത്തോടെ പഴപ്പിച്ചെടുത്ത് കച്ചവടം പൊടിപൊടിക്കുമ്പോൾ നമ്മൾ ആവോളം ആസ്വദിച്ചു കഴിച്ചിരുന്ന ഒരു പഴം കൂടി രാസപങ്കിലമായി കഴിഞ്ഞിരിക്കുന്നു.

ഒരു സംശയവും വേണ്ട പഴവർഗ്ഗങ്ങളിൽ കേമനാണ് മാമ്പഴം. ചരിത്രദൃഷ്ടിക്കപ്പുറമുള്ള കാലംമുതൽ മനുഷ്യൻ മാമ്പഴത്തെ ഒരു വിശിഷ്ടഭോജ്യമായാണ് കരുതിപ്പോന്നിട്ടുള്ളത്. പോഷകസമൃദ്ധമാണതിന് കാരണം. ശാരീരികപ്രവർത്തനങ്ങൾ സുഗമമായി നടക്കാനാവശ്യമായ എല്ലാം മതിയായ അളവിൽ മാമ്പഴത്തിലുണ്ട്. അസുഖങ്ങളിൽ സിംഹഭാഗവും ദഹനേന്ദ്രിയ വ്യൂഹവുമായി ബന്ധപ്പെട്ടതാണല്ലോ. ദഹനപ്രക്രിയ സുഗമമായി നടന്നാൽ ഒരാൾ പൂർണമായും ആരോഗ്യവാനായിരിക്കും. അതിനാവശ്യമായ ഒന്നാണ് ഭക്ഷണത്തിലെ നാരുകൾ. . കിടക്കുംമുമ്പ് ഒരു മാമ്പഴം കഴിച്ചുനോക്കൂ. പിറ്റേ ദിവസം സുഖവിരേചനം സാധ്യമാകും. കാരണം മാമ്പഴം നാരുകളാൽ സമ്പന്നമാണ്.

വിറ്റാമിൻ എ കണ്ണിനും കാഴ്ചയ്ക്കും അത്യാവശ്യമാണെന്ന് കുഞ്ഞുന്നാളു മുതൽ പഠിക്കുന്നതാണ്. നൂറുഗ്രാം മാമ്പഴത്തിൽ ഏകദേശം 2743 മൈക്രോഗ്രാം വിറ്റാമിൻ എ ഉണ്ട്. ഒരു സീസണിൽ കഴിക്കുന്ന മാമ്പഴത്തിൽ നിന്നും കിട്ടുന്ന അത്രയും വിറ്റാമിൻ കരളിൽ സംഭരിച്ച് അടുത്ത സീസൺ വരെ ലഭ്യമാക്കി ജീവൽപ്രവർത്തനങ്ങളെ കുറ്റമറ്റതാക്കാൻ കഴിയുന്നു എന്നു പറഞ്ഞാൽ ചില്ലറക്കാര്യമൊന്നുമല്ല.

വിറ്റാമിൻ എ മാത്രമല്ല സിയും മാമ്പഴത്തിൽ ധാരാളമുണ്ട്. അകാലവർധക്യത്തിന് കാരണം ശരീരത്തിൽ ഉല്പാദിപ്പിക്കുന്ന ഫ്രീറാഡിക്കലുകളാണ്. ഇത്തരം രാസപദാർത്ഥങ്ങളെ നിർജീവമാക്കുകവഴി വാർദ്ധക്യത്തിന്റെ ദൃശ്യലക്ഷണങ്ങളിലൊന്നായ തൊലിപ്പുറം ചുളുങ്ങുന്നതിനെ തടഞ്ഞ് യുവത്വം പ്രദാനം ചെയ്യാൻ വിറ്റാമിൻ സിയ്ക്കുള്ള കഴിവ് തെളിയിക്കപ്പെട്ടിട്ടുള്ള വസ്തുതയാണ്. നൂറു ഗ്രാം മാമ്പഴത്തിൽ പതിനാറ് മില്ലിഗ്രാം വിറ്റാമിൻ സി ഉണ്ട്. സോഡിയം കുറവായതിനാൽ ഹൃദ്രോഗികൾക്കു പോലും ഭയലേശമെന്യേ മാമ്പഴം കഴിക്കാം. എന്നാൽ വൃക്ക സംബന്ധമായ പ്രശ്നങ്ങളുള്ളവർ കൂടുതൽ കഴിക്കുന്നത് നല്ലതല്ല. കാരണം പൊട്ടാസ്യം മാമ്പഴത്തിൽ ധാരാളമുണ്ട്. പൊട്ടാസ്യത്തിന്റെ അളവുകൂടുന്നത് വൃക്കകളെ ക്ഷീണിപ്പിക്കും.

രുചിയുടെയും മണത്തിന്റെയും ഗുണത്തിന്റെയും കാര്യത്തിൽ ഏറെ മുന്നിലാണെങ്കിലും വിപണിയിൽ ലഭ്യമാകുന്ന മാമ്പഴം വാങ്ങി കഴിക്കാൻ പലരും മടിക്കുന്നു. പരമ്പരാഗത രീതി മാറി മാങ്ങ പഴപ്പിക്കാൻ ആധുനികകാലം കണ്ടെത്തിയ നൂതനമാർഗമാണ് അതിന് കാരണം. അല്ലെങ്കിൽ തന്നെ പഴപ്പിച്ച പച്ചമാങ്ങ ആർക്കാണിഷ്ടം?

മൂപ്പെത്തിയ മാങ്ങ പറിച്ച് കച്ചിത്തുരുമ്പു കൊണ്ട് പൊതിഞ്ഞ് പഴപ്പിച്ച ആ പഴയകാലമല്ല. ഇത് കാൽസ്യം കാർബൈഡ് ഉപയോഗിച്ച് പച്ചമാങ്ങയെ പഴപ്പിക്കുന്ന കാലം. കണ്ണി മാങ്ങയെപ്പോലും പഴപ്പിക്കുന്ന കാലം!

വെൽഡിങ്ങിന് ഉപയോഗിക്കുന്ന രാസപദാർത്ഥമാണ് കാൽസ്യം കാർബൈഡ്. ചൈന, തായ്‌വാൻ, ദക്ഷിണാഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് വൻതോതിൽ ഇറക്കുമതി ചെയ്യുന്ന താരതമ്യേന വിലകുറഞ്ഞ രാസപദാർത്ഥമാണ്





കാൽസ്യം കാർബൈഡ്. വിവേകശൂന്യമായി സ്ഥാനത്തും അസ്ഥാനത്തും ഈ രാസപദാർത്ഥം ഉപയോഗിക്കുന്നതിന്റെ കാരണവും മറ്റൊന്നല്ല, ഈ വിലക്കുറവു തന്നെയാണ്. അമ്പത് കിലോഗ്രാം മാങ്ങ പഴുപ്പിക്കാൻ വെറും 100 ഗ്രാം കാൽസ്യം കാർബൈഡ് മതിയെന്ന പറയുമ്പോൾ തന്നെ പ്രസ്തുത രാസപദാർത്ഥത്തിന്റെ ശേഷി മനസിലാകും.

പാകമായ മാങ്ങ പഴുക്കുന്നത് സസ്യങ്ങളുൽപാദിപ്പിക്കുന്ന എത്തിലീൻ എന്ന ഫൈറ്റോ ഹോർമോണിന്റെ സഹായത്തോടെയാണ്. എത്തിലീൻ ചെയ്യുന്ന ജോലിയാണ് കാൽസ്യം കാർബൈഡ് ഉപയോഗിച്ച് കച്ചവടക്കാർ ചെയ്യുന്നത്. കാൽസ്യം കാർബൈഡ് അന്തരീക്ഷത്തിലെ ഈർപ്പവുമായി പ്രവർത്തിച്ചുണ്ടാകുന്ന അസെറ്റിലിൻ എന്ന വാതകമാണ് പച്ചമാങ്ങയെ (മൂപ്പെത്താത്തതിനെപോലും ) പഴുപ്പിക്കുന്നത്. എത്തിലീൻ മൂപ്പെത്തിയ മാങ്ങയെ രണ്ടോ മൂന്നോ ദിവസംകൊണ്ട് പഴുപ്പിക്കുമ്പോൾ അസെറ്റിലിൻ മൂപ്പെത്താത്ത ഇളംമാങ്ങകളെപ്പോലും ഒറ്റദിവസം കൊണ്ട് പഴുപ്പിക്കും. ഒപ്പം ആകർഷകമായ നിറവും കൊടുക്കും. അതായത് മൂപ്പെത്താത്ത മാങ്ങ കുറഞ്ഞ വില കൊടുത്ത് വൻതോതിൽ വാങ്ങി കാൽസ്യം കാർബൈഡിന്റെ സഹായത്തോടെ പഴുപ്പിച്ചെടുത്ത് ഉപഭോക്താക്കൾക്ക് വൻവിലയ്ക്ക് വിറ്റ് കച്ചവടക്കാർ ലക്ഷങ്ങൾ കൊയ്യുന്നു. ഉപരിതലമാകെ ഒരേ പോലെ കടുത്ത ഓറഞ്ച്, ഇളം ഓറഞ്ച്, മഞ്ഞ, ഇളം ചുവപ്പ്, അന്തിച്ചുവപ്പ് എന്നിങ്ങനെ നിറങ്ങൾ വ്യാപിച്ചിട്ടുണ്ടെങ്കിൽ സംശയിക്കേണ്ട അത് കാർബൈഡ് മാങ്ങ അഥവാ പഴുപ്പിച്ച പച്ച മാങ്ങ തന്നെയായിരിക്കും.

കാൽസ്യം കാർബൈഡ് അത്യധികം പ്രവർത്തനശേഷിയുള്ള രാസവസ്തുവാണ്. അത് ഈർപ്പവുമായി പ്രവർത്തിച്ചുണ്ടാകുന്ന വാതകം അതായത് അസെറ്റിലിൻ ശ്വസിക്കാനിടയായാൽ ശ്വാസംമുട്ടലുണ്ടാകുന്നതിനൊപ്പം ശ്വാസകോശങ്ങൾക്കും അനുബന്ധഭാഗങ്ങൾക്കും ഗുരുതരമായ കേടുണ്ടാക്കുമെന്ന് പഠനങ്ങൾ പറയുന്നു. കൂടുതൽ നേരം ശ്വസിക്കാനിടയായാൽ ബോധക്ഷയംവരെ സംഭവിച്ചേക്കാമെന്നും റിപ്പോർട്ടുകളുണ്ട്. മാത്രമല്ല ചുമ, കണ്ണുനീറ്റൽ, വായ തൊണ്ട, മൂക്ക് എന്നിവിടങ്ങളിൽ വ്രണമുണ്ടാകാനും സാധ്യതയേറെയാണ്. കാൽസ്യം കാർബൈഡ് തൊലിപ്പുറത്ത് പുരണ്ടാൽ (പ്രത്യേകിച്ച് നനഞ്ഞ തൊലിയിൽ) വ്രണമുണ്ടാകും. ഇങ്ങനെയുണ്ടാകുന്ന മുറിവുകൾക്ക് 1 - 5 മില്ലിമീറ്റർ വരെ ആഴമുണ്ടാകും.

പഴുപ്പിക്കാനുപയോഗിക്കുന്ന കാൽസ്യം കാർബൈഡിൽ ഫോസ്ഫേറ്റോ ആഴ്സനെറ്റോ അടങ്ങിയിട്ടുണ്ടെങ്കിൽ അത് അന്തരീക്ഷത്തിലെ ഈർപ്പവുമായി പ്രവർത്തിച്ചുണ്ടാകുന്ന വാതകങ്ങൾ അത്യന്തം മാരകമാണ്. പ്രസ്തുത രാസപദാർത്ഥത്താൽ പങ്കിലമായ മാമ്പഴം കഴിച്ചാൽ ഛർദ്ദി, അതിസാരം (രക്തത്തോടെ), വയറ്റിലും നെഞ്ചിലും എരിച്ചിൽ, ഉദരവേദന, പേശീവേദന, അമിതദാഹം, സംസാരിക്കാനുള്ള ബുദ്ധിമുട്ട് മുതലായവ ഉണ്ടാകുമെന്ന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെയും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്തിലെയും (യുഎസ്എ) ഗവേഷണങ്ങൾ വെളിപ്പെടുത്തുന്നു. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ, കാൽസ്യം കാർബൈഡ് മാങ്ങകളിൽ പ്രയോഗിക്കുന്നത് നിരോധിച്ചിട്ടുണ്ട്. മാത്രമല്ല, പ്രസ്തുത രാസപദാർത്ഥമുപയോഗിച്ച് പഴുപ്പിച്ച പഴങ്ങൾ വിൽക്കുന്നതിനും നിരോധനമുണ്ട്.

കാൽസ്യം കാർബൈഡ് വിതറിയോ വെള്ളത്തിൽ അലിയിച്ച് തളിച്ചോ ആണ് വ്യാവസായികാടിസ്ഥാനത്തിൽ മാങ്ങ പഴുപ്പിക്കുന്നത്. കൃത്രിമമായി പഴുപ്പിച്ചെടുക്കുന്ന മാമ്പഴത്തിന് പരമ്പരാഗതമായ രീതിയിൽ പഴുപ്പിച്ചെടുക്കുന്ന മാമ്പഴത്തിന്റെ സ്വാദോ ഗുണമോ ഉണ്ടാകില്ല. ശരീരത്തിന് പഴവർഗ്ഗങ്ങൾ നല്ലതാണ്. അത്യാവശ്യവുമാണ്. പക്ഷെ ഇന്ന് വിപണിയിൽ ലഭ്യമാകുന്ന പഴങ്ങളൊന്നും തന്നെ മായരഹിതമല്ല. മായം ചേർക്കുന്നത് വലിയകുറ്റമാണ്. നിയമം ലംഘിച്ചാൽ അതിനുള്ള ശിക്ഷയും വളരെ വലുതാണ്. ചില കച്ചവടക്കാർ ഉപഭോക്താക്കളെ വഞ്ചിച്ചുകൊണ്ടിരിക്കുന്നു. ഇനിയും അത് തുടരുക തന്നെ ചെയ്യും. അവർക്ക് ലക്ഷ്യം കൊള്ളലാഭം. ഉപഭോക്താവിന്റെ ആരോഗ്യം അവരുടെ വിഷയമല്ലല്ലോ.

**ഉപരിതലമാകെ ഒരേ പോലെ കടുത്ത ഓറഞ്ച്, ഇളം ഓറഞ്ച്, മഞ്ഞ, ഇളം ചുവപ്പ്, അന്തിച്ചുവപ്പ് എന്നിങ്ങനെ നിറങ്ങൾ വ്യാപിച്ചിട്ടുണ്ടെങ്കിൽ സംശയിക്കേണ്ട അത് കാർബൈഡ് മാങ്ങ അഥവാ പഴുപ്പിച്ച പച്ച മാങ്ങ തന്നെയായിരിക്കും**

*(ലേഖകൻ നിലമേൽ എൻ.എസ്.എസ്. കോളേജിൽ സുവോളജി വിഭാഗം അസി. പ്രൊഫസറാണ് Mobile 9447342497)*



# തിരുവനന്തപുരത്ത് പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ബ്രാൻഡ് ഓഡിറ്റ്

തിരുവനന്തപുരം നഗരസഭയിലെ ഗ്രീൻ ആർമിയുടെ നേതൃത്വത്തിൽ നടത്തിയ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ബ്രാൻഡ് ഓഡിറ്റിന്റെ റിപ്പോർട്ട് മേയർക്ക് കൈമാറി. നഗരസഭ മെയിൻ ഓഫീസിൽ നടന്ന ചടങ്ങിൽ ഗ്രീൻ ആർമി പ്രവർത്തകരാണ് റിപ്പോർട്ട് കൈമാറിയത്. പ്ലാസ്റ്റിക് മാലിന്യങ്ങളിലെ ഓരോ ബ്രാൻഡിന്റെയും വിഹിതം കണ്ടുപിടിക്കുന്നതിനായുള്ള ശാസ്ത്രീയ മാർഗ്ഗമാണ് ബ്രാൻഡ് ഓഡിറ്റ്. GAIA (Global Alliance for Incinerator Alternatives) എന്ന അന്താരാഷ്ട്ര സംഘടനയുടെ നേതൃത്വത്തിൽ നടന്ന ഗ്ലോബൽ ബ്രാൻഡ് ഓഡിറ്റിന്റെ ഭാഗമായാണ് ഗ്രീൻ ആർമി തിരുവനന്തപുരത്ത് ബ്രാൻഡ് ഓഡിറ്റ് സംഘടിപ്പിച്ചത്. കേരളത്തിൽ ആദ്യമായി നടന്ന ബ്രാൻഡ് ഓഡിറ്റ് ഇന്ത്യയിൽ ഇതുവരെ നടന്ന ബ്രാൻഡ് ഓഡിറ്റുകളിൽ ഏറ്റവും ബൃഹത്തായിരുന്നു. ബ്രാൻഡ് ഓഡിറ്റ് പ്രകാരം നഗരത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന പ്ലാസ്റ്റിക് മാലിന്യത്തിന്റെ 50% വും ഉല്പാദിപ്പിക്കുന്നത് 6 ബ്രാൻഡുകളാണ്. ബ്രാൻഡ് ഓഡിറ്റിൽ ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്തതിൽ തിരുവനന്തപുരം നഗരത്തിലെ വീടുകളിൽ പ്രതിമാസം 1.4 കിലോ പ്ലാസ്റ്റിക് മാലിന്യം ഉല്പാദിപ്പിക്കപ്പെടുന്നതായി കണക്കാക്കുന്നു. ബ്രാൻഡ് ഓഡിറ്റ് റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം നഗരത്തിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉല്പാദിപ്പിക്കുന്ന 10 പ്രധാന ബ്രാൻഡുകൾ- മിൽമ, പെപ്സികോ, ഡെയ്‌ലി ഫ്രഷ്, ഹിന്ദുസ്ഥാൻ യൂണിലിവർ, കെലോഗ്സ് ഇന്ത്യ, റെക്കിറ്റ് ബെൻകീസർ, കർണാടക കോ-ഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസർ, കോൾഗേറ്റ് പാമോലീവ്, ബാബ ഇൻഡസ്ട്രീസ്, ഐ.റ്റി.സി എന്നിവയാണ്. നഗരത്തിലെ തെരഞ്ഞെടുത്ത 135 വീടുകളിൽ നിന്നുള്ള ഒരു മാസത്തെ പ്ലാസ്റ്റിക് മാലിന്യം 2018 മെയ് 25 ന് വഴുതയ്ക്കാട് ശിശുവിഹാർ യു.പി.എസ്- ൽ വെച്ചാണ് ബ്രാൻഡ് ഓഡിറ്റിംഗിന് വിധേയമാക്കിയത്. പ്രത്യേക പരിശീലനം നല്കിയ 80 ഗ്രീൻ ആർമി വോളന്റിയർമാരാണ് ബ്രാൻഡ് ഓഡിറ്റിൽ പങ്കെടുത്തത്.



2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരമുള്ള EPR (Extended Producer Responsibility) നടപ്പാക്കുന്നതിനുള്ള അടിസ്ഥാനരേഖയായി ബ്രാൻഡ് ഓഡിറ്റ് റിപ്പോർട്ട് കണക്കാക്കണമെന്നും ബ്രാൻഡ് ഓഡിറ്റിൽ കണ്ടെത്തിയ 20 പ്രധാന ബ്രാൻഡുകളുടെ ഉടമകളുമായി പ്രാഥമികമായി ചർച്ച നടത്തണമെന്നും ഗ്രീൻ ആർമി ശുപാർശ ചെയ്തു. പാൽ, പാലുല്പന്നങ്ങൾ എന്നിവയാണ് പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉണ്ടാക്കുന്ന പ്രധാന ബ്രാൻഡുകൾ എന്നതിനാൽ മിൽക്ക് ATM കൾ നഗരത്തിൽ സ്ഥാപിക്കുന്നതിന്റെ സാധ്യത ആരായണമെന്നും റിപ്പോർട്ടിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് വിശദമായി പഠിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുമെന്ന് മേയർ അഡ്വ.വി.കെ. പ്രശാന്ത് അറിയിച്ചു. മറ്റ് കോർപ്പറേഷനുകളിലെ മേയർമാരുമായും സംസ്ഥാന സർക്കാരുമായും ഇത് സംബന്ധിച്ച ചർച്ചകൾ നടത്തിയായിരിക്കും തുടർ നടപടികൾ സ്വീകരിക്കുക.

## കേരളത്തിലെ തദ്ദേശസ്വ



കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മികച്ചതാണെന്ന് പതിനഞ്ചാം ധനകാര്യ കമ്മീഷൻ അഭിപ്രായപ്പെട്ടു. തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികളുടെ സംഘടനാ നേതാക്കളുമായും ഉദ്യോഗസ്ഥരുമായും തിരുവനന്തപുരം ഗസ്റ്റ് ഹൗസിൽ കൂടിക്കാഴ്ച നടത്തുകയായിരുന്ന എൻ.കെ. സിംഗിന്റെ അധ്യക്ഷതയിലുള്ള കമ്മീഷൻ. ഇവിടത്തെ തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. സംസ്ഥാന സർക്കാരും തദ്ദേശസ്ഥാപനങ്ങളും തമ്മിലുള്ള ബന്ധവും കേരളത്തിൽ ഊഷ്മളമാണ്. ഇതും നല്ല മാതൃകയാണെന്ന് കമ്മീഷൻ പറഞ്ഞു.

## പെരുവന്താന
## മന്ത്രി ഓൺലൈനില

പെരുവന്താനം ഗ്രാമപഞ്ചായത്ത് 2-ാം വാർഡ് ഗ്രാമസഭയുടെ ഉദ്ഘാടനം സംസ്ഥാനചരിത്രത്തിലാദ്യമായി ഓൺലൈൻ സംവിധാനത്തിലൂടെ തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി ഡോ.കെ.ടി. ജലീൽ നിർവ്വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് കെ.റ്റി. ബിനു അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ രണ്ടാംവാർഡ് മെമ്പർ പി.വൈ. നിസ്സാർ സ്വാഗതം പറഞ്ഞു. എല്ലാ ഗ്രാമസഭകളിലും ഇത്തരത്തിൽ ഓൺലൈൻ സംവിധാനം നടപ്പിലാക്കാവുന്നതാണെന്നു പറഞ്ഞ മന്ത്രി ഓൺലൈൻ ഗ്രാമസഭ നടത്തിയ പെരുവന്താനം പഞ്ചായത്തിനെ അഭിനന്ദിക്കു



## യംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മികച്ചത്: ധനകാര്യ കമ്മീഷൻ



*കേരളത്തിലെത്തിയ പതിനഞ്ചാം ധനകാര്യ കമ്മീഷൻ അംഗങ്ങളെ ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക് സ്വീകരിച്ച് ആനയിക്കുന്നു.*

കേരളത്തിലെ തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തന രീതികളെക്കുറിച്ചും സംസ്ഥാന സർക്കാരിന്റെ നാല് മിഷനുകളെക്കുറിച്ചും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ടി.കെ. ജോസ് വിശദീകരിച്ചു. സംസ്ഥാനത്തിന്റെ അഞ്ചാമത് ധന കമ്മീഷനെക്കുറിച്ചുള്ള വിശദാംശങ്ങൾ ചോദിച്ചറിഞ്ഞു. സംസ്ഥാനം മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾ ഗൗരവത്തോടെ പരിഗണിക്കുമെന്ന് ചെയർമാൻ എൻ.കെ. സിംഗ് പറഞ്ഞു. മേയേഴ്സ് കൗൺസിലിനെ പ്രതിനിധീകരിച്ച് തിരുവനന്തപുരം മേയർ വി. കെ. പ്രശാന്ത്, ഡെപ്യൂട്ടി മേയർ രാഖി രവികുമാർ, ജില്ല പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബറിനെ പ്രതിനിധീകരിച്ച് തിരുവനന്തപുരം ജില്ല പഞ്ചായത്ത് പ്രസിഡന്റ് വി. കെ. മധു, നഗരസഭാ അധ്യക്ഷരെ പ്രതിനിധീകരിച്ച് നെയ്യാറ്റിൻകര നഗരസഭാധ്യക്ഷ ഡബ്ല്യു. ആർ. ഹീബ,ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷനെ പ്രതിനിധീകരിച്ച് ആർ. സുഭാഷ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് അഡ്വ. തുളസിഭായ് പത്മനാഭൻ എന്നിവർ കമ്മീഷന് മുന്നിൽ വിവിധ ആവശ്യങ്ങൾ അവതരിപ്പിച്ചു.

കമ്മീഷൻ അംഗങ്ങളായ ശക്തികാന്ത ദാസ്, ഡോ. അനൂപ് സിങ്, ഡോ. അശോക് ലാഹ്രി, ഡോ. രമേശ് ചന്ദ്, സെക്രട്ടറി അരവിന്ദ് മേത്ത, മറ്റ് ഉദ്യോഗസ്ഥർ എന്നിവർ അധ്യക്ഷനൊപ്പം ഉണ്ടായിരുന്നു. ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി മനോജ് ജോഷി, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ, തദ്ദേശസ്വയംഭരണ ഡെപ്യൂട്ടി സെക്രട്ടറി ദിവ്യ എസ്. അയ്യർ തുടങ്ങിയവരും സന്നിഹിതരായിരുന്നു.

## ത്ത് ഗ്രാമസഭ
## ൂടെ ഉദ്ഘാടനം ചെയ്തു

കയും ചെയ്തു. കൂടാതെ സ്വാതന്ത്ര്യസമര സേനാനി വി.എൻ. കൃഷ്ണൻ നായരെ ആദരിക്കുകയും എസ്.എസ്.എൽ.സി,+2 പരീക്ഷകളിൽ ഉന്നത വിജയം വരിച്ച കുട്ടികളെ അനുമോദിക്കുകയും ചെയ്തു. ഗ്രാമസഭയോടനു ബന്ധിച്ച് രക്തനിർണ്ണയ ക്യാമ്പും രക്തദാനസേനാ രൂപീകരണവും നടന്നു.

ഗ്രാമസഭ നടത്തിപ്പിന് ആവശ്യമായ നിർദ്ദേശങ്ങളും സാങ്കേതിക സഹായങ്ങളും നൽകിയ ജീവനക്കാരായ ബിനു എം. കോശി, ബോണി ആർ മണി, ടെക്നിക്കൽ അസിസ്റ്റന്റ് ജിനോകൃഷ്ണൻ എന്നിവരും ഗ്രാമസഭയിൽ പങ്കെടുത്തു.



## ആരോഗ്യകേരളം പുരസ്കാരം പ്രഖ്യാപിച്ചു

ആരോഗ്യരംഗത്ത് മാതൃകാപദ്ധതി പ്രവർത്തനങ്ങൾ നടത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള 2016-17 ലെ ആരോഗ്യ കേരളം പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. കൊല്ലം ജില്ല പഞ്ചായത്തിന് ഒന്നാം സ്ഥാനവും കാസർകോട് ജില്ല പഞ്ചായത്തിന് രണ്ടാം സ്ഥാനവും ലഭിച്ചു. ഒന്നാം സ്ഥാനത്തിന് പത്തു ലക്ഷം രൂപയും രണ്ടാം സ്ഥാനത്തിന് അഞ്ചു ലക്ഷം രൂപയുമാണ് സമ്മാനം.

നഗരസഭകളിൽ ചാലക്കുടിക്ക് ഒന്നാം സമ്മാനവും (പത്തു ലക്ഷം), ഹരിപ്പാടിന് രണ്ടാം സമ്മാനവും (അഞ്ചു ലക്ഷം), വളാഞ്ചേരിക്ക് മൂന്നാം സമ്മാനവും (മൂന്നു ലക്ഷം) ലഭിച്ചു. ബ്ലോക്ക് പഞ്ചായത്തുകളിൽ ഒന്നാം സ്ഥാനം ചിറയിൻകീഴിനും (10 ലക്ഷം) രണ്ടാം സ്ഥാനം നീലേശ്വരത്തിനും (5 ലക്ഷം) മൂന്നാം സ്ഥാനം ചിറ്റുമലയ്ക്കുമാണ്(3 ലക്ഷം). ഗ്രാമപഞ്ചായത്തുകളിൽ ഒന്നാം സ്ഥാനം ഇടുക്കിയിലെ കുടയത്തൂരിനും (10 ലക്ഷം) രണ്ടാം സ്ഥാനം കിളിമാനൂരിനും(7 ലക്ഷം) മൂന്നാം സ്ഥാനം ഇടുക്കിയിലെ മുട്ടം പഞ്ചായത്തിനുമാണ് (6 ലക്ഷം). ജില്ലാതലത്തിൽ വിജയികളായ ഗ്രാമപഞ്ചായത്തുകളെയും പ്രഖ്യാപിച്ചു. ജില്ല, ആദ്യ മൂന്നു സ്ഥാനക്കാർ എന്ന ക്രമത്തിൽ:

തിരുവനന്തപുരം: പൂവ്വാർ, കൊല്ലയിൽ, കരവാരം.

കൊല്ലം: ക്ലാപ്പന, ചാത്തന്നൂർ, പന്മന

പത്തനംതിട്ട: ഏനാദിമംഗലം, മലയാലപ്പുഴ, വള്ളിക്കോട്

ആലപ്പുഴ: മുഹമ്മ, വള്ളിക്കുന്നം, കണ്ടല്ലൂർ

കോട്ടയം: മുത്തോലി, മറവൻതുരുത്ത്, മീനടം

ഇടുക്കി: ആലക്കോട്, അറക്കുളം, ഇടവെട്ടി

എറണാകുളം: മുളന്തുരുത്തി, മണീട്, മാറാടി

തൃശ്ശൂർ: കൊടകര, വടക്കേക്കാട്, കയ്പമംഗലം

പാലക്കാട്: പുതുക്കോട്, ചാലിശ്ശേരി, അനങ്ങനടി

മലപ്പുറം: ആനക്കയം, എടക്കര, ഊർങ്ങാട്ടിരി

കോഴിക്കോട്: നരിക്കുനി, മേപ്പയ്യൂർ, ഏറാമല

വയനാട്: മീനങ്ങാടി, പൂതാടി, മൂപ്പൈനാട്

കണ്ണൂർ: കാങ്കോൽ ആലപ്പടമ്പ, അഞ്ചരക്കണ്ടി, ഇരിക്കൂർ

കാസർഗോഡ്: ചെറുവത്തൂർ, കിനാനൂർ കരിന്തളം, മടിക്കൈ

## ...എന്ന് വായനക്കാർ

### ലഹരിമുക്തമാകണം

പുകയില ഉപയോഗം കൗമാരക്കാരെ പോലും പിടികൂടുന്ന സാമൂഹ്യവ്യവസ്ഥയാണ് ഇന്നത്തേത്. പുകവലി മാത്രമല്ല മസ്തിഷ്ക ത്തെ മയക്കുന്ന പൊടി രൂപത്തിലുള്ള വിവിധ മയക്കുമരുന്നുകളും മുതിർന്നവരുടെയും കൗമാര ക്കാരുടെയും ശാരീരിക-മാനസിക ആരോഗ്യ ത്തെയും സൗഖ്യത്തെയും തകർത്തുകൊണ്ടിരി ക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പുകയിലവർജ്ജന നടപടികളിൽ നല്ല പങ്കു വഹി ക്കാൻ കഴിയും. അതിനുള്ള പ്രേരകമാകട്ടെ മെയ് ലക്കത്തിൽ വന്ന പുകയിലവിരുദ്ധ ലേഖനം.

ശ്രീദേവി സുബ്രഹ്മണ്യൻ, തിരുനക്കര

### ഉത്തമമാതൃക

ജനകീയ സർക്കാർ ഉത്തമമാതൃകയായി ഉയർന്ന രണ്ട് വർഷങ്ങളാണ് കടന്നുപോയത്. ഏതൊരു നാട്ടിലെയും ജനജീവിതനിലവാര ത്തെ ഗുണപരമായി മാറ്റുന്ന പ്രധാനപ്പെട്ട നാല് മേഖലകളിലും മിഷൻ രൂപീകരിച്ച് പ്രവർത്ത നമാരംഭിച്ചപ്പോൾ തന്നെ പകുതി പൂർത്തീകരി ച്ചതിനു തുല്യമായ നല്ല തുടക്കമായി. ആരോഗ്യ മേഖലയിലെ അനാരോഗ്യസ്ഥിതി മാറ്റിമറിക്കു ന്നതിലും വിദ്യാർത്ഥിസൗഹൃദപരമായി സ്കൂൾ നിലവാരം ഉയർത്തുന്നതിലും സാധാരണക്കാര ന്റെ പാർപ്പിടപ്രശ്നങ്ങൾ പരിഹരിക്കുന്നതി ലും മാലിന്യമുക്തവും ഹരിതനിർഭരവുമായൊരു കേരളം കെട്ടിപ്പടുക്കുന്നതിലും ഈ സർക്കാർ കാണിച്ച കർമ്മധീരതയും പ്രായോഗിക സമീപ നവും അനുകരണീയമാണ്. സർക്കാരിനും സർ ക്കാരിന്റെ പ്രവർത്തനങ്ങളിലേക്ക് വെളിച്ചം വീശിയ പഞ്ചായത്ത് രാജിനും അഭിനന്ദനപ്പൂമഴ.

സുരേന്ദ്രൻ, മതിലകം

### അഭിമാനകരമായി

പഞ്ചായത്ത് രാജ് മാസികയിൽ പ്രവർത്തി ക്കുന്ന രണ്ട് പ്രതിഭകൾ പുരസ്കാരം നേടിയത് മാസികയ്ക്ക് അഭിമാനകരമാണ്. കണ്ണും കാതും പംക്തി വരയ്ക്കുന്ന കാർട്ടൂണിസ്റ്റ് വി.സി. അഭിലാഷ് സംവിധാനം ചെയ്ത "ആളൊരുക്കം" സിനിമയ്ക്ക് സംസ്ഥാന ദേശീയ അംഗീകാരങ്ങൾ നേടാനായി. അതുപോലെ മാസിക ഡിസൈ നിംഗും ലേ ഔട്ടും ചെയ്യുന്ന നാരായണ ഭട്ടതിരി യുടെ മകൻ അപ്പു ഭട്ടതിരിക്കാണ് ചിത്രസംയോ ജനത്തിനുള്ള സംസ്ഥാന പുരസ്കാരം. മാസിക യിലൂടെ ഇവരുടെ പ്രതിഭ ഇനിയും പ്രകാശിക്കട്ടെ.

ഷാജി പി.എസ്, പട്ടം

**കണ്ണും കാതും** — **വീ.സീ.അഭിലാഷ്**






## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |

**പഞ്ചായത്ത്‌രാജ്**

വാർഷിക വരിസംഖ്യ ₹ 120



**PANCHAYAT RAJ (Monthly)** June 2018
Annual Subscription ₹120, Published on 20 June 2018
Posted at Trivandrum RMS on 25th & 26th of every month

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20




Printed & Published by P.Marykutty IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Orange Printers Pvt. Ltd (for GLM), Pulimood, Thiruvananthapuram, Kerala - 695 001 and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: P.Marykutty IAS